www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 33 | 2017 AUG 29 | ₹10

## മൗലികാവകാശവിനിയോഗം മതസ്പർധ വളർത്തലോ?

# രാജ്യസ്നേഹികൾ ഭരണഘടനക്ക് എതിരാകുമോ?

## പെരുന്നാൾ ആഘോഷവും ആരാധനയും

ഹജ്ജും ചില വികല വിശ്വാസങ്ങളും || ഏകദൈവ വിശ്വാസം പരമത നിന്ദയോ?

ഉദുഹിയ്യത്ത് മൃഗത്തിന് ഉണ്ടായിരിക്കേണ്ട നിബന്ധനകൾ || പ്രബോധന വീഥിയിൽ പതറാതെ

## അവതരിപ്പിക്കുന്നു, കൂടുതൽ പുതുമകളോടെ...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...

**തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി**
**പീസ് റേഡിയോ മൊബൈൽ ആപ്പ് വിജയകരമായ 2ാം വർഷത്തിലേക്ക്**



ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio
Tune to reality

Scan QR Code

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio | Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com | radiopeace | peaceradionow | +91 9544795099

നേർപഥം
വാരിക

0033 / 2017 ആഗസ്ത് 26 / 1438 ദുൽകഅദ് 19 / പുസ്തകം 01 / ലക്കം 33



# രാജ്യസ്നേഹികൾ ഭരണഘടനക്ക് എതിരാകുമോ?

സുഫ്‌യാൻ അബ്ദുസ്സലാം / 10

**മുഖമൊഴി**
ആദർശപിതാവിന്റെ പിൻമുറക്കാരാവുക / 05
എഡിറ്റർ

**ക്വുർആൻ പഠനം**
ആദർശനിഷ്ഠയുടെ പ്രഖ്യാപനം / 09
ശമീർ മദീനി

**ബാലപഥം**
നന്നാകാൻ ഒരു വഴി / 18
അബൂ തൻസീൽ

ഒരു കോട്ടിന്റെ കഥ / 19
റാഷിദ ബിൻത് ഉസ്മാൻ

**ചരിത്രപഥം**
പ്രബോധന വീഥിയിൽ പതറാതെ / 20
ഹുസൈൻ സലഫി, ഷാർജ

**ശാന്തിഗേഹം**
സമാധാനം നൽകാത്ത ഭർതൃമാതാവ് / 26
പ്രൊഫ: ഹാരിസ്ബിൻ സലീം

**ലേഖനങ്ങൾ**
പെരുന്നാൾ: ആഘോഷവും ആരാധനയും / 06
ആശിഖ് ഷൗക്കത്ത്

ഹജ്ജും ചില വികല വിശ്വാസങ്ങളും / 13
അബ്ദുൽ മാലിക് സലഫി

മൗലികാവകാശവിനിയോഗം മതസ്പർധ വളർത്തലോ? / 17
ടി.കെ.അശ്റഫ്

ഉദുഹിയ്യത്ത് മൃഗത്തിന് ഉണ്ടായിരിക്കേണ്ട നിബന്ധനകൾ / 28
പി.എൻ. അബ്ദുറഹ്മാൻ

തുല്യതയില്ലാത്ത ത്യാഗത്തിന്റെ കഥ / 31
മെഹബൂബ് മദനി ഒറ്റപ്പാലം

**കാഴ്ച**
മനസ്സുമാറ്റിയ യാത്ര / 27
ഇബ്നു അലി എടത്തനാട്ടുകര

**നമുക്ക് ചുറ്റും**
ഏകദൈവ വിശ്വാസം പരമത നിന്ദയോ? / 34
ഇബ്നു ഹൈദർ

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Managing Editor: Nasir Balusseri I Editor: Usman Palakkazhi
Chief Editor: Anil Primrose I Web Editor: Haseeb Elayur I Design & Layout: Elan Creativo
Cover: Riyas K I mail@nerpatham.com I www.nerpatham.com I 0495 4019437

# പറവൂർ ആക്രമണം:
# സർക്കാർ നീതിപൂർവ നിലപാട് സ്വീകരിക്കണം: മുസ്‌ലിം സംഘടന നേതാക്കൾ

സംസ്ഥാനത്ത് മതപ്രബോധന പ്രവർത്തനം തടയാൻ സംഘ്പരിവാർ ശക്തികൾ ആസൂത്രിത ശ്രമം നടത്തിക്കൊണ്ടിരിക്കുന്നതിന്റെ ഒടുവിലത്തെ ഉദാഹരണമാണ് എറണാകുളം പറവൂരിൽ സംഭവിച്ചതെന്നും ഇക്കാര്യത്തിൽ സർക്കാർ നീതിപൂർവമായ നിലപാട് സ്വീകരിക്കണമെന്നും മുസ്‌ലിം സംഘടനാ നേതാക്കൾ.

നാട്ടിൽ നിലനിൽക്കുന്ന മതമൈത്രി തകർക്കുന്നതിനുള്ള ശ്രമമാണ് നടന്നുകൊണ്ടിരിക്കുന്നതെന്നും ഇത് ആശങ്കാജനകമാണെന്നും പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ (മുസ്‌ലിം ലീഗ്), ഡോ. ബഹാവുദ്ദീൻ മുഹമ്മദ് നദ്‌വി കൂരിയാട് (സമസ്ത), ടി.പി അബ്ദുല്ല ക്കോയ മദനി (കെ.എൻ.എം), എം.ഐ അബ്ദുൽ അസീസ് (ജമാഅത്തെ ഇസ്‌ലാമി), കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ (വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ), എ നജീബ് മൗലവി (സംസ്ഥാന ജംഇയ്യത്തുൽ ഉലമ), തൊടിയൂർ മുഹമ്മദ് കുഞ്ഞി മൗലവി (ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമ), അബുൽ ഖൈർ മൗലവി (തബ്‌ലീഗ്), ഡോ.പി.എ ഫസൽഗഫൂർ (എം.ഇ.എസ്), എഞ്ചി.പി മമ്മദ്കോയ (എം.എസ്.എസ്) എന്നിവർ സംയുക്ത പ്രസ്താവനയിൽ പറഞ്ഞു.

വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ പ്രവർത്തകർ ആശയ പ്രചാരണത്തിന്റെ ഭാഗമായി ലഘുലേഖകൾ വീടുകളിലെത്തി വിതരണം ചെയ്യുമ്പോൾ ക്ഷേത്രം തകർക്കാൻ ഒരു സംഘം എത്തിയിട്ടുണ്ടെന്ന വ്യാജ പ്രചാരവേല സാമൂഹ്യ മാധ്യമങ്ങളിലൂടെയും മറ്റും നടത്തി സംഘ്പരിവാറുകാരെ സംഘടിപ്പിച്ച് അക്രമണം നടത്തുകയായിരുന്നു.

പൊലീസ് നോക്കി നിൽക്കെ സ്‌റ്റേഷൻ പരിസരത്തുൾപ്പെടെ വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ പ്രവർത്തകരെ ആക്രമിച്ചു. നിരപരാധികളാണെന്ന് ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ വിസ്ഡം സംഘത്തെ പൊലീസ് വിട്ടയച്ചെങ്കിലും സ്‌റ്റേഷനിൽ സംഘടിതമായെത്തിയ സംഘ്പരിവാർ പ്രവർത്തകരുടെ നിർബന്ധത്തിന് വഴങ്ങി പൊലീസ് പിന്നീട് കേസ്സെടുത്ത് അറസ്റ്റ് ചെയ്യുകയായിരുന്നു.

പരസ്യമായി ആർ.എസ്.എസിനെ എതിർക്കുകയും അതേ സമയം സംഘ് പരിവാർ നയം നടപ്പാക്കുകയുമാണ് സംസ്ഥാന സർക്കാർ. ഏതു മതം സ്വീകരിക്കാനും പ്രചരിപ്പിക്കാനുമുള്ള ഭരണഘടന നൽകുന്ന അവകാശങ്ങളെ ഹനിക്കുകയാണ് പൊലീസ് ചെയ്യുന്നത്. സമീപകാലത്ത് സംഘ്പരിവാർ അനുകൂലമായ പല നിലപാടുകളും സർക്കാർ സ്വീകരിച്ചു വരുന്നത് വിമർശന വിധേയമായിട്ടുണ്ട്. ഇക്കാര്യത്തിൽ അന്വേഷണം നടത്തി ബന്ധപ്പെട്ടവർക്കെതിരെ നടപടി സ്വീകരിക്കണമെന്നും നേതാക്കൾ ആവശ്യപ്പെട്ടു

മുഖമൊഴി

# ആദർശ പിതാവിന്റെ യഥാർഥ പിൻമുറക്കാരാവുക

ഇബ്‌റാഹീം നബി(ﷺ)യുടെയും കുടുംബത്തിന്റെയും ത്യാഗോജ്ജ്വലമായ സ്മരണകളുയർത്തിക്കൊണ്ട് ഒരു ഹജ്ജും ബലിപെരുന്നാളും കൂടി ആഗതമായിരിക്കുകയാണ്. ലോകമുസ്‌ലിംകൾ ഇന്ന് ബലിപെരുന്നാൾ ആഘോഷിക്കുന്നത് വല്ലാത്തൊരു ആത്മസംഘർഷത്തോടെയാണ്. കാരണം ഇസ്‌ലാമും മുസ്‌ലിംകളും അത്രമാത്രം ചോദ്യം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. മുസ്‌ലിംകൾ കാടന്മാരായ അക്രമികളും ഇസ്‌ലാം അതിന്റെ പ്രേരകവുമാണ് എന്ന് ലോകമൊട്ടാകെയുള്ള മാധ്യമങ്ങളിൽ നല്ലൊരു ശതമാനവും പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. അവർക്ക് അതിന് ഉദാഹരണമായി ചൂണ്ടിക്കാണിക്കാൻ ഐ.എസ് എന്ന മനുഷ്യപ്പിശാചുക്കളുടെ കൂട്ടായ്മയുമുണ്ട്.

കൊച്ചുകേരളത്തിലെ സ്ഥിതിയും വ്യത്യസ്തമല്ല. ഒറ്റപ്പെട്ടതും കൃത്യമായി തെളിയിക്കപ്പെടാത്തതുമായ സംഭവങ്ങൾ തെളിവാക്കി പുകമറകൾ സൃഷ്ടിച്ച് ഇസ്‌ലാമിനെയും മുസ്‌ലിംകളെയും നിന്ദിക്കുവാനുള്ള കുത്സിതശ്രമങ്ങൾ സോഷ്യൽ മീഡിയകൾ വഴിയും ഇതര മാധ്യമങ്ങൾ മുഖേനയും നിരന്തരം നടന്നുകൊണ്ടിരിക്കുന്നു. യഥാർഥ സലഫികളെ തീവ്രവാദികളാക്കി മുദ്രകുത്തി തേജോവധം ചെയ്ത് ഇല്ലാതാക്കുവാനും തങ്ങളുടെ നിലനില്പ് ഭദ്രമാക്കാനുമുള്ള ചില മുസ്‌ലിം സംഘടനകളുടെ പരിശ്രമങ്ങളാണ് ഏറെ വേദകരം. തീവ്രവാദവും ഭീകരപ്രവർത്തനങ്ങളും ആരിൽനിന്നുണ്ടായായാലും അത് ഇസ്‌ലാം അംഗീകരിക്കുന്നില്ല. അതുകൊണ്ടുതന്നെ ആരെങ്കിലും ആ മാർഗം തെരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ അവരെ പിന്തുണക്കുവാനോ ന്യായീകരിക്കുവാനോ നമ്മൾ ഒരുക്കവുമല്ല.

വിശ്വാസത്തിലും ആദർശനിഷ്ഠയിലും അല്ലാഹുവിനോടുള്ള കൂറിലും ഏകദൈവ വിശ്വാസത്തോട് പുലർത്തിയ വിട്ടുവീഴ്ചയില്ലാത്ത പ്രതിബദ്ധതയിലുമെല്ലാം ഇബ്‌റാഹീം നബി(ﷺ) മനുഷ്യരാശിക്കാകമാനം മാതൃകയാണ്. പ്രമാണബദ്ധമായി ഇസ്‌ലാമിനെ ജീവിതത്തിൽ കൊണ്ടുനടക്കുന്നവരെ തീവ്രസലഫികൾ എന്ന് വിശേഷിപ്പിക്കുന്നവർ ഇബ്‌റാഹീം നബി(ﷺ)യുടെ ആദർശാധിഷ്ഠത ജീവിതം നന്നായി മനസ്സിലാക്കിയാൽ അദ്ദേഹത്തിലും തീവ്രത ആരോപിക്കാനുള്ള സാധ്യത തള്ളിക്കളയാനാവില്ല.

അല്ലാഹു പറയുന്നു: "സ്വന്തം ആത്മാവിനെ മൂഢമാക്കിയവനല്ലാതെ മറ്റാരാണ് ഇബ്‌റാഹീമിന്റെ മാർഗത്തോട് വിമുഖത കാണിക്കുക? ഇഹലോകത്തിൽ അദ്ദേഹത്തെ നാം വിശിഷ്ടനായി തെരഞ്ഞെടുത്തിരിക്കുന്നു. പരലോകത്ത് അദ്ദേഹം സജ്ജനങ്ങളുടെ കൂട്ടത്തിൽ തന്നെയായിരിക്കും" (ക്വുർആൻ 2:130).

"നീ കീഴ്‌പെടുക എന്ന് അദ്ദേഹത്തിന്റെ രക്ഷിതാവ് അദ്ദേഹത്തോട് പറഞ്ഞപ്പോൾ സർവലോക രക്ഷിതാവിന് ഞാനിതാ കീഴ്‌പ്പെട്ടിരിക്കുന്നു എന്ന് അദ്ദേഹം പറഞ്ഞു..." (ക്വുർആൻ 2:132).

തന്റെ നാഥനെ നിരുപാധികം അനുസരിക്കുന്നതിൽ ഇബ്‌റാഹീം(عليه السلام) ചരിത്രത്തിനുതന്നെയും മാതൃകയായി വർത്തിച്ചു. ഏകദൈവ വിശ്വാസത്തിൽ ഊന്നിനിന്നുകൊണ്ടുള്ള സമർപ്പണത്തിലൂടെയാണ് അദ്ദേഹം ചരിത്രത്തിന് മാതൃകയായിത്തീർന്നത്. ഇബ്‌റാഹീം നബി(عليه السلام)യുടെ മാർഗത്തിന്റെ ഏറ്റവും സുപ്രധാനമായ മേന്മ എന്ത് എന്ന് ക്വുർആൻ വ്യക്തമാക്കുന്നു: "ആകയാൽ ശുദ്ധ മനഃസ്‌കനായ ഇബ്‌റാഹീമിന്റെ മാർഗം നിങ്ങൾ പിന്തുടരുക. അദ്ദേഹം ബഹുദൈവാരാധകരുടെ കൂട്ടത്തിലായിരുന്നില്ല" (3:95).

രക്തബന്ധത്തെക്കാൾ ആദർശബന്ധത്തിന് പ്രാധാന്യം കൽപിച്ചുകൊണ്ടാണ് ഇബ്‌റാഹീം നബി(عليه السلام) ജീവിച്ചത്. അദ്ദേഹത്തെ പിൻപറ്റുന്നവരും അനുകരിക്കേണ്ടിയിരിക്കുന്നത് അതേ ആദർശ ജീവിതം തന്നെയാണ്. ഇബ്‌റാഹീം നബി(عليه السلام)യുടെ ആദർശദാർഢ്യം ഭുവനപ്രസിദ്ധമാണ്. ഏകദൈവ വിശ്വാസത്തിലും ധാർമികതയിലും കണിശമായ ദൈവസ്മരണയിലും അധിഷ്ഠിതമായ ആദർശമായിരുന്നു അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന് മാറ്റുകൂട്ടിയിരുന്നത്. തൗഹീദിന്റെ കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള വിട്ടുവീഴ്ചക്ക് അദ്ദേഹം ഒരുക്കമായിരുന്നില്ല. സ്വന്തം കുടുംബത്തിലും പിതൃ-പുത്ര ബന്ധത്തിലും അദ്ദേഹം പിന്തുടർന്നത് തൗഹീദിന് മുൻതൂക്കം നൽകുന്ന വീക്ഷണമായിരുന്നു; ഇന്നത്തെ ചില മതയുക്തിവാദികൾക്ക് ഈ ആദർശദാർഢ്യത ഉൾക്കൊള്ളാൻ കഴിഞ്ഞുകൊള്ളണമെന്നില്ല.

ആശിഖ് ഷൗക്കത്ത്
toashiq@gmail.com



# പെരുന്നാൾ: ആഘോഷവും ആരാധനയും

**ഈ**ദിന്റെ കടന്നുവരവ് വിശ്വാസിയിൽ സന്തോഷമുളവാക്കുന്നതാണ്. കാരണം ഈദ് മുസ്‌ലിമിന് അല്ലാഹു നിശ്ചയിച്ച ആഘോഷമാണ്. എന്നാൽ ആധുനിക സങ്കൽപത്തിലെ ആഘോഷത്തിൽ നിന്നും വളരെ വ്യത്യസ്തവും വ്യതിരിക്തവുമാണ് ഇസ്‌ലാമിലെ ആഘോഷം. മനുഷ്യ സൃഷ്ടിപ്പിന്റെയും ജീവിതത്തിന്റെയും ലക്ഷ്യമായി ഇസ്‌ലാം പഠിപ്പിക്കുന്ന ‘ആരാധന’ (ക്വുർആൻ 51:56) ആഘോഷത്തിലും പ്രകടമാണ്. രണ്ടു മാസം മുമ്പ് ആഘോഷിച്ച ഈദുൽ ഫിത്വ്ർ (ചെറിയ പെരുന്നാൾ) അല്ലാഹു ഏറെ ശ്രേഷ്ഠമായി പ്രഖ്യാപിച്ച റമദാനിൽ പൂർണമായി സഹവസിക്കാൻ അല്ലാഹു നൽകിയ അനുഗ്രഹത്തിന് നന്ദി (ശുക്ർ) പ്രകടിപ്പിച്ചു കൊണ്ടുള്ള ആഘോഷമാണ്.

ഇനി വരാൻ പോകുന്നതാകട്ടെ, വിശുദ്ധ ഹജ്ജ് കർമത്തിന്റെ ഭാഗമായി നടക്കുന്ന ബലികർമത്തിന്റെ ദിനത്തിൽ അഥവാ ദുൽഹിജ്ജ പത്തിലുള്ള ആഘോഷമാണ്. ഇബ്റാഹീം നബിﷺയുടെയും പുത്രൻ ഇസ്മാഈൽ നബിﷺയുടെയുമൊക്ക ത്യാഗസ്മരണകളുമായി കടന്നുവരുന്ന ആഘോഷം.

ഈദുൽ ഫിത്വ്റിന് മുന്നോടിയായി, ഫിത്വ്ർ സകാത്ത് നൽകി റമദാനിൽ വന്ന പിഴവുകൾക്ക് പ്രായശ്ചിത്തം ചെയ്യുന്നു. അങ്ങനെ ആത്മീയ സംസ്കരണം നേടുന്നതോടൊപ്പം സമൂഹത്തോടുള്ള ബാധ്യതകൂടി നിർവഹിക്കപ്പെടുന്നു. അന്നേ ദിവസം ആരും പട്ടിണി കിടക്കാതിരിക്കാനുള്ള മുൻകരുതൽ. ബലിപെരുന്നാൾ ദിവസം ബലിമൃഗത്തിന്റെ മാംസം വിതരണം ചെയ്യാനുള്ള കൽപനയിലും ഈ സാമൂഹ്യമാനം പ്രകടമാണ്.

'വൃത്തി വിശ്വാസത്തിന്റെ പകുതിയാണ്' (മുസ്ലിം) എന്ന് പഠിപ്പിച്ച നബിﷺ പെരുന്നാൾ ദിനത്തിൽ നമസ്കാരത്തിന് മുമ്പായി കുളിക്കുന്നത് പ്രത്യേകം പ്രോത്സാഹിപ്പിച്ചതായി കാണാം. അന്നേ ദിവസം പുതു വസ്ത്രം ധരിക്കുന്നതും പുരുഷന്മാർ സുഗന്ധം പൂശുന്നതും സുന്നത്തായി പഠിപ്പിക്കുന്നുണ്ട്. നബിﷺക്ക് ജുമുഅ ദിനത്തിലും ഈദ് ദിനത്തിലും ധരിക്കാൻ പ്രത്യേകം വസ്ത്രം ഉണ്ടായിരുന്നു എന്ന് ഇബ്നു ഖുസൈമയുടെ സ്വഹീഹിൽ രേഖപ്പെടുത്തിയതായി കാണാം.

എന്നാൽ ഇസ്ലാം വിരോധിച്ച വസ്ത്രവും വസ്ത്രധാരണ രീതിയും ആഘോഷത്തിന്റെ പേരിൽ സ്വീകരിക്കാൻ ഇസ്ലാം അനുവാദം നൽകുന്നില്ല. ഇമാം ബുഖാരിയും ഇമാം മുസ്ലിമും തങ്ങളുടെ സ്വഹീഹുകളിൽ ഉദ്ധരിക്കുന്ന ഒരു ഹദീഥിൽ ഉമർ نബിﷺക്ക് വേണ്ടി ഇസ്തബ്റകിന്റെ (ഒരുതരം പട്ടു വസ്ത്രം) വസ്ത്രം അങ്ങാടിയിൽ നിന്ന് വാങ്ങി നൽകി ഈദിന് ഉപയോഗിക്കാം എന്ന് പറഞ്ഞതായും 'ഈ വസ്ത്രം (സൂക്ഷ്മതയിലും പരലോകത്തിലും) യാതൊരു പങ്കുമില്ലാത്തവരുടെയാണ്' എന്ന് നബിﷺ പ്രതികരിച്ചതായും കാണാം.

ഈദ് ആഘോഷത്തിന്റെ ഭാഗമായോ അതല്ലാത്ത അവസരത്തിലോ സ്ത്രീകൾ വസ്ത്രം ധരിക്കുമ്പോൾ തങ്ങളുടെ ഭംഗി 'പ്രത്യക്ഷമായതൊഴിച്ച് മറ്റൊന്നും വെളിപ്പെടുത്താതിരിക്കുന്ന' (ക്വുർആൻ 24:31) പരിമിതിയിൽ നിലനിർത്തിയായിരിക്കണം. വിനയം, ലജ്ജ തുടങ്ങിയ ഗുണങ്ങൾ പ്രകടമാകുന്നതായിരിക്കണം വസ്ത്രധരണ രീതി. പുരുഷനിൽ നിന്ന് വിഭിന്നമായി പട്ടു വസ്ത്രം സ്ത്രീക്ക് ഉപയോഗിക്കാവുന്നതാണ്. എന്നാൽ സുഗന്ധം ഉപയോഗിക്കൽ പുറത്തിറങ്ങുമ്പോൾ സ്ത്രീക്ക് നിഷിദ്ധമാണ്.

ധൂർത്ത്, അഹങ്കാരം, പൊങ്ങച്ചം മുതലായവ പ്രകടിപ്പിക്കുന്ന തരത്തിൽ വസ്ത്രം ധരിക്കുവാൻ പാടില്ല. വസ്ത്രത്തിന്റെ കാര്യത്തിലും സമൂഹത്തിൽ പ്രയാസപ്പെടുന്നവർക്ക് കൈത്താങ്ങായി വർത്തിക്കാൻ വിശ്വാസിക്ക് സാധിക്കണം. തന്റെ മക്കൾക്ക് മുന്തിയ പുതുവസ്ത്രം വാങ്ങിക്കൊടുക്കുമ്പോൾ അയൽപക്കത്തുള്ള പാവപ്പെട്ടവന്റെ കീറിപ്പറിഞ്ഞ വസ്ത്രം ധരിച്ച് നടക്കുന്ന കുട്ടികൾക്ക് വസ്ത്രം വാങ്ങിക്കൊടുക്കാൻ സമ്പന്നനായ മുസ്ലിം സന്മനസ്സ് കാണിക്കേണ്ടതുണ്ട്.

ഈദുൽ ഫിത്വർ നമസ്കാരത്തിന് മുമ്പ് എന്തെങ്കിലും ഭക്ഷിക്കൽ പ്രവാചക ചര്യയിൽ പെട്ടതാണ്. എന്നാൽ ബലിപെരുന്നാൾ ദിനം ഭക്ഷണം കഴിക്കാതെയാണ് റസൂൽﷺ ഈദ് നമസ്കാരത്തിനായി പോയിരുന്നത്.

തക്ബീറിന്റെ അകമ്പടിയോടു കൂടി നമസ്കാരത്തിനായി പുറപ്പെടണം. പെരുന്നാൾ ആഘോഷത്തിലെ ഏറ്റവും വലിയ ഘടകം നമസ്കാരവും അതിനുശേഷമുള്ള ഉദ്ബോധനം ശ്രവിക്കലുമാണ് എന്നത് ഇസ്ലാമിലെ ആഘോഷം ആരാധനയിലും ദൈവസ്മരണയിലും അധിഷ്ഠിതമാണെന്ന് മനസ്സിലാക്കിത്തരുന്നു. നന്മ കൽപിക്കുക, തിന്മ വിരോധിക്കുക എന്ന ഉദാത്തമായ കാര്യം നിർവഹിക്കുക വഴി ആഘോഷം എന്ന പൊതു സങ്കൽപത്തിന് ഇസ്ലാം സവിശേഷമായ ഒരു മുഖം നൽകുകയാണ്.

നമസ്കാര സ്ഥലത്തേക്ക് കുടുംബത്തിലെ എല്ലാവരും കൂടിയാണ് പോകേണ്ടത്. ആർത്തവമുള്ള സ്ത്രീകൾ പോലും അതിൽനിന്ന് ഒഴിവാകേണ്ടതില്ല. പള്ളികളിൽ വെച്ചല്ല, പ്രത്യേകം തയ്യാറാക്കിയ സ്ഥലങ്ങളിൽ വെച്ചാണ് ഈദ് നമസ്കാരം നിർവഹിക്കുക എന്നതിനാൽ അവർക്കത് സാധ്യമാവുകയും ചെയ്യും. ഈദിന്റെ സന്തോഷത്തിൽനിന്നും ഉദ്ബോധനം ശ്രവിക്കുന്നതിൽ നിന്നും അവർ മാറിനിൽക്കേണ്ടതില്ല എന്നർഥം. നമസ്കാര സമയത്ത് അവർ മാറി നിന്നാൽ മതി. നബിﷺ അങ്ങനെ നിർദേശിച്ചതായി ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്.

മുസ്ലിം സമുദായത്തിന്റെ ഐക്യം വിളിച്ചോതുന്നതാണ് പെരുന്നാൾ നമസ്കാരവും അനുബന്ധ സാമൂഹ്യ ഇടപാടുകളും. പരസ്പരം കാരുണ്യത്തിലും ഗുണകാംക്ഷയിലും വർത്തിക്കേണ്ടവരാണ് മുസ്ലിംകൾ എന്ന സന്ദേശമാണ് ഈദ് നൽകുന്നത്. അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട് ചെയ്യുന്നതിനാൽ അത് പ്രതിഫലാർഹമായ ആരാധനയായി മാറുന്നു.

ഈദിന്റെ സന്തോഷം കൂടുതൽ പേരുമായി പങ്കുവെക്കുവാനും ആശംസ

**ധൂർത്ത്, അഹങ്കാരം, പൊങ്ങച്ചം മുതലായവ പ്രകടിപ്പിക്കുന്ന തരത്തിൽ വസ്ത്രം ധരിക്കുവാൻ പാടില്ല. വസ്ത്രത്തിന്റെ കാര്യത്തിലും സമൂഹത്തിൽ പ്രയാസപ്പെടുന്നവർക്ക് കൈത്താങ്ങായി വർത്തിക്കാൻ വിശ്വാസിക്ക് സാധിക്കണം. തന്റെ മക്കൾക്ക് മുന്തിയ പുതുവസ്ത്രം വാങ്ങിക്കൊടുക്കുമ്പോൾ അയൽപക്കത്തുള്ള പാവപ്പെട്ടവന്റെ കീറിപ്പറിഞ്ഞ വസ്ത്രം ധരിച്ച് നടക്കുന്ന കുട്ടികൾക്ക് വസ്ത്രം വാങ്ങിക്കൊടുക്കാൻ സമ്പന്നനായ മുസ്ലിം സന്മനസ്സ് കാണിക്കേണ്ടതുണ്ട്.**




കൾ കൈമാറുവാനും വേണ്ടി റസൂൽﷺ ഈദ് നമസ്കാരത്തിന് പോകുന്നതും തിരിച്ചു വരുന്നതും വ്യത്യസ്ത വഴികളിലൂടെയായിരുന്നു. രണ്ടു വഴികൾ ഉയിർത്തെഴുന്നേൽപ്പ് നാളിൽ വിശ്വാസിക്ക് വേണ്ടി സാക്ഷിപറയും എന്ന ഗുണം കൂടി ഇതുവഴി ലഭിക്കും.

ഈദ് ദിനത്തിൽ നല്ല ഭക്ഷണം കഴിക്കുന്നതും റസൂൽﷺ പ്രത്യേകം ഓർമപ്പെടുത്തിയ കാര്യമാണ്. തശ്‌രീക്വിന്റെ ദിനങ്ങൾ 'ഭക്ഷിക്കുന്നതിന്റെയും കുടിക്കുന്നതിന്റെയും അല്ലാഹുവിനെ ധാരാളമായി ഓർമിക്കുന്നതിന്റെയും ദിനമാണ്' എന്ന് റസൂൽﷺ പറഞ്ഞതായി ഇമാം മുസ്‌ലിം ഉദ്ധരിച്ച ഹദീഥിൽ കാണാം.

തിന്നുവാനും കുടിക്കുവാനും പറഞ്ഞതിന്റെ കൂടെ അല്ലാഹുവിനെ കൂടുതൽ സ്മരിക്കാൻ ഓർമപ്പെടുത്തിയത് ശ്രദ്ധേയമാണ്. ഭക്ഷണത്തിലും പാനീയങ്ങളിലും വിശ്വാസി പാലിക്കേണ്ട മിതത്വം പോലുള്ള നന്മകളെ കുറിച്ചുള്ള ഓർമപ്പെടുത്തൽ, അതിലുണ്ടായേക്കാവുന്ന തിന്മകളെക്കുറിച്ചുള്ള താക്കീത്, ഇതെല്ലാം ഇതിലടങ്ങിയിട്ടുണ്ടെന്ന് മനസ്സിലാക്കാം.

ആരാധനയുടെ വ്യത്യസ്ത തലങ്ങൾ ഉൾക്കൊള്ളുന്നതാണ് മുസ്‌ലിമിന് ഈദ് എന്ന ആഘോഷം. അതോടൊപ്പം അനുവദനീയമായ വിനോദങ്ങളുമാവാം. ജീവിത ലക്ഷ്യം മറക്കാതെയും അല്ലാഹുവിന്റ നിയമനിർദേശങ്ങൾക്ക് എതിരാകാതെയുമാകണം വിനോദങ്ങളിൽ ഏർപടുന്നത്. കുടുംബനാഥൻ തന്റെ കുടുംബത്തിന്റെ ഉത്തരവാദിത്തമുള്ള വ്യക്തി എന്ന നിലയിൽ അനുവദിക്കപ്പെട്ട വിനോദങ്ങളിൽനിന്ന് കുടുംബാംഗങ്ങളെ തടഞ്ഞുകൂടാ. നിഷിദ്ധമായതിനെ അയാൾ വിലക്കുകയും വേണം.

ഈദ് ദിനത്തിൽ ആഇശ‎رضي الله عنها‎യുടെ വീട്ടിൽ വച്ച് പെൺകുട്ടികൾ പാട്ട് പാടുകയും നബിﷺ അത് കേൾക്കുകയും ചെയ്ത സംഭവം ഇമാം ബുഖാരിയും ഇമാം മുസ്‌ലിമും ഉദ്ധരിക്കുന്നുണ്ട്. നബിﷺ ആഇശ‎رضي الله عنها‎യെ പള്ളിയിൽ നടക്കുന്ന വാൾപയറ്റു മത്സരം കാണിച്ചതും പ്രസിദ്ധമാണ്. ഇതേ സംഭവം ഉദ്ധരിക്കുന്ന ഇമാം അഹ്മദ് (മുസ്‌നദ്) നിവേദനത്തിന്റെ അവസാനത്തിൽ റസൂൽﷺയുടെ വാചകങ്ങൾ ഇങ്ങനെയാണ് ഉദ്ധരിക്കുന്നത്: 'നമ്മുടെ മതത്തിൽ വിനോദമുണ്ടെന്നറിയട്ടെ. തീർച്ചയായും ഞാൻ അയക്കപ്പെട്ടിട്ടുള്ളത് ദയാർദ്രവും ചൊവ്വായതുമായ മതവുമായിട്ടാണ്.'

സൂക്ഷ്മതയുടെയും ഭൗതിക വിരക്തിയുടെയും പേരിൽ അനുവദനീയമായ വിനോദങ്ങൾ പാടെ നിരാകരിക്കുന്നത് ഇസ്‌ലാം അനുവദിക്കുന്നില്ല. വിനോദം അതിയായി ആഗ്രഹിക്കുന്നവർക്ക് അത് വിലക്കുന്നത് ദോഷമാണ് വരുത്തുക.

ആഘോഷ ദിനങ്ങളിൽ ആയാലും അല്ലെങ്കിലും വിനോദങ്ങൾ അനുവദനീയമാണെന്ന് വ്യക്തമാകുന്നതോടൊപ്പം അവ അനുവദനീയമാണ് എന്നതിനുള്ള കാരണമായി അവ നൽകുന്ന ആനന്ദവും ജീവിതത്തിൽ അനുഭവിക്കേണ്ട അയവും മതത്തിന്റെ എളുപ്പവുമൊക്കെ കാണാവുന്നതാണ്. വിശ്വാസി ആരാധനകളാൽ ക്ഷീണിക്കേണ്ടവനാണ് എന്ന തത്ത്വം കൂടി മുന്നിൽ വച്ച് കൊണ്ടായിരിക്കണം മുകളിൽ പറഞ്ഞ ആശയം മനസ്സിലാക്കേണ്ടത്. ആരാധനക്ക് വിഘാതം വരുന്ന രൂപത്തിലാകരുത് വിനോദങ്ങളൊന്നും.

കുടുംബബന്ധങ്ങൾ ചേർക്കുവാനും വിരുന്നുപോയും വിരുന്ന് ക്ഷണിച്ചും ഉറ്റവരെയും ഉടയവരെയും ചേർത്ത് പിടിക്കാനുമാണ് പെരുന്നാൾ ദിനത്തിൽ നാം പ്രത്യേകിച്ചും ശ്രദ്ധിക്കേണ്ടത്. അതിനെക്കാൾ ആനന്ദം നൽകുവാൻ ഒരു വിനോദത്തിനുമാകില്ല. ●

## സൃഷ്ടികൾ ക്ഷണിക്കുന്നു

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

ശമീർ മദീനി
shameermadeeni@gmail.com

ക്വുർആൻ പാഠം



# ആദർശനിഷ്ഠയുടെ പ്രഖ്യാപനം

**"തീർച്ചയായും മനുഷ്യർക്ക് വേണ്ടി സ്ഥാപിക്കപ്പെട്ട ഒന്നാമത്തെ ആരാധനാ മന്ദിരം ബക്കയിൽ ഉള്ളതത്രെ. (അത്) അനുഗൃഹീതമായും ലോകർക്ക് മാർഗദർശകമായും (നിലകൊള്ളുന്നു). അതിൽ വ്യക്തമായ ദൃഷ്ടാന്തങ്ങൾ-(വിശിഷ്യാ) ഇബ്‌റാഹീം നിന്ന സ്ഥലം-ഉണ്ട്. ആർ അവിടെ പ്രവേശിക്കുന്നുവോ അവൻ നിർഭയനായിരിക്കുന്നതാണ്. ആ മന്ദിരത്തിൽ എത്തിച്ചേരാൻ കഴിവുള്ള മനുഷ്യർ അതിലേക്ക് ഹജ്ജ് തീർഥാടനം നടത്തൽ അവർക്ക് അല്ലാഹുവോടുള്ള ബാധ്യതയാകുന്നു. വല്ലവനും അവിശ്വസിക്കുന്ന പക്ഷം അല്ലാഹു ലോകരെ ആശ്രയിക്കാത്തവനാകുന്നു" (ക്വുർആൻ 3:96,97)**

**കോ**ടിക്കണക്കിന് മുസ്‌ലിംകൾ നിത്യേനയുള്ള അഞ്ചുനേരത്തെ നമസ്കാരത്തിലൂടെ പ്രപഞ്ച സ്രഷ്ടാവിനെ ആരാധിക്കുമ്പോൾ വിശുദ്ധ കഅ്ബയിലേക്കാണ് തിരിഞ്ഞുനിൽക്കുന്നത്. ലോകരക്ഷിതാവിനെ വിളിച്ച് പ്രാർഥിച്ച് അവനു മാത്രം ആരാധനകളർപ്പിക്കാൻ ഏകദൈവാരാധനയുടെ നിഷ്കളങ്ക പ്രചാരകനായി ആ മാർഗത്തിൽ ജീവിതം സമർപ്പിച്ച ഇബ്‌റാഹീം നബി﵇യുടെയും മകൻ ഇസ്മാഈൽ നബി﵇യുടെയും ചരിത്രവുമായി ബന്ധപ്പെട്ട് കിടക്കുന്നതാണ് കഅ്ബയുടെയും ഹജ്ജിന്റെയും ഓരോ രംഗവും. സർവശക്തനായ അല്ലാഹുവിന് മുമ്പിൽ സർവസ്വവും സമർപിച്ച ഇബ്‌റാഹീം നബി﵇യുടെയും കുടുംബത്തിന്റെയും ത്യാഗ-സമർപണങ്ങളുടെ ചരിത്രമാണ് കഅ്ബക്ക് പറയാനുള്ളത്.

ഹജ്ജിന്റെ ഓരോ കർമവും ഇബ്‌റാഹീം നബി﵇യുടെയും കുടുംബത്തിന്റെയും സ്മരണകളുമായി ചരിത്രബന്ധമുള്ളവയായിട്ടും ഹജ്ജിന്റെ കർമങ്ങളിലൊന്നും ഇബ്‌റാഹീം നബി﵇ക്കോ കുടുംബത്തിനോ ആരാധനകളുടെ യാതൊരംശവും സമർപിക്കുവാൻ ഇസ്‌ലാം പഠിപ്പിക്കുന്നില്ല. അവരുടെ പ്രതിഷ്ഠകളോ അവരുടെ പേരിലുള്ള നേർച്ചപ്പെട്ടികളോ അവിടങ്ങളിലൊന്നും ഇല്ല. മറിച്ച് ആ മഹാത്മാക്കളുടെ ആദർശം നെഞ്ചിലേറ്റി ചുണ്ടുകളിലൂടെ ഏറ്റു പറഞ്ഞുകൊണ്ട് ഏകദൈവാരാധനയുടെ പ്രതീകങ്ങളായാണ് ഓരോവിശ്വാസിയും ഹജ്ജിനായി സമ്മേളിക്കുന്നത്.

ഹജ്ജിന്റെ മന്ത്രോച്ചാരണമായ തൽബിയത്തിന്റെ അർഥം ഗ്രഹിച്ച ആർക്കുമത് ഗ്രഹിക്കാവുന്നതാണ്. "ലബ്ബൈകല്ലാഹുമ്മ ലബ്ബൈക്..." "അല്ലാഹുവേ, നിന്റെ വിളിക്കിതാ ഉത്തരം നൽകിയിരിക്കുന്നു. നിനക്ക് യാതൊരു പങ്കുകാരുമില്ല. സർവസ്തുതികളും അനുഗ്രഹങ്ങളും ആധിപത്യവും നിനക്കാണ്. നിനക്ക് യാതൊരു പങ്കുകാരനുമില്ല."

കഅ്ബയുടെ 'കറുത്ത കല്ലിനെ' ചുംബിച്ച് രണ്ടാം ഖലീഫ ഉമർؓ പറഞ്ഞ വാക്കുകളും മറ്റൊന്നല്ല പഠിപ്പിക്കുന്നത്: "നിശ്ചയം നീ ഉപകാരമോ ഉപദ്രവമോ ചെയ്യാത്ത കല്ലാണെന്ന് എനിക്കറിയാം. അല്ലാഹുവിന്റെ ദൂതൻ നിന്നെ ചുംബിക്കുന്നത് കണ്ടില്ലായിരുന്നുവെങ്കിൽ ഞാനും നിന്നെ ചുംബിക്കുമായിരുന്നില്ല."

കാരണം ഇബ്‌റാഹീം﵇ എന്ന ആദർശധീരനായ പ്രവാചകൻ പകർന്നുകൊടുത്ത ആദർശമാണ് അവരുടെ മനസ്സുകളിലും സിരകളിലുമുള്ളത്. ഇബ്‌റാഹീം﵇ ബഹുദൈവാരാധകരോട് പ്രഖ്യാപിച്ചതിപ്രകാരമാണ്: "തീർച്ചയായും ഞാൻ നേർമാർഗത്തിൽ ഉറച്ചുനിന്നു കൊണ്ട് എന്റെ മുഖം ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചവനിലേക്ക് തിരിച്ചിരിക്കുന്നു. ഞാൻ ബഹുദൈവവാദികളിൽ പെട്ടവനേ അല്ല." (6:79).

ആ സന്ദേശം പിൻതലമുറയിലേക്ക് പകർന്നു കൊടുത്ത മുഹമ്മദ് നബിﷺ പഠിപ്പിച്ചതും അതു തന്നെയായിരുന്നു.

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com

കവർ സ്റ്റോറി



# രാജ്യസ്‌നേഹികൾ ഭരണഘടനക്ക് എതിരാകുമോ?

സമൂഹത്തിൽ വളർന്നു വരുന്ന അസഹിഷ്ണുതക്കെതിരെയും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന വർഗീയ ഭീകരതക്കെതിരെയും ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി 'ഒരേ ഒരിന്ത്യ, ഒരൊറ്റ ജനത' എന്ന തലക്കെട്ടിൽ രാജ്യത്തെ മുഴുവൻ പൗരന്മാരും ജാതി മത ചിന്തകൾക്കതീതമായി ഒരുമിക്കണമെന്ന സമാധാനത്തിന്റെ സന്ദേശം പ്രചരിപ്പിച്ച മതപ്രബോധകർക്കെതിരെ ആഗസ്റ്റ് 20ന് പറവൂർ വടക്കേക്കരയിൽ ഉണ്ടായ സംഭവങ്ങൾ മതേതരവിശ്വാസികളെ മുഴുവൻ ഞെട്ടിച്ചിരിക്കുകയാണ്. പ്രബോധകർക്കെതിരെ സംഘപരിവാറിന്റെ നേതൃത്വത്തിലുണ്ടായ ആൾക്കൂട്ട മർദനവും തുടർന്ന് പോലീസ് എടുത്ത ഏകപക്ഷീയവും ഒരിക്കലും നീതീകരിക്കാൻ സാധിക്കാത്തതുമായ നടപടികൾ വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ സംഘപരിവാറിന്റെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്ന ആൾക്കൂട്ട ഭീകരതയെയും പോലീസ് പ്രക്ഷാളനത്തെയും അനുസ്മരിപ്പിക്കും വിധമാണ്. മർദനം നടത്തിയവരെ വെറുതെ വിടുകയും സമാധാനസന്ദേശം പ്രചരിപ്പിച്ചവർക്കെതിരെ ജാമ്യമില്ലാ വകുപ്പ് ചുമത്തി റിമാൻഡ് ചെയ്യുകയും ചെയ്തത് മതനിരപേക്ഷതക്ക് കേളി കേട്ട കേരളത്തിൽ ഒരു മതനിരപേക്ഷ സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പോലീസിന്റെ ഭാഗത്ത് നിന്നാവുമ്പോൾ കാര്യങ്ങളുടെ ഗൗരവം വർധിക്കുകയാണ്.

ഇന്ത്യ വിവിധ മതങ്ങളുടെ സംഗമഭൂമിയാണ്. ഏതൊരു മതത്തിലും വിശ്വസിക്കുവാനും അതിന്റെ ആശയാദർശങ്ങൾ അനുസരിച്ച് ജീവിക്കുവാനും അത് പ്രചരിപ്പിക്കുവാനും വിവിധ മതങ്ങൾക്കിടയിലെ അഭിപ്രായ വ്യത്യാസങ്ങളെ സംബന്ധിച്ച് ആശയസംവാദം നടത്തുവാനുള്ള സ്വാതന്ത്ര്യവും ഇന്ത്യയിലുണ്ട്. വിവിധ മതവിഭാഗങ്ങളുടെ ആശയങ്ങളെ

യും വിശ്വാസ സംഹിതകളെയും കർമ രീതിക ളെയും ഓരോ വിഭാഗത്തിന്റെയും സ്വാതന്ത്ര്യമായിക്കണ്ട് അംഗീകരിക്കുവാനും പരസ്പര ബഹുമാനം പുലർത്തി അധിക്ഷേപങ്ങളൊന്നും കൂടാതെ അവകളിലെ ശരിതെറ്റുകളെ അവലോകനം ചെയ്യാനുള്ള പക്വതയും മാനസികവികാസവുമുള്ള സമൂഹമാണ് എന്നുള്ളതാണ് ഇന്ത്യയുടെ മതേതര മനസ്സിന്റെ ഏറ്റവും വലിയ സവിശേഷത.

അറബ് വ്യാപാരസമൂഹത്തിന്റെ ആഗമനത്തിലൂടെ ഇസ്‌ലാം ഉയർത്തിപ്പിടിക്കുന്ന മാനവികതയുടെയും സമാധാനത്തിന്റെയും മഹിതമായ ആശയങ്ങളെ അനുഭവിച്ചറിഞ്ഞ കേരളത്തിലെ വിവിധ ജാതികളിൽ പെട്ട സാധാരണ ജനങ്ങൾ ഇസ്‌ലാമിനെ പുൽകിയപ്പോൾ അവിടെ പ്രക്ഷുബ്ധാവസ്ഥകളുണ്ടായില്ല. ഇഷ്ടമുള്ള വേഷവും ഭക്ഷണവുമൊക്കെ സ്വീകരിക്കാമെങ്കിൽ എന്തുകൊണ്ട് ഇഷ്ടമുള്ള വിശ്വാസവും ആചാരങ്ങളും സ്വീകരിച്ചുകൂടാ? തോമസ് മൂറിന്റെ നേതൃത്വത്തിലുള്ള ക്രിസ്തീയ പുരോഹിതന്മാർ ഇന്ത്യയിലെത്തി ക്രിസ്തീയ മതപ്രചാരണങ്ങൾ നടത്തിയപ്പോൾ അവരെയും ഭാരതീയ സമൂഹം സ്വീകരിച്ചു. ഇസ്‌ലാം മത വിശ്വാസികളായി പിറന്നു വീണ എത്രയോ ആളുകൾ ഹൈന്ദവ ദർശനങ്ങളിലും ക്രൈസ്തവ ദർശനങ്ങളിലും ആകൃഷ്ടരായി പ്രസ്തുത മതങ്ങൾ സ്വീകരിച്ച സംഭവങ്ങളും ധാരാളമാണ്. ഭാരതത്തിന്റെ ഏറ്റവും വലിയ ആകർഷണീയത തന്നെ ഈ ഒരു മത സ്വാതന്ത്ര്യവും മതവിശ്വാസികൾക്കിടയിൽ നിലനിൽക്കുന്ന സൗഹാർദവുമാണ്.

മുഗളന്മാർ വളരെക്കാലം ഇന്ത്യ ഭരിച്ചിട്ടും ഇന്ത്യയിലെ മഹാഭൂരിപക്ഷം വരുന്ന ഹൈന്ദവ വിശ്വാസികളുടെ വിശ്വാസത്തിനോ ആചാരങ്ങൾക്കോ ആരാധനാലയങ്ങൾക്കോ ഒരു കോട്ടവും തട്ടിയിരുന്നില്ല. ഹൈന്ദവ വിശ്വാസികൾക്ക് മുസ്‌ലിംകൾക്ക് നൽകിയതിനെക്കാൾ ആദരവും സ്വാതന്ത്ര്യവും അവർ നൽകി. ഒട്ടേറെ ഹൈന്ദവ ക്ഷേത്രങ്ങൾ പണികഴിപ്പിച്ചു കൊടുത്തു. കൊളോണിയലിസ്റ്റ് ശക്തികൾ ഇന്ത്യ കയ്യടക്കിയതോടെയാണ് ഇന്ത്യയിലെ വിവിധ മതവിശ്വാസികൾക്കിടയിൽ വിശിഷ്യാ ഹൈന്ദവ-ഇസ്‌ലാം വിശ്വാസികൾക്കിടയിൽ പരസ്പരം വൈരം പ്രചരിപ്പിച്ചു തുടങ്ങിയത്. ബ്രിട്ടീഷുകാരന്റെ ചില്ലറത്തുട്ടുകൾക്ക് വേണ്ടി മധ്യകാല ഇന്ത്യാ ചരിത്രത്തെ വികലമാക്കി മുസ്‌ലിം ഭരണാധികാരികൾ ഹിന്ദുക്കളെ നശിപ്പിക്കുകയായിരുന്നുവെന്നു പ്രചരിപ്പിച്ചുകൊണ്ട് ചിലർ നടത്തിയ ചരിത്ര രചനകൾ വിവിധ മതവിശ്വാസികളുടെ മനസ്സുകളെ അകറ്റാൻ സഹായിച്ചു. ഭിന്നിപ്പിച്ചു ഭരിക്കുകയെന്ന ബ്രിട്ടീഷുകാരന്റെ കുതന്ത്രങ്ങൾക്ക് വിധേയമായി വിവരവും വിദ്യാഭ്യാസവും പക്വതയുമില്ലാത്ത ചിലർ മതത്തിന്റെ പേരിൽ പരസ്പരം കഴുത്തറുക്കാൻ തുനിയുകയും രാജ്യത്ത് വർഗീയ വിദ്വേഷങ്ങൾക്ക് വിത്തുപാകുകയും ചെയ്തതോടെ വർഗീയ സംഘങ്ങൾക്ക് ഇന്ത്യയിൽ വേരോട്ടമുണ്ടായി. മതത്തിന്റെ പേരിൽ രാജ്യത്തെ വെട്ടിമുറിച്ച് എക്കാലവും മനസ്സുകളിൽ മുറിവ് സമ്മാനിച്ചുകൊണ്ടാണ് ബ്രിട്ടീഷുകാരൻ പടിയിറങ്ങിയതെന്ന കാര്യം നാം ഓർക്കണം.

ഇന്ത്യ സ്വതന്ത്രമാവുകയും ഒരു പരമാധികാര രാഷ്ട്രമായി പ്രഖ്യാപിക്കപ്പെടുകയും ചെയ്ത 1947 -1950 കാലങ്ങളിൽ രാജ്യത്ത് ജീവിക്കുന്ന വിവിധ മത സമൂഹങ്ങളെ ഉൾക്കൊണ്ടുകൊണ്ടും ബഹുസ്വരതയെന്ന രാജ്യത്തിന്റെ സൗന്ദര്യത്തെ ആസ്വദിച്ചുകൊണ്ടും ഗാന്ധിയും അംബേദ്കറും നെഹ്‌റുവും ആസാദും അടക്കമുള്ള രാഷ്ട്രശിൽപികൾ ഇന്ത്യയെ ബഹുവർണമുള്ള ഒരു പൂന്തോട്ടമാക്കി ആവിഷ്‌കരിച്ചു.

എല്ലാ മതങ്ങൾക്കും തുല്യ സ്വാതന്ത്ര്യം. മതത്തിൽ വിശ്വസിക്കാനും ആചരിക്കാനും പ്രചരിപ്പിക്കാനുമുള്ള സമ്പൂർണ സ്വാതന്ത്ര്യം. അംബേദ്കറുടെ നേതൃത്വത്തിൽ ഭരണഘടന രചിച്ചപ്പോൾ അക്കാര്യം ഭരണഘടനയിൽ എഴുതിവെക്കാൻ അദ്ദേഹം മറന്നില്ല. ഭരണഘടന അംഗീകരിച്ച നെഹ്‌റുവും പട്ടേലുമടങ്ങുന്ന കോൺസ്റ്റിറ്റുവെന്റ് അസംബ്ലി രാജ്യത്തെ ഭൂരിപക്ഷ-ന്യൂനപക്ഷ വ്യത്യാസമില്ലാതെ എല്ലാവർക്കും മതസ്വാതന്ത്ര്യവും പ്രബോധന സ്വാതന്ത്ര്യവും അനുവദിച്ചു. ഓരോ മതക്കാരനും അവനുൾക്കൊള്ളുന്ന വിശ്വാസകാര്യങ്ങൾ തുമ്മിയാൽ തെറിക്കുന്ന മൂക്കല്ലെന്ന ഉറച്ച ധാരണ പ്രബുദ്ധമായ ഇന്ത്യൻ സമൂഹത്തിനുണ്ടായിരുന്നു. അതുകൊണ്ട് തന്നെ ഓരോരുത്തരും അവർ ഇഷ്ടപ്പെടുന്ന മതം സ്വീകരിക്കാനും മതമൊന്നും വേണ്ടെന്നു വിശ്വസിക്കുന്നവർക്ക് മതനിരാസത്തെ അംഗീകരിക്കാനും ദൈവവിശ്വാസികൾക്ക് ദൈവ വിശ്വാസത്തെ പ്രചരിപ്പിക്കാനും നിരീശ്വരവാദികൾക്ക് നിരീശ്വരത്വത്തെ പ്രബോധനം ചെയ്യാനും മതത്തിന്റെ മതിൽക്കെട്ടുകളെ ഉൾക്കൊള്ളാൻ സാധിക്കാത്തവർക്ക് നിർമതവാദത്തെ പ്രോത്സാഹിപ്പിക്കാനുമൊക്കെയുള്ള സ്വാതന്ത്ര്യം ഭരണഘടന നൽകുകയുണ്ടായി. ഭരണഘടനയുടെ മൂന്നാം ഭാഗത്തിലെ 25 മുതൽ 28 വരെയുള്ള അനുച്ഛേദങ്ങൾ ഇക്കാര്യം വളരെ വ്യക്തമായി പ്രഖ്യാപിക്കുന്നുണ്ട്.

ആശയ സ്വാതന്ത്ര്യം, മതം പ്രചരിപ്പിക്കുന്നതിനും, പഠിപ്പിക്കുന്നതിനും, പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനുമുള്ള സ്വാതന്ത്ര്യം എന്നിവയെ കുറിച്ചാണ് 25-ാം അനുച്ഛേദം പറയുന്നത്. അതിന്റെ വിശദാംശങ്ങൾ ഇങ്ങനെയാണ്: 1) ക്രമസമാധാനം, ധാർമികത, പൊതുആരോഗ്യം, ഈ വകുപ്പിലെ മറ്റു പരാമർശങ്ങൾ എന്നിവ കാത്തുസൂക്ഷിച്ചുകൊണ്ട് എല്ലാവർക്കും ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനും ആ വിശ്വാസം ഏറ്റുപറയാനും പ്ര

ചരിപ്പിയ്ക്കാനും അവകാശമുണ്ട്. 2) ഈ വകുപ്പ് മതപരമായ അനുഷ്ഠാനങ്ങളോടനുബന്ധിച്ച സാമ്പത്തികമോ സാമൂഹികമോ രാഷ്ട്രീയമോ മതേതരമായ മറ്റെന്തെങ്കിലോ കാര്യങ്ങളെ നിയന്ത്രിക്കുന്നതിനോ തടയുന്നതിനോ വേണ്ടിയിട്ടുള്ളതോ, സാമൂഹിക ഉന്നമനത്തിനു വേണ്ടിയോ പൊതുസ്വഭാവമുള്ള ഹിന്ദുസ്ഥാപനങ്ങൾ ഹിന്ദുമതത്തിലെ എല്ലാ വിഭാഗങ്ങൾക്കുമായി തുറന്നുകൊടുക്കുന്നതിനു വേണ്ടിയിട്ടുള്ളതോ ആയ ഏതെങ്കിലും നിയമനിർമാണത്തെ തടസ്സപ്പെടുത്തുന്നില്ല.

വിശദീകരണം: 1 കൃപാൺ ധരിക്കുന്നത് സിഖ് മതവിശ്വാസത്തിന്റെ ഏറ്റുപറച്ചിലായി കരുതപ്പെടുന്നു.

വിശദീകരണം: 2 2(b) യിലെ ഹിന്ദുമതത്തെക്കുറിച്ചുള്ള പരാമർശം ബുദ്ധ, ജൈന സിഖ് മതങ്ങൾക്കും ബാധകമാണ്.

26. മതപരമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും, നിയന്ത്രിക്കുന്നതിനുള്ള സ്വാതന്ത്ര്യം.

ക്രമസമാധാനം, ധാർമികത, പൊതുആരോഗ്യം, ഈ വകുപ്പിലെ മറ്റു പരാമർശങ്ങൾ എന്നിവ കാത്തുസൂക്ഷിച്ചുകൊണ്ട് എല്ലാമത വിഭാഗങ്ങൾക്കും താഴെപ്പറയുന്ന അവകാശങ്ങളുണ്ടായിരിക്കും:

a. മതപരമോ സാമൂഹ്യസേവനപരമോ ആയ സ്ഥാപനങ്ങൾ തുടങ്ങുവാനും പ്രവർത്തിപ്പിക്കാനുമുള്ള അവകാശം. യ. മതപരമായ പ്രവർത്തനങ്ങളെ ഭരിക്കുന്നതിനുള്ള അവകാശം. ര. ജംഗമ-സ്ഥാവര സ്വത്തുക്കൾ കൈവശം വയ്ക്കുന്നതിനുള്ള അവകാശം. റ. നിയമാനുസൃതം അത്തരം സ്വത്തുക്കൾ നോക്കിനടത്തുന്നതിനുള്ള അവകാശം.

27. ഏതെങ്കിലുമൊരു മതത്തെ സാമ്പത്തികമായോ മറ്റോ സഹായിക്കാൻ സ്റ്റേറ്റിന് അനുമതിയില്ല.

28. ചില പ്രത്യേക വിദ്യാഭ്യാസസ്ഥാപനങ്ങളിൽ മതപരമായ നിർദേശങ്ങളും, മതപരമായ ആരാധനകളും നടപ്പിലാക്കുന്നതിനുള്ള സ്വാതന്ത്ര്യം. 1) സ്റ്റേറ്റിന്റെ ഫണ്ടുകൊണ്ടു പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ മതബോധനം നടത്താൻ പാടുള്ളതല്ല. 2) വകുപ്പ് 28ന്റെ 1ാം അനുച്ഛേദത്തിൽ പറഞ്ഞിട്ടുള്ളതൊന്നും സ്റ്റേറ്റ് നടത്തുന്നതും മതബോധം അവശ്യമായിട്ടുള്ള ഏതെങ്കിലും സമിതി സ്ഥാപിച്ചിട്ടുള്ളതുമായ സ്ഥാപനങ്ങൾക്ക് ബാധകമല്ല. 3) സ്റ്റേറ്റ് അംഗീകരിച്ചിട്ടുള്ളതോ സ്റ്റേറ്റ് ധനസഹായം ലഭിക്കുന്നതോ ആയ വിദ്യഭ്യാസ സ്ഥാപനങ്ങളിലെ മതബോധനത്തിന് വിദ്യാർഥിയുടേയോ വിദ്യാർഥി മൈനറാണെങ്കിൽ കുട്ടിയുടെ മാതാപിതാക്കളുടെയോ സമ്മതം ആവശ്യമാണ്.

* സ്റ്റേറ്റ് എന്ന വാക്കിന്റെ വിവക്ഷ കേന്ദ്ര സംസ്ഥാന തദ്ദേശ ഭരണകൂടങ്ങളും പാർലമെന്റും ലെജിസ്ളേറ്റിവ് അസംബ്ലിയും അടങ്ങുന്നതാകുന്നു.

ഈ അനുച്ഛേദങ്ങൾ വായിക്കുന്ന ഏതൊരാൾക്കും രാജ്യത്ത് നിലനിൽക്കുന്ന വിവിധ മതവിഭാഗങ്ങൾക്ക് ഭരണഘടന നൽകുന്ന അവകാശത്തെ കുറിച്ച് മനസ്സിലാക്കാൻ പ്രയാസമില്ല. ഇന്ത്യയിൽ ധാരാളം പ്രബോധക സംഘങ്ങളുണ്ട്. അവയിൽ മിക്കതും ഇന്ത്യയിലെ രജിസ്ട്രേഷൻ ആക്റ്റ് അനുസരിച്ച് പ്രവർത്തിക്കുന്ന സംഘങ്ങളാണ്. പ്രബോധനം പാടില്ലെങ്കിൽ പ്രബോധക സംഘങ്ങൾക്ക് രജിസ്ട്രേഷൻ അനുവദിക്കാൻ പാടില്ലല്ലോ. ഹൈന്ദവ ദർശനത്തെ പ്രബോധനം ചെയ്യുന്ന എത്രയോ സംഘങ്ങളും പ്രസ്ഥാനങ്ങളും രാജ്യത്തുണ്ട്. മഹാഭൂരിപക്ഷം വരുന്ന ഹൈന്ദവ ജനവിഭാഗം മതസഹിഷ്ണുതയെ അംഗീകരിക്കുന്നവരും ഉൾക്കൊള്ളുന്നവരുമാണ്. ഇസ്ലാമിക പ്രബോധകരോട് ആശയപരമായി സംവദിക്കുന്ന ധാരാളം ഹൈന്ദവ പ്രബോധകരുണ്ട്. അവർ പരസ്പരം ഏറ്റവും നല്ല സൗഹൃദം പങ്കുവെക്കുന്നുവെന്നതാണ് യാഥാർഥ്യം. ഇപ്പോൾ പോലീസിന്റെ പക്ഷപാതപരമായ സമീപനങ്ങൾക്ക് വിധേയരായ സഹോദരങ്ങൾ തന്നെ പ്രചരിപ്പിച്ച സാഹോദര്യ സന്ദേശങ്ങൾ വായിച്ചിട്ടുള്ള ഹൈന്ദവ സഹോദരങ്ങൾ ഇത്തരം സന്ദേശങ്ങളാണ് കാലഘട്ടത്തിനാവശ്യമെന്നും അഭിപ്രായപ്പെട്ടതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സനാതന മൂല്യങ്ങൾ ഉൾക്കൊള്ളുന്ന ഹൈന്ദവ മതത്തിന്റെ ആശയങ്ങളും ദർശനങ്ങളുമാണ് ശരിയെന്നു വിശ്വസിക്കാനും പ്രചരിപ്പിക്കാനും ഇന്ത്യയിലെ മുഴുവൻ ഹൈന്ദവ വിശ്വാസികൾക്കും അവകാശമുണ്ട്. അത് മറ്റുള്ള മത സമൂഹങ്ങളിലും വിശ്വാസികളിലുമെല്ലാം പ്രചരിപ്പിക്കുന്നതിന് ഭരണഘടനാനുസൃതമായി അവർക്ക് അവകാശവുമുണ്ട്. ഇതര മതവിഭാഗങ്ങൾക്കും ഇതേ സ്വാതന്ത്ര്യമുണ്ട്. എന്നാൽ ഇന്ത്യൻ പീനൽ കോഡിലെ ചില വകുപ്പുകൾ ചൂണ്ടിക്കാട്ടി മതപ്രബോധനത്തെ തന്നെ ഹനിക്കാനുള്ള ശ്രമമാണ് പോലീസിന്റെ ഭാഗത്ത് നിന്നും ഇപ്പോഴുണ്ടായിരിക്കുന്നത്. മതവിഭാഗങ്ങൾക്കിടയിൽ ശത്രുതയും വിദ്വേഷവും ജനിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളോ സംസാരങ്ങളോ ഉണ്ടാക്കാൻ ആരെങ്കിലും ശ്രമിച്ചാൽ അവർക്കെതിരെ കേസെടുക്കുകയും ശിക്ഷ നടപ്പാക്കുകയും ചെയ്യണമെന്ന് പറയുന്ന 153A പോലെയുള്ള വകുപ്പുകൾ ചുമത്തി സമാധാന സന്ദേശം പ്രചരിപ്പിക്കുകയും മൗലികാവകാശമായ മതപ്രബോധനം നിർവഹിക്കുകയും ചെയ്യുന്നവർക്കെതിരെ ജാമ്യം പോലും ലഭിക്കാൻ സാധിക്കാത്ത തരത്തിൽ പോലീസ് പ്രവർത്തിക്കുന്നതിന്റെ സാംഗത്യമാണ് കേരളത്തിലെ ഉൽബുദ്ധരായ ജനങ്ങൾക്ക് മനസ്സിലാവാത്തത്. സംസ്ഥാന സർക്കാർ വിഷയങ്ങളിൽ സത്യസന്ധമായി ഇടപെട്ടുകൊണ്ട് എല്ലാ മതവിഭാഗങ്ങൾക്കും മൗലികാവകാശങ്ങളുടെ അടിസ്ഥാനത്തിലുള്ള നീതി ഉറപ്പാക്കാൻ ശക്തമായി ഇടപെടുകയാണ് വേണ്ടത്.

അബ്ദുൽ മാലിക് സലഫി
malikmorayur114@gmail.com

ലേഖനം

# ഹജ്ജും ചില വികല വിശ്വാസങ്ങളും

ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിൽ അഞ്ചാമത്തേതാണ് ഹജ്ജ് കർമം. കഴിവുള്ളവൻ ജീവിതത്തിലൊരിക്കൽ നിർവഹിക്കേണ്ട ഈ ആരാധനാകർമത്തിന്റെ പുണ്യം ചെറുതല്ല. നവജാത ശിശുവിനെ പോലെ പാപരഹിതനായി മാറുവാൻ സാധിക്കുന്ന കർമം! ക്വുർആനിൽ 'ഹജ്ജ്' എന്ന നാമത്തിൽ ഒരധ്യായം തന്നെ കാണാം. ഈ ഹജ്ജ് കർമവുമായി ബന്ധപ്പെട്ട് നിരവധി വികല വിശ്വാസങ്ങൾ സമൂഹത്തിലുണ്ട്. അത്തരം ചില വികല വിശ്വാസങ്ങളെ വിശകലനം ചെയ്യാനാണിവിടെ ഉദ്ദേശിക്കുന്നത്.

**ഹജ്ജ് ആഗോള ഉറൂസോ?**

മഹാന്മാരുടെ മക്ബറകൾ കെട്ടിയുയർത്തി അവിടെ ആഘോഷങ്ങൾ വർഷാവർഷം നടത്തി, ദീനിനെ വ്യവസായവത്കരിച്ച ചിലർ കേരളത്തിലും മറ്റുമുണ്ട്. തങ്ങളുടെ ഇത്തരം വിശ്വാസാചാരങ്ങൾക്ക് പ്രമാണങ്ങളിൽ യാതൊരു തെളിവും കാണാതിരുന്നപ്പോൾ പൗരോഹിത്യം കണ്ടെത്തിയ പുതിയ തെളിവാണ് "ഉറൂസ് എന്നത് ലോകത്ത് എല്ലായിടത്തും നടത്തപ്പെടുന്നുണ്ട്. ഹജ്ജ് തന്നെ ഒരു ആഗോള ഉറൂസാണ്" എന്നത്! ഹജ്ജ് വർഷാവർഷം നടന്നുവരുന്നു. അതുപോലെയാണ് ഉറൂസുകളും! രണ്ടും ഒരുപോലെയാണ്! ഇതാണ് പുതിയ വ്യാഖ്യാനം! വല്ലാത്ത തെളിവു തന്നെ. ഹജ്ജിന്റെ തെളിവുകൾ ക്വുർആനിലും സുന്നത്തിലും നിറഞ്ഞുകിടക്കുന്നുണ്ട്. എന്നാൽ ഉറൂസിന്റെതോ? എവിടെയുമില്ല! പ്രവാചകനോ സ്വഹാബത്തിനോ പരിചിതമല്ലാത്ത ഈ ശിർക്കൻ ആചാരത്തെ തൗഹീദിന്റെ ശബ്ദത്തെ വാനിലുയർത്തുന്ന ഹജ്ജുമായി കൂട്ടിക്കെട്ടുന്നത് തികഞ്ഞ അപരാധമാണ്.

**ഹജ്ജിൽ ഇസ്തിഗാസ!**

പ്രാർഥന അല്ലാഹുവോടു മാത്രം എന്ന തൗഹീദിന്റെ വിളംബരമാണ് ഹജ്ജ് കർമങ്ങളിലുടനീളമുള്ളത്. ഇതിന് ഇസ്തിഗാസയുടെ പേരിൽ ശിർക്കിന്റെ ചായം പൂശാനാണ് മുസ്‌ല്യാക്കന്മാർ ഇന്ന് പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഒരു മുസ്‌ല്യാരുടെ വാക്കുകൾ കാണുക: "ഹജറുൽ അസ്‌വദ് അനേകായിരം അമ്പിയാക്കളുടെയും ഔലിയാക്കളുടെയും സ്വാലിഹീങ്ങളുടെയും സ്പർശനം ഏറ്റിട്ടുള്ള പുണ്യഫലകമാണ്. അവരോടുള്ള ബന്ധം സ്ഥാപിക്കാനും അവരുടെ ബർക്കത്തിനും വേണ്ടി അതിനെ ചുംബിക്കുന്നു" (നിസ്കാരവും ഹജ്ജും സുന്നികൾക്ക് മാത്രം. ഇ.കെ.ഹസൻ മുസ്‌ല്യാർ. പേജ് 64).



മഹാന്മാരുടെ ബർക്കത്തിന് വേണ്ടിയാണ് പോലും ഹജറുൽ അസ്‌വദിനെ മുത്തുന്നത്! ഹജറുൽ അസ്‌വദിനെ മുത്താൻ പഠിപ്പിച്ച പ്രവാചകൻﷺ ഇങ്ങനെയൊരു കാര്യം പഠിപ്പിച്ചിട്ടില്ല. സ്വർഗത്തിൽനിന്നു കൊണ്ടുവരപ്പെട്ട കല്ലാണ് എന്നതും നബിﷺ അതിനെ ചുംബിച്ചിട്ടുണ്ട് എന്നതുമാണ് അതിന്റെ പ്രത്യേകത. അതിന് യാതൊരു ദൈവികതയുമില്ല. അതിനെ മുത്തുന്നത് മഹാന്മാരുടെ ബർകത്തെടുക്കാനുമല്ല.

വീണ്ടും എഴുതുന്നു: "കഅ്ബാ ശരീഫ് പുനർനിർമാണം നടത്തിയ ഇബ്‌റാഹീം നബിعليه السلامയെ കഅ്ബ ത്വവാഫ് ചെയ്തു. റബ്ബിനോടടുക്കുന്നവർ സ്മരിക്കുവാനും അവിടുത്തെ കാലടി വെച്ച സ്ഥലത്തിന്റെ ബർക്കത്തെടുക്കാനും ഇങ്ങനെ ഒരു നിസ്‌കാരം നിശ്ചയിക്കപ്പെട്ടു" (അതേപുസ്തകം, പേജ്: 65).

നോക്കൂ! ഇബ്‌റാഹീം നബിعليه السلامയുടെ കാലടിയുടെ ബർകത്തെടുക്കാനാണ് മക്വാമു ഇബ്‌റാഹീമിലെ നമസ്‌കാരമെന്ന് ഇവരെ ആരാണ് പഠിപ്പിച്ചത്? ദീൻ പഠിപ്പിക്കാൻ അല്ലാഹു നിയോഗിച്ച പ്രവാചകൻﷺ അതു പഠിപ്പിച്ചില്ല. സ്വഹാബത്തും അങ്ങനെ വിശ്വസിച്ചിട്ടില്ല.

**കഅ്ബയും ഇടതേട്ടവും**

ഇ.കെ.ഹസൻ മുസ്‌ലിയാർ എഴുതുന്നു: "കഅ്ബയിലേക്ക് തിരിഞ്ഞു നിന്ന് തക്ബീർ ചൊല്ലുകയും ഉടനെ തന്നെ മേൽപറഞ്ഞതു പ്രകാരം പറയുകയും ചെയ്യുന്നത് അല്ലാഹു കഅ്ബയിലുണ്ടെന്ന് കരുതിയാണോ? അല്ല! അല്ലാഹു കഅ്ബയുടെ ഉള്ളിലല്ലെങ്കിൽ പിന്നെന്തിനാണ് അങ്ങോട്ട് തിരിയുന്നത്? അത് മറ്റൊന്നിനുമല്ല, അല്ലാഹുവിനു ചെയ്യുന്ന നിസ്‌കാരമായ ആരാധന നബിﷺയുടെ തൃപ്തിയും പൊരുത്തവും സമ്പാദിച്ചു കൊണ്ടാവാനും നബിയെ കൊണ്ടുള്ള ഇടതേട്ടത്തിലൂടെ ആയിരിക്കാനും വേണ്ടിയാണ്" (അതേപുസ്തകം, പേജ് 32).

പടിഞ്ഞാറോട്ട് തിരിയുന്നത് അമ്പിയാക്കളുടെ പൊരുത്തം നേടാനത്രെ! അല്ലാഹു അല്ലാത്ത ഒരാളുടെ പൊരുത്തം ആഗ്രഹിച്ച് ചെയ്യുന്ന ആരാധന നിഷ്ഫലമാണ്. അത് ശിർക്കാണ്. പ്രമാണങ്ങൾ ആവർത്തിച്ച് പഠിപ്പിച്ച തത്ത്വത്തിന് എതിരായ സംഗതിയുമാണ്. ആരാധനകൾ സ്രഷ്ടാവിൽനിന്ന് സൃഷ്ടികളിലേക്ക് തിരിച്ചുവിടാൻ ഗവേഷണം നടത്തുന്നവർ വിശ്വാസികളെ എങ്ങോട്ടാണ് നയിക്കുന്നത്?

**അലി ശരീഅത്തിയുടെ ഹജ്ജ്**

ശിഈ ചിന്തകളെ ബൗദ്ധികമായി സമൂഹത്തിൽ അവതരിപ്പിക്കാൻ ശ്രമിച്ച വ്യക്തിയാണ് അലി ശരീഅത്തി. ശീഇസത്തോട് ഒട്ടിനിൽക്കാൻ ആഗ്രഹിക്കുന്നവർക്ക് അയാളുടെ ലേഖനങ്ങളും കൃതികളും വലിയ സംഗതിയാണ്. മലയാളത്തിലേക്ക് അത്തരം ചില കൃതികൾ പരിഭാഷപ്പെടുത്തപ്പെട്ടിട്ടുമുണ്ട്. അത്തരം വിവർത്തകർ ഇന്ന് ശീഇസം കേരളത്തിൽ വിരിയിച്ചെടുക്കാനുള്ള അണിയറ പ്രവർത്തനങ്ങളിലുമാണ്.

'ഹജ്ജ്' എന്ന പേരിൽ അലി ശരീഅത്തിക്കൊരു കൃതിയുണ്ട്. ശീഇകൾ എങ്ങനെയാണ് ഹജ്ജിനെ വിലയിരുത്തുന്നത് എന്ന് ആ കൃതി വായിച്ചാൽ വ്യക്തമാകും. അതിലെ 'നിങ്ങളുടെ ഇസ്മാഈലിനെ ബലിയറുക്കുക' എന്ന ഒരു അധ്യായം ജമാഅത്തുകാർ 'പ്രബോധന'ത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ശരീഅത്തി ഇസ്‌ലാമിസ്റ്റുകൾക്ക് ആവേശ നായകനാണല്ലോ. പ്രസ്തുത ലേഖനത്തിലെ ചിലരികൾ കാണുക: "അപ്പോഴാണ് കൽപന വരുന്നത്. ഇബ്‌റാഹീം, താങ്കൾ താങ്കളുടെ മകന്റെ കഴുത്തിന് കത്തി വെക്കുക. സ്വന്തം കരങ്ങൾ കൊണ്ട് അവനെ ബലിയറുക്കുക. ഈ കൽപന വന്നപ്പോൾ ഇബ്‌റാഹീമിനുണ്ടായ നടുക്കം എങ്ങനെ വിവരിക്കാനാവും? ദൃക്‌സാക്ഷികളായി നാം അവിടെ ഉണ്ടായിരുന്നാൽ പോലും അത് സാധ്യമല്ല. ദൈവത്തിന്റെ വിനയാന്വിതനായ ദാസനും ചരിത്രത്തിലെ ഏറ്റവും മഹാനായ വിപ്ലവകാരിയുമായ ഇബ്‌റാഹീം പൊട്ടിക്കരയാൻ തുടങ്ങി. കൽപനകേട്ട് അദ്ദേഹം ഞെട്ടിത്തരിച്ചു! ഒരു പ്രവാചകൻ എന്ന നിലയിൽ താങ്കൾ പരിപൂർണതയുടെ ഉച്ചിയിലെത്തി. എന്നാൽ അനുസരണത്തിൽ താങ്കളിനിയും പരിപൂർണത നേടിയിട്ടില്ല. പിശാചും അല്ലാഹുവും തമ്മിലുള്ള സംഘട്ടനത്തിൽ ഇബ്‌റാഹീം പരാജയപ്പെട്ടു... രണ്ടാം പ്രാവശ്യവും പരാജയപ്പെട്ടു... പക്ഷേ, എന്തൊരു നാശം പിടിച്ച കത്തി. കഴുത്ത് മുറിയുന്നില്ല. കോപത്തോടെ ഇബ്‌റാഹീം കത്തിയെറിഞ്ഞു... ദൈവത്തെ സമീപിക്കുവാനായി നിങ്ങൾ സ്വന്തം ഇസ്മാഈലിനെ ബലിയർപിക്കണം. പകരം കൊറ്റനാടിനെ നിങ്ങൾ തന്നെ തെരഞ്ഞെടുക്കരുത്. അത് സർവശക്തൻ ചെയ്തു തരേണ്ടതാണ്. ഇസ്മാഈലിനു പകരം ഒരു ആടിനെ അറുക്കുന്നത് ബലിയാണ്. ബലിക്ക് വേണ്ടി മാത്രം ആടിനെ അറുക്കുന്നത് കശാപ്പും" (പ്രബോധനം, 1987 ആഗസ്റ്റ് 1).

പ്രവാചകന്മാരെ കുറിച്ച് ഏറെ വികല വിശ്വാസ

ങ്ങൾ നിറഞ്ഞ ഈ ലേഖനം കൈരളിക്ക് 'സമ്മാനിച്ചതിന്റെ' ക്രെഡിറ്റ് ജമാഅത്തുകാർക്കുതന്നെ! ഇബ്‌റാഹീം നബിﷺ പതറി എന്നും പിശാചിനോട് തോറ്റു എന്നുമൊക്കെ ശിയാക്കൾക്കല്ലാതെ പറയാനാവില്ല; പിന്നെ അവരുടെ പാതയിൽ സഞ്ചരിക്കുന്നവർക്കും! ഇസ്‌ലാമിക വിശ്വാസങ്ങളുടെ കടക്കൽ കത്തിവെക്കുന്നതാണ് ഈ ലേഖനം എന്നതിൽ സംശയമില്ല.

**ഹജ്ജും ചേകന്നൂരിസവും**

ഇസ്‌ലാമിനെ അടിമുടി മാറ്റിയെഴുതാൻ ശ്രമിച്ച വ്യക്തിയാണ് ചേകനൂർ മൗലവി. മോഡേണിസത്തിന്റെ വിഷവിത്തുകൾ തലയിലേറ്റി ഇസ്‌ലാമിന്റെ കുപ്പായമിട്ട് കേരളത്തിൽ പ്രവർത്തിച്ച അയാൾ എഴുതിയ ഒരു കൃതിയുടെ പേര് 'ക്വുർആനിൽ ഹജ്ജിനുള്ള സ്ഥാനവും രൂപവും' എന്നാണ്. അതിന്റെ പുറം ചട്ടയിലെ ചില വരികൾ ഇങ്ങനെയാണ്: "അഞ്ച് ഇസ്‌ലാം കാര്യങ്ങളിൽ ഹജ്ജ് പെടുകയില്ല. ക്വുർആനിൽ പത്താമത്തെ ഇസ്‌ലാം കാര്യമാണ് ഹജ്ജ്. അതേറ്റവും പുണ്യം കുറഞ്ഞതുമാണ്. ഹജ്ജ് മൂലം വിജയമുണ്ടെന്നോ സ്വർഗമുണ്ടെന്നോ പാപം പൊറുക്കപ്പെടുമെന്നോ ക്വുർആനിലെവിടെയുമില്ല. മക്കാനിവാസികളുടെ ജീവിത നിലനിൽപും നിരർഥകരുടെ വ്യാപാരനേട്ടവുമാണ് ഹജ്ജിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്. ഹജ്ജിലെ ഓട്ടം, ചാട്ടം, അർധനഗ്നത, കല്ല് ചുംബിക്കൽ, കല്ലേറിയൽ എന്നിവ ക്വുർആൻ വിരുദ്ധമായ ജാഹിലീ ആചാരങ്ങൾ. നാട്ടിലെ അവശത തീർക്കാതെ ഹജ്ജിന് പോകാൻ പാടുള്ളതല്ല! സകാത്ത് നൽകാതെ ഹജ്ജ് ചെയ്യുന്നത് വൻകുറ്റമാണെന്ന് വിശുദ്ധ ക്വുർആൻ കൊണ്ട് തെളിയുന്നു" (ക്വുർആനിൽ ഹജ്ജിനുള്ള സ്ഥാനവും രൂപവും. മൗലവി ചേകനൂർ).

മോഡേണിസം എങ്ങനെയാണ് ഇസ്‌ലാമിലെ ആരാധനകളെ കശാപ്പ് ചെയ്യുന്നത് എന്നതിന്റെ നേർചിത്രമാണ് നാം വായിച്ചത് ഇസ്‌ലാമിലെ ഹജ്ജും ചേകന്നൂരികളുടെ ഹജ്ജും തമ്മിൽ എത്രമാത്രം ബന്ധമുണ്ടെന്ന് ഇതിലൂടെ ബോധ്യമായല്ലോ.

**സംസം വെള്ളത്തിനു പുണ്യമില്ലെന്നോ?**

സംസം വെള്ളം സാധാരണ വെള്ളമാണെന്നും അതിന് യാതൊരു പ്രത്യേകതയുമില്ലെന്നും കേരളത്തിൽ ആദ്യം പ്രചരിപ്പിച്ചത് ചേകനൂർ മൗലവി ആയിരുന്നു. എന്നാൽ പിന്നീട് ആ ശബ്ദം ഏറ്റുപാടാൻ മുജാഹിദ് പ്രസ്ഥാനത്തിലെ ചില 'ആധുനികന്മാർ' രംഗത്തുവന്ന കാഴ്ചയാണ് നാം കണ്ടത്. സംസം രോഗശമനിയല്ല, മഴവെള്ളം പോലെ ഒരു വെള്ളം എന്നൊക്കെയാണവരുടെ പുത്തൻ വാദങ്ങൾ. എന്നാൽ ഏറെ പുണ്യം നിറഞ്ഞ വെള്ളമാണ് സംസം എന്നത് പ്രമാണങ്ങളിൽ സ്ഥിരപ്പെട്ടതാണ്. ചില ഹദീഥുകൾ പരിശോധിക്കാം:

മിഅ്റാജിനുമുമ്പ് നബിﷺയുടെ ഹൃദയം കഴുകി

**സംസം വെള്ളം സാധാരണ വെള്ളമാണെന്നും അതിന് യാതൊരു പ്രത്യേകതയുമില്ലെന്നും കേരളത്തിൽ ആദ്യം പ്രചരിപ്പിച്ചത് ചേകനൂർ മൗലവി ആയിരുന്നു. എന്നാൽ പിന്നീട് ആ ശബ്ദം ഏറ്റുപാടാൻ മുജാഹിദ് പ്രസ്ഥാനത്തിലെ ചില 'ആധുനികന്മാർ' രംഗത്തുവന്ന കാഴ്ചയാണ് നാം കണ്ടത്. സംസം രോഗശമനിയല്ല, മഴവെള്ളം പോലെ ഒരു വെള്ളം എന്നൊക്കെയാണവരുടെ പുത്തൻ വാദങ്ങൾ. എന്നാൽ ഏറെ പുണ്യം നിറഞ്ഞ വെള്ളമാണ് സംസം എന്നത് പ്രമാണങ്ങളിൽ സ്ഥിരപ്പെട്ടതാണ്.**

യത് സംസം വെള്ളം കൊണ്ടായിരുന്നു (ബുഖാരി: 349). സംസം വെള്ളം കുടിപ്പിക്കുന്നതിനെ സ്വാലിഹായ പ്രവർത്തനം എന്ന് നബിﷺ വിശേഷിപ്പിച്ചു (ബുഖാരി: 1637). സംസം തടഞ്ഞുവെക്കപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ അതൊരു ഒഴുകുന്ന അരുവിയാകുമായിരുന്നുവെന്ന് നബിﷺ പറഞ്ഞു (ബുഖാരി: 2368). പനിക്കുന്നവനെ സംസം കൊണ്ട് തണുപ്പിക്കാൻ നബിﷺ പറഞ്ഞു (ബുഖാരി: 3216). നബിﷺ സംസം കൊണ്ടുപോകാറുണ്ടായിരുന്നു. ആയിശ‍ؓയും അപ്രകാരം പ്രവർത്തിച്ചിരുന്നു. (തിർമിദി: 963) സംസം എന്തിനുവേണ്ടി കുടിക്കപ്പെടുന്നുവോ അതിനുവേണ്ടിയുള്ളതാണ് എന്ന് നബിﷺ പറഞ്ഞു (ഇബ്നുമാജ: 3062, അഹ്മദ്: 14849). ഇബ്നു അബ്ബാസ്ؓ നബിﷺക്ക് സംസം വെള്ളം കുടിക്കാൻ നൽകി (ഇബ്നുമാജ: 3422). ത്വവാഫിനുശേഷം നബിﷺ സംസം കുടിച്ചു, കുറച്ച് തലയിലൂടെ ഒഴിച്ചു (അഹ്മദ്: 15243).

ഇതെല്ലാം പ്രമാണങ്ങളിൽ സ്ഥിരപ്പെട്ടുവന്നതാണ്. എന്നിട്ടും സംസം സാധാരണ വെള്ളമാണെന്ന് പറയുന്നവരുടെ ലക്ഷ്യമെന്താണ്?

"സംസം വെള്ളം അനുഗൃഹീതമായ വെള്ളമാണ്, അത് വിശപ്പിന് ഭക്ഷണമാണ് എന്ന് നബിﷺ പറഞ്ഞതു മാത്രമാണ് സ്ഥിരപ്പെട്ടത്" (ശബാബ് വാരിക, 2015 ആഗസ്റ്റ്14).

മുകളിൽ നാം കണ്ട നിരവധി പ്രത്യേകതകളെ ഒറ്റയടിക്ക് തള്ളി, 'അനുഗൃഹീതമായ വെള്ളം' എന്നതിനെ

മാത്രം അംഗീകരിക്കുന്നവർ തുടർന്നെഴുതുന്നത് കൂടി കാണുക: "മഴവെള്ളത്തെ സംബന്ധിച്ച് അനുഗൃഹീത വെള്ളമെന്ന് സൂറത്തു ക്വാഫിൽ പറയുന്നുണ്ട്. ഇതിന്റെ വിവക്ഷ രോഗശമനമാണ് എന്നല്ല." അപ്പോൾ മഴവെള്ളം പോലെ ഒരു വെള്ളം. അത്രമാത്രം! സംഘടനയുടെ ഔദ്യോഗിക വാരികയിലെ ഈ വരികൾ ഇപ്പോഴും തിരുത്തപ്പെടാതെ നിലനിൽക്കുകയാണ്. ഈ വിശ്വാസം ഒരിക്കലും ഇസ്‌ലാമികല്ല. ഇത് മോഡേണിസത്തിന്റെ മണമുള്ള വരികളാണ്. സംസം രോഗശമനിയാണെന്നും പനിക്കുന്നവർക്ക് അതുപയോഗിക്കാമെന്നുമൊക്കെ പ്രവാചകൻﷺ പറയുമ്പോഴും ശബാബ് ചോദിക്കുന്നു; സംസം രോഗശമനിയോ എന്ന്! (ശബാബ്, 2015 ആഗസ്റ്റ്14).

**ഹജറുൽ അസ്‌വദ് സാധാരണ കല്ലോ?**

കഅ്ബിയലുള്ള ഹജറുൽ അസ്‌വദിനെ മുസ്‌ലിം ലോകം ഏറെ ആദരവോടെയും പുണ്യത്തോടെയുമാണ് ദർശിക്കുന്നത്. അത് സാധാരണ കല്ലല്ല. നിരവധി പ്രത്യേകതകൾ അതിനുണ്ടെന്ന് പ്രമാണങ്ങൾ നമ്മെ പഠിപ്പിക്കുന്നുണ്ട്. നബിﷺ ഹജറുൽ അസ്‌വദിനെ മുത്തിയിട്ടുണ്ട്. (ബുഖാരി: 1597). നബിﷺ ത്വവാഫ് ആരംഭിച്ചത് ഹജറുൽ അസ്‌വദിന്റെ അടുത്ത് നിന്നാണ്.(മുസ്‌ലിം: 1263). ഹജറുൽ അസ്‌വദ് സ്വർഗത്തിൽ നിന്നുള്ള കല്ലാണ്. (തിർമിദി: 8777, നസാഈ: 2935). അത് ഹിമത്തെക്കാൾ വെളുത്തതായിരുന്നു. മനുഷ്യരുടെ പാപങ്ങളാണതിനെ കറുപ്പിച്ചത്. (തിർമിദി:877).

അപ്പോൾ, ഭൂമിയിലെ കല്ലുപോലെ ഒരു സാധാരണ കല്ലല്ല ഹജറുൽ അസ്‌വദ് എന്നു വ്യക്തം. മക്കയിലെ ബഹുദൈവ വിശ്വാസികൾ പോലും അതിനെ ആദരിച്ചിരുന്നു. കഅ്ബ പുതുക്കി പണിതപ്പോൾ ഹജറുൽ അസ്‌വദ് വെക്കാൻ അവർ പരസ്പരം തർക്കിച്ചതും നബി ﷺ ആ പ്രശ്നം പരിഹരിച്ചതും ചരിത്രത്തിൽ അറിയപ്പെട്ടതാണല്ലോ. എന്നാൽ, ശബാബിലെ വരികൾ കാണുക: "ആദ്യകാലത്തെ പ്രഗത്ഭരായ മുജാഹിദ് പണ്ഡിതന്മാർ ഹജറുൽ അസ്‌വദിന് യാതൊരു പ്രത്യേകതയും കൽപിച്ചിരുന്നില്ല. കാരണം ഹദീഥിൽ നിന്ന് മനസ്സിലായത് സാധാരണ കല്ലുപോലെയുള്ള ഒരു കല്ലായിട്ടാണ്" (ശബാബ്, 2015 ആഗസ്റ്റ് 7).

ഹജറുൽ അസ്‌വദ് സ്വർഗത്തിൽനിന്നുള്ള കല്ലാണ് എന്ന ഹദീഥ് നാം കണ്ടു. എന്നിട്ടും ശബാബുകാരന് മനസ്സിലായത് അതൊരു സാധാരണ കല്ലായിട്ടാണ്!

വീണ്ടും എഴുതി: "ചുരുക്കത്തിൽ ഹജറുൽ അസ്‌വദ് ഒരു സാധാരണ കല്ലാണ്. അതിനെ ചുംബിക്കുന്നവർക്കും തൊട്ടുമുത്തുന്നവർക്കും രണ്ടുലോകത്തും യാതൊരു ഉപകാരവും അത് ചെയ്യുകയില്ല. അതിനെ ചുംബിക്കുന്നവരെ അത് അറിയുകയില്ല. സാധാരണ കല്ലുപോലെ തന്നെ."

വീണ്ടും എഴുതി: "ഇത്തരം തെറ്റായ ധാരണകൾ വെച്ചുപുലർത്തുന്നതുകൊണ്ടാണ് ഹജ്ജിനും ഉംറക്കും വരുന്ന സാധാരണക്കാർ ഹജറുൽ അസ്‌വദിന്റെ മുന്നിൽ വൻ തിരക്കുണ്ടാക്കി അധികൃതരെയും ഹാജിമാരെയും കഷ്ടപ്പെടുത്തുന്നത്."

ഇനി, നബിﷺ ഹജറിന്റെ പോരിശ പറഞ്ഞ ഒരു ഹദീഥിനെ കെ.എൻ.എം നേതാവ് നിഷേധിക്കുന്നത് ശ്രദ്ധിക്കുക: "ഹജറുൽ അസ്‌വദ് സ്വർഗത്തിൽ നിന്ന് കൊണ്ടുവന്ന കല്ലാണെന്നും പാപികളായ മനുഷ്യർ ചുംബിച്ചതുകൊണ്ട് വെട്ടിത്തിളങ്ങുന്ന കല്ല് കറുത്തുപോയതാണെന്നും പറയുന്ന ഹദീഥ് ചിലർ ഹജറുൽ അസ്‌വദിന്റെ പോരിശ സ്ഥാപിക്കാൻ ഉദ്ധരിക്കാറുണ്ട്. പാപികൾ ചുംബിച്ചതുകൊണ്ട് കറുത്തുപോയതാണെങ്കിൽ നബിﷺയും സ്വഹാബിമാരും ചുംബിച്ചതുകൊണ്ട് വെളുക്കുകയും ചെയ്യേണ്ടിയിരുന്നില്ലേ?" (ശബാബ്, 2015 ആഗസ്റ്റ് 7). ഇത് യുക്തിവാദമാണ്, ഈ രീതി സലഫികളുടേതല്ല.

"നബിﷺയും സ്വഹാബിമാരും ചുംബിച്ചാൽ വെളുപ്പിക്കാൻ അല്ലാഹുവിന് കഴിയാഞ്ഞിട്ടല്ല; അല്ലാഹു അത് ഉദ്ദേശിച്ചിട്ടില്ല. മാത്രമല്ല, മനുഷ്യരുടെ പാപങ്ങൾ കല്ലുകളിൽ വരെ സ്വാധീനം ചെലുത്തും എന്ന് പഠിപ്പിക്കാൻ കൂടിയാണ് അത് കറുപ്പായി തന്നെ അവശേഷിക്കുന്നത്" (ഫത്ഹുൽബാരി)

ഉമർؓ ഹജറുൽ അസ്‌വദിനെ കുറിച്ച് "ഉപകാരമോ ഉപദ്രവമോ വരുത്താൻ കഴിയാത്ത ഒരു കല്ലാണ് നീ" എന്ന് പറഞ്ഞ് തന്റെ ചുറ്റിലുമുള്ള പുതുമുസ്‌ലിംകളെ, മുശ്‌രിക്കുകൾ വിഗ്രഹങ്ങളെ കാണുന്നതുപോലെയല്ല മുസ്‌ലിംകൾ ഹജറുൽ അസ്‌വദിനെ കാണുന്നത് എന്നും, ഹജറിന് യാതൊരു ദൈവികതയുമില്ല എന്നവരെ പഠിപ്പിക്കാനും വേണ്ടിയായിരുന്നു. അതേ ഉമർؓ ഹജറിനെ മുത്തിയിട്ടുണ്ട്.

മോഡേണിസ്റ്റുകൾ കേരളത്തിൽ പ്രചരിപ്പിക്കാൻ ശ്രമിച്ച ചില കാര്യങ്ങൾ ഇപ്പോൾ കെ.എൻ.എമ്മിലൂടെ 'ഔദ്യോഗിക'മായി തന്നെ പുറത്തുവന്നുകൊണ്ടിരിക്കുന്നു എന്നതാണ് ഇതിന്റെയൊക്കെ ചുരുക്കം. ആദർശബോധമുള്ളവർ ചിന്തിക്കട്ടെ! ●

ടി.കെ.അശ്റഫ്
thorakkattilashraf@gmail.com

ലേഖനം



# മൗലികാവകാശവിനിയോഗം മതസ്പർധ വളർത്തലോ?

**മു**ജാഹിദ് പ്രബോധന സംരംഭമായ വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷന്റെ ആഭിമുഖ്യത്തിൽ വർഷങ്ങളായി ഇസ്‌ലാമിക പ്രബോധന സംസ്‌കരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഒരു നൂറ്റാണ്ട് കാലമായി കേരളത്തിൽ പ്രവർത്തിച്ചുവരുന്ന മുജാഹിദ് പ്രസ്ഥാനത്തിന്റെ തുടർച്ചയാണ് ഈ കൂട്ടായ്മയും അത് നിർവഹിക്കുന്ന ദൗത്യവും. ഇസ്‌ലാമിന്റെ സമാധാന സന്ദേശം ജനങ്ങളിലെത്തിക്കുക, തെറ്റുധാരണകൾ അകറ്റുക, ആത്മീയ ചൂഷണത്തിനും തീവ്രവാദത്തിനുമെതിരെ ബോധവത്കരണം നടത്തുക, ഇന്ത്യയുടെ മതനിരപേക്ഷ നിലപാട് നിലനിർത്തുക, മാനവ സൗഹാർദം കാത്തുസൂക്ഷിക്കുക, സാമൂഹ്യ തിന്മകൾക്കെതിരേ ബോധവൽക്കരണം നടത്തുക, ജീവകാരുണ്യ ക്ഷേമ പ്രവർത്തനങ്ങളിൽ ഏർപ്പെടുക തുടങ്ങിയ വൈവിധ്യമാർന്ന പരിപാടികൾ ഈ കൂട്ടായ്മ സജീവമായി നടത്തിവരുന്നുണ്ട്.

കാലിക പ്രസക്തമായ പ്രമേയങ്ങൾ സ്വീകരിച്ചുകൊണ്ട് ജനസമ്പർക്ക പരിപാടികൾ നടത്തുകയെന്നത് ഈ കൂട്ടായ്മയുടെ പ്രധാന പ്രവർത്തനമാണ്. പ്രസ്തുത ലക്ഷ്യങ്ങൾ 2014 മെയ് പതിനൊന്നിന് കോഴിക്കോട് കടപ്പുറത്ത് പതിനായിരങ്ങൾ പങ്കെടുത്ത സമ്മേളനത്തിൽ പരസ്യമായി പ്രഖ്യാപിച്ചതുമാണ്. അന്നത്തെ ആഭ്യന്തര വകുപ്പ് മന്ത്രി ശ്രീ രമേശ് ചെന്നിത്തല, വ്യവസായ മന്ത്രി പി.കെ കുഞ്ഞാലിക്കുട്ടി തുടങ്ങിയവരും ഇടതുപക്ഷ നേതാക്കൾ, മാധ്യമ പ്രവർത്തകർ തുടങ്ങിയവരും ഇതിന് സാക്ഷികളുമാണ്.

'ജീവിതം എന്തിന് വേണ്ടി?' എന്ന കൊച്ചു പുസ്തകമാണ് പ്രധാനമായും വീടുകളിൽ വിതരണം ചെയ്യുന്നത്. കൂടാതെ ഐ.എസ് ഭീഷണി കേരളത്തിലേക്കും വ്യപിക്കുന്നുവെന്ന ഭീതിയുണ്ടായപ്പോൾ ഐ.എസ്: മതനിഷിദ്ധം, മാനവ വിരുദ്ധം എന്ന ലഘുലേഖയും ഒരു വർഷം മുമ്പ് മുതൽ വിതരണം ചെയ്ത് വരുന്നുണ്ട്. വർഗീയ ധ്രുവീകര ശ്രമങ്ങൾ വ്യാപകമാകുന്ന സമകാലിക സാഹചര്യത്തിൽ 'ഒരേ ഒരിന്ത്യ, ഒരൊറ്റ ജനത' എന്ന ശീർഷകത്തിൽ ആഗസ്റ്റ് 1 മുതൽ സെപ്തംബർ 30 വരെ നീണ്ടു നിൽക്കുന്ന സന്ദേശ പ്രചാരണത്തിന്റെ ഭാഗമായുള്ള ലഘുലേഖയും ഇപ്പോൾ വിതരണം ചെയ്യുന്നുണ്ട്. സമാന ആശയമുള്ള ലഘു കൃതികളും പ്രാദേശികമായി നൽകാറുണ്ട്. ഇതിന് വിവിധ ജനവിഭാഗങ്ങളിൽ നിന്ന് വർധിച്ച പിൻതുണയും ലഭിക്കുന്നുണ്ട്.

ജന്മനാടിനോടുള്ള സ്നേഹം മുസ്‌ലിമിന്റെ ബാധ്യതയാണ്, മദീനയിൽ ഇസ്‌ലാമിക ഭരണം വന്നപ്പോഴും ജൂത സമൂഹത്തിന് അവരുടെ വിശ്വാസാചരങ്ങൾ പാലിക്കാൻ പ്രവാചകൻ അനുവാ

(ശേഷം പേജ്: 24ൽ)

അബൂതൻസീൽ
mail@nerpatham.com

# നന്നാകാൻ ഒരു വഴി

പണ്ടു പണ്ട് ഒരു പട്ടണത്തിൽ ഒരു മഹാ പണ്ഡിതനുണ്ടായിരുന്നു. നാട്ടിലെ ഒരുപാട് ആളുകളുടെ ഗുരുവും മാതൃകയും ആയിരുന്ന അദ്ദേഹം പ്രയാസങ്ങൾ അനുഭവിക്കുന്ന ആളുകൾക്ക് വലിയ ആശ്വാസമായിരുന്നു.

ഒരിക്കൽ അദ്ദേഹത്തിന്റെ അടുത്ത് ഒരു യുവാവ് എത്തി. എന്നിട്ട് പറഞ്ഞു: "പണ്ഡിതരേ, ഒരു പാട് ചീത്ത ശീലങ്ങളുള്ള ഒരാളാണ് ഞാൻ. ഇതിൽ നിന്നും എനിക്ക് മുക്തി നേടണം. ഞാനെന്താണ് ചെയ്യേണ്ടത്?"

അദ്ദേഹം പറഞ്ഞു: "താങ്കൾ ഇനി മേലിൽ കളവ് പറയില്ല എന്ന് തീരുമാനിക്കുക. എന്ത് വന്നാലും കളവ് പറയാതിരിക്കുക. എന്നാൽ താങ്കൾക്ക് ഇപ്പോൾ ശീലമായിമാറിയ എല്ലാറ്റിൽ നിന്നും മോചനം ലഭിക്കും."

ആ യുവാവ് അദ്ദേഹത്തിന്റെ കരം പിടിച്ച് ഇനി ഒരിക്കലും കളവ് പറയില്ലെന്ന് ശപഥം ചെയ്തു. അവിടെ കൂടിയ ആളുകൾ കാൺകെ ആ പണ്ഡിതൻ അദ്ദേഹത്തെ ആശ്ലേഷിക്കുകയും എല്ലാവരും കേൾക്കെ യാത്ര പറയുകയും ചെയ്തു.

ആ രാത്രി അദ്ദേഹം പതിവുപോലെ പുറത്തിറങ്ങി. വർഷങ്ങളായി രാത്രിയിൽ മോഷണം നടത്തിയിരുന്ന അദ്ദേഹം ഇന്ന് എന്തു ചെയ്യണമെന്ന് ആലോചിച്ചു. രാവിലെ ആളുകൾ കാൺകെ അദ്ദേഹം പണ്ഡിതന് നൽകിയ ഉറപ്പിനെക്കുറിച്ചാലോചിച്ചു.

ഇന്നലെ നീ എന്തു ചെയ്തെന്ന് അദ്ദേഹം എന്നോട് ചോദിച്ചാൽ ഞാനെന്തു മറുപടി പറയും? സത്യം പറഞ്ഞാൽ അദ്ദേഹവും അവിടെയുള്ളവരും ഞാൻ കള്ളനാണെന്നു പറയും. ഇനിയും എന്നെ സംബന്ധിച്ച് അങ്ങനെ പറയുന്നത് ഞാനിഷ്ടപ്പെടുന്നില്ല. പോരാത്തതിന് ന്യായാധിപനിൽ നിന്ന് മോഷണക്കുറ്റത്തിന് ശിക്ഷ അനുഭവിക്കേണ്ടിയും വരും. കളവു പറഞ്ഞാൽ ഇന്ന് നൽകിയ ശപഥം വെറുതെയാവുകയും എന്റെ പാപത്തിൽ നിന്നും മോചനം ലഭിക്കാതിരിക്കുകയും ചെയ്യും.

എന്തായാലും വേണ്ടതില്ല, ഇന്ന് തൽക്കാലം മോഷണം നടത്തേണ്ട എന്ന് തീരുമാനിച്ച് അയാൾ വീട്ടിലേക്ക് തിരിച്ചു പോയി.

അടുത്ത ദിവസം അയാൾ മദ്യം വിൽക്കുന്ന ഒരു കടയുടെ മുമ്പിലൂടെ നടക്കുകയായിരുന്നു. അദ്ദേഹത്തിന് ശീലമായി മാറിയതാണ് മദ്യം കഴിക്കൽ. അതിനു മുമ്പിലൂടെ നടന്ന് പോകുമ്പോൾ മദ്യപിക്കാതിരിക്കൽ അയാൾക്ക് അസാധ്യമായിരുന്നു. പക്ഷേ, ഇന്നത്തെ ദിവസം ഞാനെങ്ങനെ കഴിച്ചു കൂട്ടിയെന്ന് അദ്ദേഹം അന്വേഷിച്ചാൽ ഞാനെന്ത് മറുപടി പറയും? കളവ് പറയാൻ എനിക്കേതായാലും ഇനി സാധ്യമല്ല. എന്നാൽ സത്യം പറഞ്ഞാലോ ആളുകൾ ഇനിയും എന്നെപ്പറ്റി എന്തു പറയും. അദ്ദേഹം എന്നെ വെറുക്കാനും സാധ്യതയുണ്ട്. കാരണം ഒരു വിശ്വാസിക്ക് മദ്യം ഹറാമാണല്ലോ! അയാൾ ചിന്തിച്ചു.

അങ്ങനെ ഓരോ പ്രാവശ്യവും ഓരോ തെറ്റ് ചെയ്യാനുദ്ദേശിക്കുമ്പോഴൊക്കെ ഇത്തരത്തിൽ അദ്ദേഹം ചിന്തിച്ചു. ചെയ്ത സത്യം മാറ്റിപ്പറയുന്നത് ശരിയല്ലെന്നുറച്ചു. ഇനിയും ചീത്ത പ്രവൃത്തികളിൽ തന്നെ മുഴുകിയാലുണ്ടാകുന്ന ആപത്തിനെക്കുറിച്ച് ചിന്തിച്ചു. അങ്ങനെ അയാൾ എല്ലാ ദുശ്ശീലങ്ങളിൽ നിന്നും മാറി മാറി നടക്കാൻ തുടങ്ങി. നന്മകൾ ധാരാളമായി ചെയ്യാനും തുടങ്ങി.

ഇതറിഞ്ഞ നാട്ടുകാർ അദ്ദേഹത്തെ സ്നേഹിക്കാനും വളരെ നന്നായി അദ്ദേഹത്തോട് ഇടപഴകാനും തുടങ്ങി. അതോടെ അദ്ദേഹം തീർത്തും ഉത്തമനായ ഒരു മനുഷ്യനായിത്തീർന്നു. സത്യസന്ധത നന്മയിലേക്കും നന്മ സ്വർഗത്തിലേക്കും നയിക്കുമെന്ന് നബിﷺ അരുളിയിട്ടുണ്ട്.

കുട്ടികളേ, സത്യവും സൽകർമങ്ങളും നമ്മെ സമൂഹത്തിലും അതിലുപരി സർവലോക രക്ഷിതാവിന്റെയടുത്തും ഏറ്റവും ഉത്തമരായി മാറാനും ആത്യന്തിക വിജയം വരിച്ച് സ്വർഗം കൈവരിക്കാനും എങ്ങനെയല്ലാം സഹായിക്കുമെന്ന് മനസ്സിലായല്ലോ. അതിനാൽ നാം സത്യം പറയുന്നവരും സൽകർമങ്ങൾ ചെയ്യുന്നവരുമായി ജീവിക്കണം.

റാഷിദ ബിൻത് ഉസ്മാൻ
AIWA കോളെജ് മോങ്ങം

ബാലപഥം



# ഒരു കോട്ടിന്റെ കഥ

യുദ്ധത്തിന്റെ ഭയാനകമായ വർഷങ്ങൾ സമ്പന്നനായിരുന്ന അഹ്മദിനെ ദരിദ്രനാക്കി മാറ്റി. സ്വന്തമായുണ്ടായിരുന്നതെല്ലാം നഷ്ടപ്പെട്ടു. ഭാര്യ കൊല്ലപ്പെട്ടു. മകനെ കാണാതായി. ഒടുവിൽ ദൂരെ നാട്ടിൻപുറങ്ങളിൽ ആടിനെ മേയ്ക്കുന്ന ജോലി സ്വീകരിക്കേണ്ടിവന്നു.

ഒരു ദിവസം അദ്ദേഹം റോഡരികിലൂടെ ആടുകളെ മേയ്ച്ചുകൊണ്ട് നടക്കുമ്പോൾ ഒരുകൂട്ടം ആളുകൾ ഒരു യുവാവിനെ താങ്ങിയെടുത്ത് കൊണ്ടുപോകുന്നത് കണ്ടു. അടുത്തുള്ള ആശുപത്രിയിലേക്ക് അവനെ കൊണ്ടുപോകുകയാണെന്ന് വ്യക്തം. കീറിപ്പറിഞ്ഞ വസ്ത്രം ധരിച്ച പാവപ്പെട്ട ഒരു യുവാവാണതെന്ന് അഹ്മദിന് മനസ്സിലായി. അവൻ കിടുകിടാ വിറക്കുന്നുണ്ടായിരുന്നു. അഹ്മദ് ഓടിച്ചെന്ന് തന്റെ ജാക്കറ്റഴിച്ച് അവനു നൽകി. വർഷങ്ങളായി തന്റെ പക്കലുള്ള കോട്ടാണത്. അയാൾക്ക് അവനോട് വല്ലാത്ത അനുകമ്പ തോന്നി. ആടുകളെ ഭദ്രമായ ഒരിടത്താക്കി അയാൾ അവരെ പിന്തുടർന്നു.


ആശുപത്രിയിൽ പരിശോധനക്കായി ഡോക്ടറെ കാത്തുനിൽക്കെ ആ യുവാവ് തനിക്ക് കോട്ട് നൽകിയ ആട്ടിടയനെ നോക്കി 'ഉപ്പാ' എന്ന് വിളിച്ചു. അയാളാകെ അമ്പരന്നു. അതു മനസ്സിലാക്കിയ യുവാവ് വിറയാർന്ന സ്വരത്തിൽ പറഞ്ഞു: "ക്ഷമിക്കണം. താങ്കളുടെ കോട്ട് കണ്ടപ്പോൾ ഞാൻ എന്റെ പിതാവിനെ ഓർത്തുപോയി. അദ്ദേഹത്തിന് ഇതുപോലുള്ള ഒരു കോട്ടുണ്ടായിരുന്നു. എത്രയോ വർഷങ്ങളായി ഞങ്ങൾ തമ്മിൽ പിരിഞ്ഞിട്ട്. എന്റെ കുടുംബത്തിൽ ആരെങ്കിലും ജീവിച്ചിരിപ്പുണ്ടോ എന്നുപോലും എനിക്കറിയില്ല" ആ യുവാവ് കടുത്ത പനിയാൽ വിറച്ചുകൊണ്ടാണ് ഇത്രയും പറഞ്ഞത്.

അയാൾ ആ യുവാവിനോട് കുടുംബത്തെക്കുറിച്ച് വിശദമായി ചോദിച്ചറിഞ്ഞപ്പോൾ വർഷങ്ങൾക്കു മുമ്പ് കാണാതായ തന്റെ മകനാണിതെന്ന് മനസ്സിലായി. തനിക്ക് അപ്രതീക്ഷിതമായി കിട്ടിയ കോട്ട് തന്റെ പിതാവിന്റെത് തന്നെയാണെന്നും തന്റെ അടുത്തു നിൽക്കുന്നത് തന്റെ പിതാവാണെന്നും മനസ്സിലായപ്പോൾ അവൻ സന്തോഷത്താൽ കരഞ്ഞുപോയി. തിരിച്ചുകിട്ടുമെന്ന് ഒരിക്കലും കരുതാത്ത മകനെ തിരിച്ചുകിട്ടിയതിന്റെ സന്തോഷത്താൽ അഹ്മദ് മകനെ കെട്ടിപ്പിടിച്ച് കരഞ്ഞു.

കൂട്ടുകാരേ, ആ മനുഷ്യൻ യുവാവിനെ സഹായിച്ചതും ആശുപത്രിയിലേക്ക് കൂടെ ചെന്നതും തന്റെ മകനാണെന്ന് അറിഞ്ഞതുകൊണ്ടല്ല. പ്രയാസപ്പെടുന്നത് കണ്ടപ്പോൾ അലിവു തോന്നി സഹായിച്ചതാണ്. അതുകൊണ്ട് അയാൾക്ക് മകനെ തിരിച്ചു കിട്ടി. നല്ല മനസ്സുള്ളവരെ അല്ലാഹു സഹായിക്കാതിരിക്കില്ല. കഷ്ടപ്പെടുന്നവരെ സഹായിക്കാനുള്ള നല്ല മനസ്സിന്റെ ഉടമകളായി നാം മാറുക.

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com





2

# പ്രബോധന വീഥിയിൽ പതറാതെ

**നൂ**ഹ് നബി عليه السلامയെ ഇനി ഒരാളും ഈ ജനതയിൽ നിന്ന് വിശ്വസിക്കില്ലെന്ന് അല്ലാഹു അറിയിക്കുന്നത് വരെ അദ്ദേഹത്തിന് സമൂഹത്തെപ്പറ്റി പ്രതീക്ഷയുണ്ടായിരുന്നു. അതിനാൽ രാവും പകലും, രഹസ്യമായും പരസ്യമായും അവരെ തൗഹീദിലേക്ക് ക്ഷണിച്ചു. എന്നാൽ അല്ലാഹു നൂഹ് عليه السلامയെ അറിയിച്ചു. 'നൂഹേ, ഇനിയാരും വിശ്വസിക്കില്ല. അവരുടെ പ്രവർത്തനത്തിൽ നീ നിരാശപ്പെടേണ്ടതില്ല.' ഇത് അല്ലാഹുവിൽ നിന്നുള്ള അറിയിപ്പാണ്. അല്ലാഹുവിനാണല്ലോ ആരെല്ലാം വിശ്വസിക്കും ആരെല്ലാം അവിശ്വസിക്കും എന്നെല്ലാം അറിയുക. അതിനാൽ അല്ലാഹുവിൽ നിന്നുള്ള ഈ വിവരം ലഭിച്ച നൂഹ് عليه السلام അവസാനം അല്ലാഹുവിനോട് ദുആ ചെയ്തു:

"നൂഹ് പറഞ്ഞു: എന്റെ രക്ഷിതാവേ, ഭൂമുഖത്ത് സത്യനിഷേധികളിൽ പെട്ട ഒരു പൗരനെയും നീ വിട്ടേക്കരുതേ. തീർച്ചയായും നീ അവരെ വിട്ടേക്കുകയാണെങ്കിൽ നിന്റെ ദാസൻമാരെ അവർ പിഴപ്പിച്ചു കളയും. ദുർവൃത്തന്നും സത്യനിഷേധിക്കുമല്ലാതെ അവർ ജൻമം നൽകുകയുമില്ല" (71:26,27).

തന്റെ ജനതക്കെതിരിൽ നടത്തിയ ഈ പ്രാർഥന കൊണ്ട് അദ്ദേഹത്തിന് അല്ലാഹു തന്നെ പിടികൂടുമോയെന്ന പേടിയുണ്ടായിരുന്നു. മഹ്ശറിൽ ജനകോടികൾ ശുപാർശക്കായി ആദമി عليه السلامനെ സമീപിക്കുമ്പോൾ അദ്ദേഹം നൂഹ് عليه السلامയുടെ അടുത്തേക്ക് പറഞ്ഞയക്കും. അങ്ങനെ ജനങ്ങൾ അദ്ദേഹത്തിന്റെ അടുത്ത് ചെന്ന് പറയും:

'ഓ, നൂഹ്! ഭൂമിയിലേക്ക് അയക്കപ്പെട്ട ആദ്യത്തെ ദൂതനാണല്ലോ താങ്കൾ. നന്ദിയുള്ള അടിമയെന്ന് അങ്ങയെ കുറിച്ച് അല്ലാഹു പേര് വിളിക്കുകയും ചെയ്തിട്ടുണ്ട്. (അതിനാൽ) താങ്കളുടെ റബ്ബിനോട് ഞങ്ങൾക്ക് വേണ്ടി ശുപാർശ നടത്തണം. ഞങ്ങൾ ഏതൊരു അവസ്ഥയിലാണ് ഉള്ളതെന്ന് താങ്കൾ കാണുന്നില്ലേ.?' അപ്പോൾ അദ്ദേഹം പറയും: 'ഇന്ന് എന്റെ രക്ഷിതാവ് ഇതിന് മുമ്പൊരിക്കലും കോപിക്കാത്ത വിധം കോപിച്ചിട്ടുണ്ട്. ഇതിന് ശേഷവും ഇതുപോലെ കോപിക്കുകയില്ല. നിശ്ചയമായും എനിക്ക് (ഉത്തരം ലഭിക്കുന്ന) ഒരു പ്രാർഥനയുണ്ടായിരുന്നു. അത് ഞാൻ എന്റെ ജനതക്കെതിരിൽ പ്രാർഥിച്ചു. എന്റെ കാര്യം എന്റെ കാര്യം... നിങ്ങൾ ഞാനല്ലാത്ത ഒരാളിലേക്ക് പോകുക. നിങ്ങൾ ഇബ്റാഹീമിന്റെ അടുക്കലേക്ക് പോകുക...' (ബുഖാരി, മുസ്‌ലിം).

തന്റെ ജനതക്കെതിരിൽ നടത്തിയ പ്രാർഥന മുഖേന രക്ഷിതാവ് എന്നെ പിടികൂടുമോ എന്ന ഭയപ്പാടിലാണ് നൂഹ്(അ)!

നൂഹ്(അ) അവർക്കെതിരിൽ പ്രാർഥിക്കാനുള്ള കാരണം, അവർക്ക് എത്ര സത്യം ബോധ്യപ്പെടുത്തിയിട്ടും അവർ അവരുടെ ശിർക്കിന്റെ വാദത്തിൽ തന്നെ ഉറച്ചുനിന്ന് അദ്ദേഹത്തിനെതിരിൽ തന്ത്രം മെനഞ്ഞതാണ്. അന്നേരമാണ് അല്ലാഹു നൂഹ്(അ)നോട് ഇനി ഇവരിൽ ആരും വിശ്വസിക്കില്ലെന്ന് അറിയിക്കുന്നത്. ഇക്കാര്യം അദ്ദേഹത്തിന്റെ പ്രാർഥനയിൽ കാണാം:

"നൂഹ് പറഞ്ഞു: എന്റെ രക്ഷിതാവേ, തീർച്ചയായും ഇവർ എന്നോട് അനുസരണക്കേട് കാണിക്കുകയും ഒരു വിഭാഗത്തെ പിന്തുടരുകയും ചെയ്തിരിക്കുന്നു; അവർക്ക് (പിന്തുടരപ്പെട്ട നേതൃവിഭാഗത്തിന്) സ്വത്തും സന്താനവും മൂലം (ആത്മീയവും പാരത്രികവുമായ) നഷ്ടം കൂടുക മാത്രമാണുണ്ടായത്. (പുറമെ) അവർ (നേതാക്കൾ) വലിയ കുതന്ത്രം പ്രയോഗിക്കുകയും ചെയ്തിരിക്കുന്നു" (71:21,22). നൂഹ്(അ) അവർക്കെതിരിൽ നടത്തിയ പ്രാർഥനയുടെ മറ്റു രൂപങ്ങൾ കാണുക:

"അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവേ! തീർച്ചയായും എന്റെ ജനത എന്നെ നിഷേധിച്ചു തള്ളിയിരിക്കുന്നു. അതിനാൽ എനിക്കും അവർക്കുമിടയിൽ നീ ഒരു തുറന്ന തീരുമാനമെടുക്കുകയും എന്നെയും എന്റെ കൂടെയുള്ള വിശ്വാസികളെയും നീ രക്ഷപ്പെടുത്തുകയും ചെയ്യേണമേ" (26:117,118).

"അപ്പോൾ അദ്ദേഹം തന്റെ രക്ഷിതാവിനെ വിളിച്ചു പ്രാർഥിച്ചു: ഞാൻ പരാജിതനാകുന്നു. അതിനാൽ (എന്റെ) രക്ഷയ്ക്കായി നീ നടപടി സ്വീകരിക്കണമേ" (54:10).

"നൂഹ് നമ്മെ വിളിക്കുകയുണ്ടായി. അപ്പോൾ ഉത്തരം നൽകിയവൻ എത്ര നല്ലവൻ!" (37:75).

**താടിവെച്ച കാരണത്താലും വസ്ത്രം നെരിയാണിക്ക് താഴെ ഇറങ്ങാത്തതിനാലും പരിഹസിക്കപ്പെടുന്ന പുരുഷന്മാരുണ്ട്. നഗ്നത മറക്കാനായി സ്ത്രീകൾ അയവുള്ളതും കട്ടിയുള്ളതുമായ, പുരുഷന്റെ ആകർഷണത്തിന് കാരണമാകാതിരിക്കാൻ പർദ പോലെയുള്ള വസ്ത്രം ധരിച്ചാലും സൂക്ഷ്മതക്കായി മുഖം മറച്ചാലും പരിഹസിക്കുന്നവരുണ്ട്. ഈ പരിഹാസത്തിൽ വ്യസനമോ ദുഃഖമോ ഉണ്ടാകേണ്ടതില്ല. അല്ലാഹുവിന്റെ പൊരുത്തം ലഭിക്കാനായി സഹനത്തോടെ വിശ്വാസികൾ മുന്നേറുക.**

എങ്ങനെയായിരുന്നു അല്ലാഹു നൂഹ്(അ)ന് പ്രാർഥനക്ക് ഉത്തരം നൽകിയത് എന്നും ക്വുർആൻ നമുക്ക് വ്യക്തമാക്കിത്തരുന്നുണ്ട്:

"നമ്മുടെ മേൽനോട്ടത്തിലും നമ്മുടെ നിർദേശപ്രകാരവും നീ കപ്പൽ നിർമിക്കുക. അക്രമം ചെയ്തവരുടെ കാര്യത്തിൽ നീ എന്നോട് സംസാരിക്കരുത്. തീർച്ചയായും അവർ മുക്കി നശിപ്പിക്കപ്പെടാൻ പോകുകയാണ്. അദ്ദേഹം കപ്പൽ നിർമിച്ചുകൊണ്ടിരിക്കുന്നു. അദ്ദേഹത്തിന്റെ ജനതയിലെ ഓരോ പ്രമാണിക്കൂട്ടവും അദ്ദേഹത്തിന്റെ അടുത്ത് കൂടി കടന്ന് പോയപ്പോഴെല്ലാം അദ്ദേഹത്തെ പരിഹസിച്ചു. അദ്ദേഹം പറഞ്ഞു: നിങ്ങൾ ഞങ്ങളെ പരിഹസിക്കുന്ന പക്ഷം തീർച്ചയായും നിങ്ങൾ പരിഹസിക്കുന്നത് പോലെത്തന്നെ ഞങ്ങൾ നിങ്ങളെയും പരിഹസിക്കുന്നതാണ്. അപമാനകരമായ ശിക്ഷ ആർക്കാണ് വന്നെത്തുന്നതെന്നും, സ്ഥിരമായ ശിക്ഷ ആരുടെ മേലാണ് വന്നുഭവിക്കുന്നതെന്നും നിങ്ങൾക്ക് വഴിയെ അറിയാം" (11:37-39).

അല്ലാഹു നൂഹ്(അ)നോട് ഒരു കപ്പൽ നിർമിക്കാൻ വേണ്ടി കൽപിക്കുന്നു. കപ്പൽ എങ്ങനെ നിർമിക്കണമെന്ന് അദ്ദേഹത്തിന് അറിയില്ലായിരുന്നു. അതിനാൽ അല്ലാഹു അദ്ദേഹത്തോട് നാം നൽകുന്ന ബോധനത്തിന്നടിസ്ഥാനത്തിൽ ചെയ്യണമെന്ന് ആവശ്യപ്പെട്ടു. അദ്ദേഹം ആ കൽപനക്ക് കീഴൊതുങ്ങി. എന്താണ് അല്ലാഹു കൽപിക്കുന്നത്, ഈ മരുഭൂമിയിൽ കപ്പൽ ഉണ്ടാക്കിയിട്ട് എന്ത് ഉപകാരമാണ് ഉള്ളത് എന്നൊന്നും അദ്ദേഹം ആലോചിച്ചില്ല. അല്ലാഹുവിന്റെ വഹ്‌യ് ചിലപ്പോൾ മനുഷ്യന്റെ പരിമിതമായ ബുദ്ധിക്ക് ഉൾക്കൊള്ളാൻ കഴിയില്ല. എന്നിരുന്നാലും ആ ബോധനത്തിന് കീഴ്പെടുക വഴി വൻ വിജയമാണ് അവർക്ക് വന്നുഭവിക്കുക എന്ന കാര്യം നാം മനസ്സിലാക്കേണ്ടതുണ്ട്.

നൂഹ്(അ) കപ്പൽ നിർമാണം തുടങ്ങി. അതും ശത്രുക്കൾക്ക് അദ്ദേഹത്തിനെതിരിൽ തിരിയാനുള്ള ഒരു അവസരമായി. അതവർ മുതലെടുക്കുക

യും ചെയ്തു. അദ്ദേഹം നിർമിക്കുന്നത് കണ്ട് അവർ പരിഹാസത്തോടെ ചോദിച്ചു; അല്ല നൂഹേ, ഇപ്പോൾ നബിയാണെന്ന് പറഞ്ഞ് അതൊക്കെ അവസാനിപ്പിച്ച് ആശാരിപ്പണി തുടങ്ങിയോ? ഈ മരുഭൂമിയിൽ എന്തിനാണ് കപ്പൽ? അത് സഞ്ചരിക്കാൻ എവിടെയാണ് വെള്ളം? അല്ലാഹുവിന്റെ ബോധനം സത്യമാണെന്ന് ഉറച്ച അറിവുള്ളവരാണല്ലോ പ്രവാചകന്മാർ. അതിനാൽ നൂഹ്ﷺ അവരുടെ പരിഹാസത്തോട് ഇപ്രകാരം പ്രതികരിച്ചു; നിങ്ങൾ പരിഹസിച്ചോളൂ. നിങ്ങൾ പരിഹസിക്കുന്നതിന് പകരം ഞങ്ങൾ നിങ്ങളെയും പരിഹസിക്കും, അധികം താമസിയാതെ.

ഇസ്‌ലാമിക പ്രബോധന വീഥിയിൽ നിലകൊള്ളുന്ന ആർക്കും എതിരാളികളിൽ നിന്നുള്ള പരിഹാസം നേരിടേണ്ടി വരും. അതിൽ പതറാതെ, ദൃഢ നിശ്ചയത്തോടെ, സഹനത്തോടെ അതിനെ നേരിടാൻ തയ്യാറാകണം. പരിഹാസം വിശ്വാസികൾക്ക് നേരിടേണ്ടി വരുമെന്ന് ക്വുർആൻ നമ്മെ അറിയിച്ചിട്ടുമുണ്ട്.

“തീർച്ചയായും കുറ്റകൃത്യത്തിൽ ഏർപെട്ടവർ സത്യവിശ്വാസികളെ കളിയാക്കി ചിരിക്കുമായിരുന്നു. അവരുടെ (സത്യവിശ്വാസികളുടെ) മുമ്പിലൂടെ കടന്നുപോകുമ്പോൾ അവർ പരസ്പരം കണ്ണിട്ടു കാണിക്കുമായിരുന്നു. അവരുടെ സ്വന്തക്കാരുടെ അടുക്കലേക്ക് തിരിച്ചുചെല്ലുമ്പോൾ രസിച്ചു കൊണ്ട് അവർ തിരിച്ചുചെല്ലുമായിരുന്നു. അവരെ (സത്യവിശ്വാസികളെ) അവർ കാണുമ്പോൾ, തീർച്ചയായും ഇക്കൂട്ടർ വഴിപിഴച്ചവർ തന്നെയാണ് എന്ന് അവർ പറയുകയും ചെയ്യുമായിരുന്നു. അവരുടെ (സത്യവിശ്വാസികളുടെ)മേൽ മേൽനോട്ടക്കാരായിട്ട് അവർ നിയോഗിക്കപ്പെട്ടിട്ടൊന്നുമില്ല. എന്നാൽ അന്ന് (അന്ത്യനാളിൽ) ആ സത്യവിശ്വാസികൾ സത്യനിഷേധികളെ കളിയാക്കി ചിരിക്കുന്നതാണ്” (83:29-34).

താടിവെച്ച കാരണത്താലും വസ്ത്രം നെരിയാണിക്ക് താഴെ ഇറങ്ങാത്തതിനാലും പരിഹസിക്കപ്പെടുന്ന പുരുഷന്മാരുണ്ട്. നഗ്നത മറക്കാനായി സ്ത്രീകൾ അയവുള്ളതും കട്ടിയുള്ളതുമായ, പുരുഷന്റെ ആകർഷണത്തിന് കാരണമാകാതിരിക്കാൻ പർദ പോലെയുള്ള വസ്ത്രം ധരിച്ചാലും സൂക്ഷ്മതക്കായി മുഖം മറച്ചാലും പരിഹസിക്കുന്നവരുണ്ട്. ഈ പരിഹാസത്തിൽ വ്യസനമോ ദുഃഖമോ ഉണ്ടാകേണ്ടതില്ല. അല്ലാഹുവിന്റെ പൊരുത്തം ലഭിക്കാനായി സഹനത്തോടെ വിശ്വാസികൾ മുന്നേറുക. അല്ലാഹുവിന്റെ മതം സ്വീകരിച്ചതിന്റെ പേരിൽ പരിഹസിക്കുന്നവർക്ക് താക്കീതായും പരിഹസിക്കപ്പെട്ടവർക്ക് സന്തോഷ വാർത്തയായും ക്വുർആൻ മറ്റൊരു സ്ഥലത്ത് പറയുന്നത് കാണുക:

“തീർച്ചയായും എന്റെ ദാസൻമാരിൽ ഒരു വിഭാഗം ഇപ്രകാരം പറയാറുണ്ടായിരുന്നു. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അതിനാൽ ഞങ്ങൾക്ക് നീ പൊറുത്തുതരികയും ഞങ്ങളോട് കരുണ കാണിക്കുകയും ചെയ്യേണമേ. നീ കാരുണികരിൽ ഉത്തമനാണല്ലോ. അപ്പോൾ നിങ്ങൾ അവരെ പരിഹാസപാത്രമാക്കുകയാണ് ചെയ്തത്. അങ്ങനെ നിങ്ങൾക്ക് എന്നെപ്പറ്റിയുള്ള ഓർമ മറന്നുപോകാൻ അവർ ഒരു കാരണമായിത്തീർന്നു. നിങ്ങൾ അവരെ പുച്ഛിച്ചു ചിരിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവർ ക്ഷമിച്ചതു കൊണ്ട് ഇന്നിതാ ഞാനവർക്ക് പ്രതിഫലം നൽകിയിരിക്കുന്നു. അതെന്തെന്നാൽ അവർ തന്നെയാകുന്നു ഭാഗ്യവാൻമാർ” (23:109-111).

**950 വർഷം നേരിന്റെ മാർഗത്തിലേക്ക് ക്ഷണിച്ചിട്ടും അദ്ദേഹത്തിൽ ആളുകൾ വിശ്വസിക്കാത്ത കാരണത്താൽ നൂഹ്ﷺ പ്രബോധന മാർഗത്തിൽ നിന്ന് മാറി നിന്നില്ല. അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവർ ഒരിക്കലും നിരാശരാകാതെ നൂഹ്ﷺ കാണിച്ച സഹനവും അല്ലാഹുവിലുള്ള അർപ്പണബോധവും മാതൃകയാക്കി കഴിയും വിധം ജനങ്ങളെ ക്ഷണിക്കുക. പരിഹാസത്തിന്റെയും ഒറ്റപ്പെടുത്തലിന്റെയും ഭീഷണിയുടെയും കാരണം പറഞ്ഞ് മാറി നിൽക്കാവതല്ല. അന്ത്യനാളിൽ നാം നേടിയ അറിവും അത് അനുസരിച്ച് പ്രവർത്തിച്ചതിനെ കുറിച്ചും ചോദ്യം ചെയ്യപ്പെടുന്നതാണ്.**

അല്ലാഹുവിന്റെ മാർഗത്തിൽ ഏറ്റവും കൂടുതൽ പരിഹസിക്കപ്പെട്ടവർ പ്രവാചകന്മാരാണ്. അല്ലാഹു ഏതൊരു ജനതയിലേക്ക് പ്രവാചകനെ അയച്ചാലും അവർ ആ പ്രവാചകനെ പരിഹസിക്കാതിരുന്നിട്ടില്ല. അല്ലാഹു പറയുന്നത് കാണുക: “ഏതൊരു പ്രവാചകൻ അവരുടെ അടുത്ത് ചെല്ലുകയാണെങ്കിലും അവർ അദ്ദേഹത്തെ പരിഹസിക്കുന്നവരാകാതിരുന്നിട്ടില്ല” (43:7).

സത്യവിശ്വാസികളുടെ വിശ്വാസത്തെയും സ്വഭാവത്തെയും ഇടപാടുകളെയും മര്യാദകളെയും സംസ്കാരത്തെയും പരിഹസിക്കുകയെന്നത് സത്യനിഷേധികൾക്ക് ഒരുതരം സന്തോഷം ഉണ്ടാക്കുന്ന കാര്യമാണ്. എന്നാൽ ഈ പരിഹസിക്കപ്പെടുന്നവർ നാളെ ഉന്നത പദവികളിലായിരിക്കും:

“സത്യനിഷേധികൾക്ക് ഐഹികജീവിതം അലംകൃതമായി തോന്നിയിരിക്കുന്നു. സത്യവിശ്വാസികളെ അവർ പരിഹസിക്കുകയും ചെയ്യുന്നു. എന്നാൽ സൂക്ഷ്മത പാലിച്ചവരായിരിക്കും ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവരെക്കാൾ ഉന്നതൻമാർ.

അല്ലാഹു അവൻ ഉദ്ദേശിക്കുന്നവർക്ക് കണക്ക് നോക്കാതെ തന്നെ കൊടുക്കുന്നതാണ്" (2:212).

കപട വിശ്വാസികളിലും ഇത്തരം സ്വഭാവം കാണാം. അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നവരെ അതിൽ നിന്ന് പലതും പറഞ്ഞ് അവർ പിന്തിരിപ്പിക്കും. അവരാകട്ടെ ആർക്കും ഒന്നും നൽകുകയുമില്ല.

"സത്യവിശ്വാസികളിൽ നിന്ന് ദാനധർമങ്ങൾ ചെയ്യാൻ സ്വയം സന്നദ്ധരായി വരുന്നവരെയും, സ്വന്തം അധ്വാനമല്ലാതെ മറ്റൊന്നും (ദാനം ചെയ്യാൻ) കണ്ടെത്താത്തവരെയും അധിക്ഷേപിക്കുന്നവരത്രെ അവർ. അങ്ങനെ ആ വിശ്വാസികളെ അവർ പരിഹസിക്കുന്നു. അല്ലാഹു അവരെയും പരിഹസിച്ചിരിക്കുകയാണ്. അവർക്ക് വേദനയേറിയ ശിക്ഷയാണുള്ളത്" (9:79).

ഈ വചനത്തിന്റെ വിശദീകരണത്തിൽ ഇബ്നു കസീർﷺ പറയുന്നത് കാണുക: "ഇതും കപട വിശ്വാസികളുടെ വിശേഷണങ്ങളിൽ പെട്ടതാണ്. അവരുടെ കുറ്റത്തിൽ നിന്ന് ഒരാളും സുരക്ഷിതരാവില്ല. ഏത് സാഹചര്യത്തിലും (അവരുടെ കുറ്റത്തിൽ നിന്ന് ഒരാളും സുരക്ഷിതരാവില്ല). അവരിൽ ഒരാൾ ധനം ധാരാളം (ചെലവഴിക്കാനായി) കൊണ്ടുവന്നാൽ അവർ പറയും; ഇത് ആളുകളെ കാണിക്കാനാണെന്ന്. എന്നാൽ ഒരാൾ കുറച്ച് എന്തെങ്കിലും കൊണ്ടുവന്നാലോ അവർ പറയും; ഈ ദാനത്തിൽ നിന്ന് അല്ലാഹു തീർച്ചയായും ഐശ്വര്യവാനാകുന്നു എന്ന്. ഇമാം ബുഖാരി റിപ്പോർട്ട് ചെയ്തത് പോലെ: അബൂ മസ്ഊദ്ﷺവിൽ നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: 'സ്വദക്വയുടെ (ദാനത്തിന്റെ) സൂക്തം ഇറങ്ങിയപ്പോൾ ഞങ്ങൾ ഞങ്ങളുടെ മുതുകുകളിൽ വഹിക്കുമായിരുന്നു. അങ്ങനെ ഒരാൾ വന്നു. അദ്ദേഹം ധാരാളം വസ്തുക്കൾ സ്വദക്വ ചെയ്തു. അപ്പോൾ അവർ പറഞ്ഞു: അത് ആളുകളെ കാണിക്കുവാനായിട്ടാണ്. വേറെ ഒരാൾ വന്നു. എന്നിട്ട് ഒരു സ്വാഅ് ധർമം ചെയ്തു. അപ്പോൾ അവർ പറഞ്ഞു: തീർച്ചയായും അല്ലാഹു ഈ ദാനധർമത്തിൽ നിന്ന് ധന്യവാനാണ്. അപ്പോൾ ഈ സൂക്തം ആയത്ത് അവതരിച്ചു."

ഏതൊരു മനുഷ്യൻ നന്മ ചെയ്യാൻ തീരുമാനിച്ചാലും അവനെ ആക്ഷേപിച്ചും പരിഹസിച്ചും അതിൽ നിന്ന് പിന്തിരിപ്പിക്കുന്ന ധാരാളം ആളുകളെ നമുക്ക് കാണാം. ഒരു പള്ളി നിർമാണത്തിനായി സമ്പത്ത് സ്വരൂപിക്കുമ്പോൾ ഓരോരുത്തരും അവരാൽ കഴിയുന്നത് ചെലവഴിക്കും. ധാരാളം ചെലവഴിക്കുമ്പോൾ അവരെക്കുറിച്ച് 'ഇതെല്ലാം ആളുകളുടെ കയ്യടി കിട്ടാനും ജനങ്ങളെ കാണിക്കാനും വേണ്ടിയാണെ'ന്ന് ചിലർ പറയും. കുറച്ച് ചെലവഴിക്കുകയാണെങ്കിൽ 'ഹും! ഇത്രയെല്ലാം ഉണ്ടായിട്ടും ഇത്ര കുറച്ചാണോ ഇയാൾ ദാനം ചെയ്യുന്നത്' എന്നായിരിക്കും പറയുക. ഇത്തരക്കാർ അഭിപ്രായം പറയാനേ ഉണ്ടാകൂ. ചെയ്യാനോ ചെയ്യിപ്പിക്കാനോ ഇവരെ കിട്ടില്ല.

നൂഹ്ﷺ അല്ലാഹുവിങ്കൽ നിന്നും ലഭിക്കുന്ന വെളിച്ചം ജനങ്ങളിലേക്ക് എത്തിക്കാനായി രാപകലുകൾ വിനിയോഗിച്ചത് നാം മനസ്സിലാക്കി. പരിഹാസവും ഒറ്റപ്പെടുത്തലും ആക്ഷേപങ്ങളുമാണ് പ്രബോധിതരിൽ നിന്നും അദ്ദേഹത്തിന് കിട്ടിയത്. എല്ലാ ദൂതന്മാരുടെയും അവസ്ഥ ഇതു തന്നെയായിരുന്നു. അവരാരും അക്കാരണത്താൽ ദൗത്യത്തിൽ നിന്ന് പിന്മാറിയിട്ടുമില്ല. അല്ലാഹു പറയുന്നു:

"അവർ പറയും: നമുക്കെന്തു പറ്റി! ദുർജനങ്ങളിൽ പെട്ടവരായി നാം ഗണിച്ചിരുന്ന പല ആളുകളെയും നാം കാണുന്നില്ലല്ലോ. നാം അവരെ (അബദ്ധത്തിൽ) പരിഹാസപാത്രമാക്കിയതാണോ അതല്ല, അവരെയും വിട്ട് കണ്ണുകൾ തെന്നിപ്പോയതാണോ? നരകവാസികൾ തമ്മിലുള്ള വഴക്ക്, തീർച്ചയായും അതൊരു യാഥാർഥ്യം തന്നെയാണ്" (38:6264).

രാവും പകലും വ്യത്യാസമില്ലാതെ 950 വർഷം ജനങ്ങളെ അല്ലാഹുവിന്റെ മാർഗത്തിലേക്ക് ക്ഷണിച്ചിട്ടും അൽപം ആളുകൾ മാത്രമെ അദ്ദേഹത്തിൽ വിശ്വസിച്ചുള്ളൂ. എൺപത് പേർ എന്നും എൺപത്തി മൂന്ന് എന്നും നാൽപത് എന്നുമൊക്കെ വിവിധ അഭിപ്രായങ്ങൾ പറയപ്പെട്ടതായി കാണാം.

"അദ്ദേഹത്തോടൊപ്പം കുറച്ച് പേരല്ലാതെ വിശ്വസിച്ചിട്ടുണ്ടായിരുന്നില്ല" (11:40).

950 വർഷം അവരെ നേരിന്റെ മാർഗത്തിലേക്ക് ക്ഷണിച്ചിട്ടും അദ്ദേഹത്തിൽ ആളുകൾ വിശ്വസിക്കാത്ത കാരണത്താൽ പ്രബോധന മാർഗത്തിൽ നിന്ന് അദ്ദേഹം മാറി നിന്നില്ല. അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവർ ഒരിക്കലും നിരാശരാകാതെ നൂഹ്ﷺ കാണിച്ച സഹനവും അല്ലാഹുവിലുള്ള അർപ്പണ ബോധവും മാതൃകയാക്കി കഴിയും വിധം ജനങ്ങളെ ക്ഷണിക്കുക. പരിഹാസത്തിന്റെയും ഒറ്റപ്പെടുത്തലിന്റെയും ഭീഷണിയുടെയും കാരണം പറഞ്ഞ് മാറി നിൽക്കാവതല്ല. അന്ത്യനാളിൽ നാം നേടിയ അറിവും അത് അനുസരിച്ച് പ്രവർത്തിച്ചതിനെ കുറിച്ചും ചോദ്യം ചെയ്യപ്പെടുന്നതാണ്. നേടിയ അറിവിൽ ഏറ്റക്കുറച്ചിൽ സ്വാഭാവികമാണ്. എല്ലാം തികഞ്ഞിട്ടേ ദഅ്വത്ത് പാടുള്ളൂ എന്ന വാദം പൊള്ളയാണ്. പ്രബോധനം ചെയ്യുന്ന വിഷയം ഏതാണോ അതിനെ സംബന്ധിച്ച് കൃത്യമായ അറിവ് നിർബന്ധവുമാണ്. അറിവില്ലാത്തത് പറയൽ അതീവ ഗുരുതരമാണെന്ന് ഇസ്‌ലാം നമ്മെ പഠിപ്പിക്കുന്നു. ഇസ്‌ലാമിക പ്രബോധനം ഏതൊരാളുടെയും ബാധ്യതയാണ്. വയലിൽ പണിയെടുക്കുന്ന കർഷകനാണെങ്കിലും ശരി കിട്ടിയ അറിവ് മറ്റുള്ളവരിലേക്ക് എത്തിക്കാൻ ശ്രമിക്കേണ്ടതുണ്ട്. ●

**(പേജ് 17ൽ നിന്ന് തുടർച്ച)**

ദം കൊടുത്തത് മതജീവിതത്തിന് ഇന്ത്യയിൽ നിന്ന് പാലായനം ചെയ്യേണ്ടതില്ല, ഐ.എസ് മതനിഷിദ്ധവും മാനവ വിരുദ്ധവുമാണ്, ഗോമാംസ വിഷയം യഥാർഥത്തിൽ ഹിന്ദു-മുസ്‌ലിം പ്രശ്‌നമേയല്ല തുടങ്ങി വർഗീയ ധ്രുവീകരണത്തെ തളർത്തുന്നതും തീവ്രവാദത്തെ എതിർക്കുന്നതുമായ ഒട്ടേറെ ഭാഗങ്ങൾ വിതരണം ചെയ്ത ലഘുലേഖകളിൽ കാണുവാൻ സാധിക്കും.

മുൻ സ്പീക്കറായിരുന്ന ബഹു: ജി. കാർത്തികേയൻ അവർകൾക്ക് അദ്ദേഹത്തിന്റെ വസതിയിൽ എത്തി നേരിട്ട് സന്ദേശരേഖ നൽകിക്കൊണ്ടാണ് ഈ സംരംഭത്തിന് തുടക്കം കുറിച്ചത്. മന്ത്രിമാർ, എം.എൽ.എമാർ, മറ്റു ജന നേതാക്കൾ, പോലീസുദ്യോഗസ്ഥർ തുടങ്ങി സമൂഹത്തിന്റെ വിവിധ തുറകളിലുള്ളവർക്ക് പ്രസ്തുത ലഘുലേഖകൾ എത്തിച്ചിട്ടുണ്ട്. അവരാരും മൂന്ന് വർഷങ്ങളായി ഇത് മതസ്പർധയുണ്ടാക്കുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടില്ല. ലഘുലേഖയിലെ ആശയങ്ങൾ പരമാവധി ജനങ്ങളിലേക്ക് എത്തിക്കണമെന്നാണ് ആവശ്യപ്പെടാറുള്ളത്.

എന്നാൽ ഖേദകരമെന്ന് പറയട്ടെ, 2017ആഗസ്റ്റ് 20ന് എറണാകുളം ജില്ലയിൽ ലഘുലേഖ വിതരണം ചെയ്ത പ്രവർത്തകരെ തീവ്രഹിന്ദുത്വ വാദികൾ തടഞ്ഞ് മർദിക്കുകയും പരുഷമായി പെരുമാറുകയും അവരെ വാഹനത്തിൽ കയറ്റി പോലീസ് സ്‌റ്റേഷനിൽ എത്തിക്കുകയും സ്‌റ്റേഷൻ കോമ്പൗണ്ടിൽ വെച്ച് പോലും ദയനീയമായി മർദിക്കുകയും ചെയ്ത ഞെട്ടിക്കുന്ന സംഭവങ്ങൾ അരങ്ങേറിയിരിക്കുന്നു.

ജാമ്യമില്ലാ വകുപ്പ് ചുമത്തിയാണ് പ്രവർത്തകർക്കെതിരേ കേസെടുത്തിരിക്കുന്നത്! മതസ്പർധയുണ്ടാക്കുന്ന ലഘുലേഖയെന്ന് ആക്ഷേപിക്കുന്നവർക്ക് അതിന് തെളിവായി ഒരു വരി പോലും ലഘുലേഖയിൽ നിന്ന് തെളിവായി കാണിക്കാൻ ഇതുവരെയും സാധിച്ചിട്ടില്ല. മതസ്പർധയുണ്ടാക്കുന്നുവെന്ന് വരുത്തി തീർക്കാൻ 'വിമോചനത്തിന്റെ വഴി' എന്ന ലഘുലേഖയിൽ ഇല്ലാത്ത ഒരു വരിയാണ് എഫ്.ഐ.ആറിൽ കൊടുത്തിരിക്കുന്നത്. പ്രസ്തുത പരാമർശം മൂന്ന് വർഷമായി വിതരണം ചെയ്തുവരുന്ന 'ജീവിതം എന്തിനു വേണ്ടി' എന്ന ലഘുകൃതിയിൽ നിന്ന് അടർത്തിയെടുത്തതാണെന്ന് അത് പരിശോധിക്കുന്ന ആർക്കും ബോധ്യമാകും.

ഏകദൈവ വിശ്വാസമാണ് ശരി, ബഹുദൈവ വിശ്വാസം തെറ്റാണെന്ന് ലഘുലേഖയിൽ പറയുന്നുവെന്നാണ് ചില ചാനൽ വാർത്തകളിൽ ഇതിന് തെളിവായി ചിലർ പ്രചരിപ്പിക്കുന്നത്. മുഹമ്മദ് നബിﷺയെ ആരാധിച്ചാൽ ആ വ്യക്തി ഇസ്‌ലാമിക വൃത്തത്തിൽ നിന്നും പുറത്താണെന്ന പരാമർശവും ആ ലഘുലേഖയിലുണ്ട്. ആയിരം പള്ളികൾ തകർക്കപ്പെട്ടാലും ഒരു ക്ഷേത്രമതിലിലെ കല്ലിളക്കാൻ പോലും ഇസ്‌ലാം അനുവാദം നൽകുന്നില്ല എന്ന പരാമർശവും ലഘുലേഖയിലുണ്ട്. ഇതെങ്ങനെയാണ് മതസ്പർധയുണ്ടാക്കുന്ന ആശയമാകുന്നത്? ഇന്ത്യയിൽ ജീവിക്കണമെങ്കിൽ ഏകദൈവ വിശ്വാസം തെറ്റാണന്നും ബഹുദൈവ വിശ്വാസമാണ് രക്ഷാമാർഗമെന്നും മുസ്‌ലിംകൾ അംഗീകരിക്കണമെന്നാണോ മതപ്രബോധനമെന്ന മൗലികാവകാശത്തെ എതിർക്കുന്നവർ വാദിക്കുന്നത്?

മറ്റുള്ളവരുടെ ആരാധ്യന്മാരെ പരിഹസിക്കുകയും നിന്ദിക്കുകയും ചെയ്യുന്നുവെങ്കിൽ ഇവരുടെ ആക്ഷേപത്തിൽ കഴമ്പുണ്ടായിരുന്നു. അങ്ങനെയെന്തെങ്കിലും ആശയം പ്രസ്തുത ലഘുലേഖകളിൽ കാണിക്കുവാൻ സാധ്യമല്ല താനും. മറ്റു മതസ്ഥരുടെ ആരാധ്യവസ്തുക്കളെ നിന്ദിക്കരുതെന്നത് വിശുദ്ധ ക്വുർആനിന്റെ (6:108) കൽപനയാണ്. മറ്റൊരാശയം തെറ്റാണന്ന് പറയുന്നതല്ല മതസ്പർധയുണ്ടാക്കുന്നത്; അത് പറയാനുള്ള അവകാശം ഇന്ത്യൻ പൗരനുണ്ട്. അതിനെ അവഹേളിക്കുമ്പോഴാണ് പ്രശ്‌നങ്ങൾ ഉണ്ടാകുന്നത്. അങ്ങനെ ആരും ചെയ്തിട്ടുമില്ല.

അനുവാദമില്ലാതെ അന്യരുടെ വീട്ടിൽ പ്രവേശിക്കരുതെന്ന പ്രവാചക നിർദേശം കർശനമായി പാലിക്കുന്ന പ്രവർത്തകർ സമ്മതമില്ലാതെ ഒരു വീട്ടിലും ലഘുലേഖ വിതരണം നിർവഹിച്ചിട്ടില്ല. ഇതെല്ലാം മറച്ച് വെച്ച് നിർബന്ധമതപരിവർത്തനത്തിന് പ്രേരിപ്പിച്ചുവെന്ന വസ്തുതാപരമല്ലാത്ത മൊഴിയുടെ അടിസ്ഥാനത്തിലാണ് പോലീസ് പ്രവർത്തകർക്കെതിരിൽ കേസെടുത്തിരിക്കുന്നത്.

മതത്തിൽ നിർബന്ധമില്ലെന്ന് വിശുദ്ധ ക്വുർആൻ 2:256ൽ വ്യക്തമായി പറയുന്നുണ്ട്. ഇക്കാര്യം പ്രചരിപ്പിക്കുന്നവരെപ്പറ്റി മതത്തിലേക്കു നിർബന്ധിച്ചു എന്ന് ആരോപിക്കുന്നത് അപ്പടി അംഗീകരിച്ച് പോലീസ് നീങ്ങുക എന്ന നിലപാട് അത്ഭുതകരമാണ്!

ശാന്തമായി, വളരെ സൗഹാർദത്തോടെ ലഘുലേഖ വിതരണം ചെയ്ത് വീടുകളിൽ നിന്നും ഇറങ്ങി നടന്ന പ്രവർത്തകരെ വർഗീയ ധ്രുവീകരണത്തിന് കാരണമന്വേഷിക്കുന്ന ചിലർ സംഘം ചേർന്ന് ഉത്തരേന്ത്യൻ മോഡലിൽ അക്രമിക്കുകയും വാഹനങ്ങളിൽ കയറ്റി സ്‌റ്റേഷനിൽ ഏൽപിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

പ്രവർത്തകരുടെ കയ്യിൽ സ്ഥലമടയാളപ്പെടുത്തിയ മേപ്പുണ്ടായിരുന്നുവെന്നതാണ് സംഭവത്തിന് ദുരൂഹതയുണ്ടാക്കാൻ ലക്ഷ്യം വെച്ച് തൽപരകക്ഷികൾ പ്രചരിപ്പിച്ച മറ്റൊരു വിഷയം. വീടുകൾ വിട്ടുപോകാതിരിക്കാനും വഴി തെറ്റാതിരിക്കാനും വിവിധ മാർഗങ്ങൾ സ്വീകരിക്കുക സ്വാഭാവി

**'ഒരേ ഒരിന്ത്യ, ഒരൊറ്റ ജനത' എന്ന പ്രമേയവുമായി; സുതാര്യമായ, ഭരണഘടനാ വിധേയമായ പ്രബോധന പ്രവർത്തനങ്ങളുമായി ഈ സംഘം വർഗീയ ധ്രുവീകരണത്തിനും ഫാഷിസത്തിനുമെതിരേ ശക്തമായി മുന്നോട്ടു പോവുക തന്നെ ചെയ്യും.**

കമാണ്. കാനേഷുമാരി കണക്കെടുപ്പിന് പോകുന്ന ഉദ്യോഗസ്ഥന്മാർ മേപ്പിന്റെ സഹായത്താലാണ് വീട് കണ്ടെത്താറുള്ളതെന്ന് ആർക്കാണറിയാത്തത്? ഒരാളുടെ അനുവാദമുണ്ടങ്കിൽ അയാളുടെ വീട്ടിൽ കയറാനും സംവദിക്കാനുമുള്ള അവകാശം ഇന്ത്യാ രാജ്യത്തിന്റെ ഭരണഘടനയുടെ മൗലികാവകാശങ്ങളിലാണ് എഴുതിച്ചേർത്തിട്ടുള്ളത്.

വിഷലിപ്തമായ ആശയങ്ങളും നിയമവിരുദ്ധമായ പ്രവർത്തനങ്ങളുമാണ് നടത്തുന്നതെങ്കിൽ, അതിന് വേണ്ടിയാണ് മേപ്പ് തയ്യാറാക്കുന്നതെങ്കിൽ അത് കുറ്റമാണ്. അങ്ങനെ ഇവിടെ സംഭവിച്ചിട്ടില്ല.

വർഗീയ ധ്രുവീകരണ ശക്തികൾക്കെതിരിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കുമെന്ന് പ്രഖ്യാപിച്ച് അധികാരത്തിൽ വന്ന ഇടതുപക്ഷ സർക്കാർ ഭരിക്കുന്ന കേരളത്തിലെ പോലീസ്, തീവ്ര ഹിന്ദുത്വ വാദികളുടെ അജണ്ടക്ക് വഴങ്ങിക്കൊടുക്കുന്നത് ആത്യന്തം അപലപനീയമാണ്. മൗലികാവകാശത്തെ മതസ്പർധയാക്കി ചിത്രീകരിക്കുന്നവർക്കെതിരെ രാജ്യത്തെ മതേതര മനസ്സുള്ള മുഴുവനാളുകളും മതരാഷ്ട്രീയ സംഘടനകളും രംഗത്ത് വരേണ്ടതുണ്ട്.

ജനാധിപത്യ രീതിയിലുള്ള നിയമ വിധേയമായ പ്രതിഷേധങ്ങൾ ഉയർന്ന് വരേണ്ട ഈ സന്ദർഭത്തിൽ, മതേതര കക്ഷികളുടെ പിൻതുണ നഷ്ടപ്പെടുത്തുകയും വർഗീയ ധ്രുവീകരണ സംഘങ്ങൾക്ക് ശക്തി പകരുകയും ചെയ്യാനിടയാകുന്ന വൈകാരിക നീക്കങ്ങളിൽ നിന്ന് സമുദായം പിൻതിരിയണം. എറണാകുളത്തേത് ഒരു കേവല മുസ്‌ലിം പ്രശ്നമല്ലാത്തതിനാൽ മതേതര കക്ഷികളുടെ യോജിച്ച പ്രതിഷേധമാണ് ഉയർന്നുവരേണ്ടത്. അല്ലാതെ ഒറ്റപ്പെട്ട പ്രതികരണമല്ല വേണ്ടതെന്നാണ് വിസ്ഡത്തിന്റെ അഭിപ്രായം.

പോലീസ് സംഘ്പരിവാറിന്റെ താൽപര്യത്തിനനുകൂലമായി സ്വീകരിച്ച നിലപാടും ലഘുലേഖയിലെ തീവ്രവാദ വിരുദ്ധ പരാമർശങ്ങളും പത്രങ്ങളും ഓൺലൈൻ മീഡിയയും നിഷ്പക്ഷമായി ചർച്ച ചെയ്യുന്നത് മതനിരപേക്ഷ നിലപാടിനെ ശക്തിപ്പെടുത്താൻ ഉപകരിക്കും.

സ്രഷ്ടാവിൽ ഭരമേൽപിച്ച്, നിയതമായ മാർഗത്തിലൂടെ രാജ്യത്തിന്റെ സമാധാനമാഗ്രഹിക്കുന്നവരെ ചേർത്ത് പിടിച്ച് മുന്നോട്ട് നീങ്ങിയാൽ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുമെന്ന് ഉറച്ച് വിശ്വസിക്കുന്നവരാണ് വിശ്വാസികൾ. ഒരാളും സഹായിച്ചില്ലങ്കിലും അല്ലാഹുവിന്റെ സഹായത്തിൽ ഉറച്ച് വിശ്വസിക്കുന്നവരെ തളർത്താൻ ആർക്കാണാവുക?

പേടിപ്പിച്ച് പ്രബോധന പ്രവർത്തനങ്ങളിൽ നിന്ന് പിൻതിരിപ്പിക്കാനുള്ള ശ്രമമാണ് ഇത്തരം നീക്കങ്ങൾക്ക് പിന്നിലെന്ന് ഉത്തമ ബോധ്യമുള്ളവരാണ് വിശ്വാസികൾ. പച്ചപ്പരവതാനി വിരിച്ച് കാത്തിരിക്കുന്ന കവാടമല്ല പ്രബോധനത്തിന്റെ വീഥി. കല്ലും മുള്ളും വാരി വിതറിയ ദുർഘടമായ മലമ്പാത താണ്ടിക്കടക്കുന്നവർക്കേ ആത്യന്തിക വിജയമുള്ളൂ എന്ന ഉത്തമ ബോധ്യവും ഉറച്ച കാൽവെപ്പുകളുമാണ് വിശ്വാസികളെ മുന്നോട്ട് നയിക്കുന്നത്. ത്യാഗം പ്രസംഗിക്കാനും എഴുതാനും മാത്രമുള്ളതല്ല; അനുഭവിക്കാൻ കൂടിയുള്ളതാണന്ന തിരിച്ചറിവുള്ളവർക്ക് മാത്രമെ പ്രബോധന രംഗത്ത് നിലനിൽക്കാൻ സാധിക്കൂ.

വർഗീയ ധ്രുവീകണത്തിനെതിരേ പ്രവർത്തിച്ചതിന് ഭക്ഷണം പോലും ലഭിക്കാതെ ഒരു ദിവസം മുഴുവൻ പോലീസ് സ്റ്റേഷനിൽ 39 പ്രവർത്തകർക്ക് കഴിച്ചുകൂട്ടേണ്ടി വന്നു. ഒപ്പം ജാമ്യമില്ലാ കേസും! സ്റ്റേഷൻ മുറ്റത്തു പോലും അക്രമം നടത്തി ആ വീഡിയോ അക്രമികൾ സന്തോഷപൂർവം പ്രചരിപ്പിച്ചതിൽ പോലീസിന് യാതൊരു സങ്കോചവുമില്ല!

പൗരന് ഇന്ത്യൻ ഭരണഘടന നൽകിയ പ്രബോധന സ്വാതന്ത്ര്യം എന്ന മൗലികാവകാശത്തിനു നേരെയുള്ള കയ്യേറ്റമാണ് കൊച്ചിയിൽ നടന്നത്. പോലീസിന്റെ വർഗീയ വൽക്കരണം വടക്കേകര സ്റ്റേഷനിൽ വ്യക്തമായതിനാൽ ആൾക്കൂട്ട ആക്രമണം കേരളമാകെ വ്യാപിക്കുമെന്ന ആശങ്ക മതനിരപേക്ഷ സമൂഹം ചർച്ച ചെയ്തു വരികയാണ്. 'ഒരേ ഒരിന്ത്യ, ഒരൊറ്റ ജനത' എന്ന സന്ദേശ പ്രചാരണം ജനസമൂഹം ഏറ്റെടുക്കുകയും സംഘ്പരിപാവറിന്റെ അജണ്ടകളെ പ്രതികൂലമായി പ്രസ്തുത പ്രചാരണം ബാധിക്കുകയും ചെയ്തതാണ് ഈ അക്രമത്തിന്റെ പിന്നിലെന്ന് സുതരാം വ്യക്തമാണ്. മുജാഹിദ് പ്രസ്ഥാനത്തിന്റെ സമാധാനപരവും സുതാര്യവുമായ പ്രബോധന പ്രവർത്തനങ്ങൾക്കു നേരെയുണ്ടായ ക്രൂരമായ കയ്യേറ്റത്തിലും പോലീസിന്റെ ഭാഗത്ത് നിന്നുണ്ടായ വ്യക്തമായ അനീതിയിലും മതേതര വിശ്വാസികളുടെ ശക്തമായ പ്രതിഷേധം ആശ്വാസകരമാണ്.

'ഒരേ ഒരിന്ത്യ, ഒരൊറ്റ ജനത' എന്ന പ്രമേയവുമായി; സുതാര്യമായ, ഭരണഘടനാ വിധേയമായ പ്രബോധന പ്രവർത്തനങ്ങളുമായി ഈ സംഘം വർഗീയ ധ്രുവീകരണത്തിനും ഫാഷിസത്തിനുമെതിരേ ശക്തമായി മുന്നോട്ടു പോവുക തന്നെ ചെയ്യും. ●

പ്രൊഫ: ഹാരിസ്ബിൻ സലീം
harisbinsaleem@gmail.com

# സമാധാനം നൽകാത്ത ഭർതൃമാതാവ്

*ഭർതൃമാതാവിൽനിന്ന് (എന്റെ പിതാവിന്റെ ഉമ്മയിൽനിന്ന്) എന്റെ ഉമ്മ അനുഭവിക്കുന്ന ശാരീരിക മാനസിക പീഡനങ്ങൾ കുട്ടിക്കാലം മുതലേ കണ്ടു വളർന്നവളാണ് ഞാൻ. ഇപ്പോൾ സമാനമായ അനുഭവം എന്റെ ഭർതൃമാതാവിൽനിന്ന് ഞാനും അനുഭവിക്കുന്നു. വാക്കുകൾ കൊണ്ട് അസഹ്യമായ പീഡനമാണ് ഞാൻ അനുഭവിക്കുന്നത്. ജീവിതത്തോട് വെറുപ്പും ഒറ്റക്ക് ജീവിക്കാനുള്ള ആഗ്രഹവും വന്നുപോകുന്നു. ഭർത്താവ് ഉപദേശങ്ങൾ തരുന്നുണ്ട്. എന്നാൽ അതൊന്നും പ്രാവർത്തികമാക്കാൻ എനിക്ക് കഴിയുന്നില്ല. എന്റെയും ഉമ്മയുടെയും പ്രശ്നങ്ങൾക്കിടയിൽ അദ്ദേഹവും മാസനികമായി വിഷമിക്കുന്നുണ്ട്. പരലോകത്ത് ഇതെന്നെ ദോഷകരമായി ബാധിക്കുമോ എന്ന് ഞാൻ ഭയപ്പെടുന്നു. ഒരു പരിഹാരം നിർദേശിക്കുമല്ലോ.*

ഭർതൃ മാതാവുമായി സഹകരിച്ചു പോകാൻ കഴിയാത്തതിന്റെ വിഷമം ധാരാളം സഹോദരിമാരുടെ പ്രശ്നമാണ്. ജീവിതത്തിന്റെ ഒരു പ്രത്യേകമായ കാലഘട്ടത്തിൽ നിലനിൽക്കുന്ന ഒരു പ്രശ്നം മാത്രമാണിത്. ഒരുപക്ഷേ, ഏതാനും വർഷങ്ങൾ പിന്നിടുമ്പോൾ ഈ മാതാവ് ഇന്ന് പ്രയാസങ്ങൾ അനുഭവിക്കുന്ന സഹോദരിയുടെ കീഴിൽ വന്നു നിൽക്കേണ്ടിവന്നേക്കാം. ഇന്ന് നിങ്ങളാണ് പരാതി പറയുന്നതെങ്കിൽ നാളെ നിങ്ങളുടെ മകന്റെ ഭാര്യയായിരിക്കും പരാതിക്കാരി. കാരണം ഒരു സ്ത്രീയും തന്റെ മകന്റെ ഭാര്യയെ ഉപദ്രവിക്കണമെന്ന് തീരുമാനിച്ച് കാത്തിരിക്കുന്നില്ല; ചില മാനസികാവസ്ഥകളിൽ അങ്ങനെ സംഭവിച്ചു പോകുന്നു എന്ന് മാത്രം.

ഭർതൃമാതാവിന്റെ ഇതേ ഉപദ്രവങ്ങൾ തന്റെ സ്വന്തം ഉമ്മയിൽ നിന്നാണെങ്കിൽ എന്ത് ചെയ്യും? അത് ഉമ്മയുടെ സ്വഭാവമാണെന്ന് മനസ്സിലാക്കി, അന്യായമായി തന്നോട് ചെയ്യുന്ന കാര്യങ്ങളിൽ വിഷമിക്കുന്നതിൽ അർഥമില്ലെന്നു വിചാരിച്ച് ക്ഷമിക്കും! ഭർത്താവിന്റെ ഉമ്മയെ തന്റെ സ്വന്തം ഉമ്മയുടെ സ്ഥാനത്ത് സങ്കൽപിച്ചാൽ ഒരുപക്ഷേ, പ്രയാസങ്ങൾ കുറഞ്ഞതു പോലെ അനുഭവപ്പെടും. മനസ്സ് മാറിക്കിട്ടാനുള്ള ആത്മാർഥമായ പ്രാർഥനകളും ഒരു പരിഹാരമാണ്.

ഇവിടെ ഈ സഹോദരി തന്റെ ഉമ്മയുടെ അവസ്ഥയോട് തന്റെ അവസ്ഥയെ താരതമ്യം ചെയ്തതു കൊണ്ടായിരിക്കും പ്രതീക്ഷ നഷ്ടപ്പെട്ടത്. ഉമ്മ സ്വീകരിച്ചതിൽനിന്നും വ്യത്യസ്തമായ ഒരു സമീപനം സ്വീകരിച്ചാൽ തനിക്ക് മറ്റൊരനുഭവമുണ്ടാകും എന്ന് പ്രതീക്ഷിക്കാൻ കഴിയണം. അറിവില്ലായ്മയും തെറ്റായ പ്രതികരണ രീതികളും പല പ്രശ്നങ്ങളെയും സങ്കീർണമാക്കുന്നു.

ഭർതൃമാതാവിന്റെ പെരുമാറ്റ മനഃശ്ശാസ്ത്രം സഹോദരി മനസ്സിലാക്കണം. നിങ്ങൾ ചെയ്യുന്ന ജോലിയിലെ ന്യൂനതകളോ കുട്ടികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളോ ധനം ചെലവഴിക്കുന്നതിലെ സൂക്ഷ്മതക്കുറവോ സ്വന്തം വീട്ടുകാരുമായുള്ള ബന്ധങ്ങളോ എല്ലാമായിരിക്കും കുറ്റപ്പെടുത്തുന്നതിലെ വിഷയങ്ങൾ. എന്നാൽ യഥാർഥ കാരണം ഇവയാകണമെന്നുമില്ല. മകൻ അവന്റെ ഭാര്യയോടുള്ള അമിത സ്നേഹം കാരണം തന്നിൽനിന്ന് അകലുമോ എന്ന ചിന്തയോ, തന്റെ മകൾക്ക് കിട്ടാത്ത ദാമ്പത്യ ജീവിതം ഇവൾക്ക് കിടുന്നതോ, തനിക്ക് ഇതുപോലെയുള്ള ജീവിതം കിട്ടിയില്ലല്ലോ എന്ന ദുഃഖമോ ഒരുപക്ഷേ, ആ മനസ്സിനെ അലട്ടുന്നുണ്ടാകും. അതിനാൽ അവരിൽ നിന്നുണ്ടാകുന്ന അനിഷ്ടകരമായ കാര്യങ്ങളെ തൽക്കാലം അവഗണിക്കുകയും അവരുടെ സ്നേഹം കരസ്ഥമാക്കാൻ തന്ത്രപരമായ സമീപനങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നതാണ് ബുദ്ധി.

വിഷമങ്ങൾ അധികരിക്കുമ്പോൾ, എന്തിന് ഇതെല്ലാം സഹിക്കണം, ഭർത്താവിന്റെ മാതാവിനെ നോക്കാൻ എനിക്ക് മതപരമായി കടമയുണ്ടോ എന്നെല്ലാം ചിന്തിക്കുനവർക്ക് മുന്നോട്ടു പോകാൻ കഴിയില്ല. ഭർത്താവുമായുള്ള ബന്ധം ഭംഗിയായും സ്നേഹത്തോടെയും മുന്നോട്ട് കൊണ്ടുപോകാൻ അയാളുടെ കുടുംബത്തോടും മാതാവിനോടും നല്ല ബന്ധം സ്ഥാപിച്ചേ പറ്റൂ. ഭാര്യ സമ്പന്നയാണെങ്കിലും അവൾക്ക് ചെലവിനു നൽകാൻ ഭർത്താവിന് ബാധ്യതയുള്ളതുപോലെ ഭർത്താവിനും കുടുംബത്തിനും അല്ലാഹുവിന്റെ പ്രതിഫലമാഗ്രഹിച്ച് കഴിയാവുന്ന സേവനങ്ങൾ ചെയ്യാൻ ഭാര്യയും ശ്രമിക്കണം.

ഒറ്റക്ക് ജീവിച്ചാലോ എന്ന് ചിന്തിച്ചും വിവാഹമോചനം ആവശ്യപ്പെടാൻ ആഗ്രഹിച്ചും മാനസിക നിലതെറ്റാവുന്ന അവസ്ഥയിൽ തന്റെ ഭാര്യ എ

# മനസ്സുമാറ്റിയ യാത്ര

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com

കാഴ്ച

ഒരകന്ന ബന്ധുവുണ്ട്. കഠിനാധ്വാനി. വെയിൽ കൊണ്ട് ദീർഘകാലം പണിയെടുത്തിട്ടെന്നോണം ഇരുണ്ട ബലിഷ്ഠ ദേഹം. സ്വന്തം കൃഷിയിടത്തിൽ കവുങ്ങ്, തെങ്ങ്, പച്ചക്കറി, റബ്ബർ തുടങ്ങി വിവിധയിനം കൃഷികളിൽ സദാസമയവും സജീവം. കാലത്ത് തുടങ്ങുന്ന അധ്വാനം വൈകുന്നേരം വരെ നീളും. കൂട്ടത്തിൽ കുടുംബവും പങ്കെടുക്കണമെന്ന് നിർബന്ധം. അത് കൊണ്ട് തന്നെ മക്കൾക്കും പിടിപ്പത് പണിയായിരിക്കും. എത്രയെടുത്താലും പോരായെന്ന മട്ടിൽ ജോലിക്ക് മേൽ ജോലി.

ആളൊരു സരസഭാഷകനായിരുന്നെങ്കിലും മക്കളോടങ്ങനെയായിരുന്നില്ല. ചീത്ത പറയുന്നതിനോ വേണ്ടി വന്നാൽ കായിക പ്രയോഗത്തിനോ അയാൾക്ക് മടിയൊട്ടുമുണ്ടായിരുന്നില്ലത്രെ. മക്കൾ മാറിത്താമസിക്കാൻ തുടങ്ങിയത് ഇക്കാരണം കൊണ്ടായിരുന്നുവെന്ന് വേണം പറയാൻ.

പണം ചെലവഴിക്കാനും മടിയുണ്ടായിരുന്നു. വാശിയിൽ ഗവേഷണം നടത്തുന്ന പോലുള്ള സ്വഭാവമുണ്ടായിരുന്നത് കൊണ്ട് നിസ്സാര കാരണങ്ങളാൽ സഹോദരി-സഹോദരങ്ങളോട് പോലും മിണ്ടാതെ നടന്നു കൊല്ലങ്ങൾ.

അങ്ങനെയിരിക്കെയാണ് വിശുദ്ധ വിളിക്ക് ഉത്തരം നൽകാൻ മനസ്സലിവ് വന്നത്. ഹജ്ജിനായി യാത്ര തിരിച്ചു.

കഅ്ബയും മിനായും അറഫയും മുസ്തലിഫയുമെല്ലാം കൺനിറയെ കണ്ടു. ഹജ്ജിന്റെ കർമങ്ങൾ യഥാവിധി പൂർത്തിയാക്കി. തിരിച്ച് നാട്ടിലെത്തിയത് തികച്ചും മറ്റൊരു മനുഷ്യനായിരുന്നു. കൊച്ചുകുട്ടികളെപ്പോൽ നിഷ്കളങ്കമായ പെരുമാറ്റമായിരുന്നു ശേഷമെന്ന് രക്തബന്ധുക്കൾ സാക്ഷ്യംവഹിച്ചു. വാശികളും കാർക്കശ്യവും മാഞ്ഞ്, നന്മ നിറഞ്ഞ സുമനസ്കനായി ഇടയ്ക്കിടെ അദ്ദേഹത്തെ കാണാറുണ്ട്. പൊതുവെ എന്നോട് പണ്ടും ലോഹ്യത്തിലായിരുന്നെങ്കിലും ഇപ്പോൾ അതൊന്ന് കൂടി സൗമ്യവും തീവ്രവുമായി അനുഭവപ്പെടുന്നു.

ചില ധാരണകളുടെയും ജാഡകളുടെയും നേർത്ത പുതപ്പ് പലരെയും മൂടിയതായി തോന്നാറുണ്ട് ചിലപ്പോൾ. മോശമല്ലാത്ത ആരോഗ്യം, അല്ലെങ്കിൽ കൂടിയ വിദ്യാഭ്യാസം, ഉയർന്ന ജോലി, അതുമല്ലെങ്കിൽ സാമ്പത്തിക ഔന്നത്യം... ഇങ്ങനെ പലതുമായിരിക്കും അതിന് കാരണം. പ്രസംഗിക്കാനോ എഴുതാനോ പാടാനോ വരയ്ക്കാനോ നേതൃത്വം വഹിക്കാനോ ഒക്കെയുള്ള കഴിവുകളും ചിലരെ അഹംഭാവികളാക്കാനും മറ്റുള്ളവരെ നിസ്സാരന്മായി കാണാനും കാരണമാകാറുണ്ട്.

ചിലപ്പോൾ എനിക്കും തോന്നാറുണ്ട് മേൽപറഞ്ഞ കഴിവുകളിൽ ചിലത് ചെറിയ അളവിൽ എന്നിലുമില്ലേ എന്നും അവ എന്നെയും ജാഡയുടെ നേർത്ത ആവരണമിടുവിക്കുന്നില്ലേ എന്നും!

വിനാശ ഹേതുവായ സ്വയം ചിന്തകളുടെ കറുത്ത മേലങ്കിയിൽ നിന്ന് മോചിതനാകണമെന്നും പാപരഹിതമായ ശൈശവ നിഷ്കളങ്കതയുടെ മുൻകാലത്തിലേക്ക് വീണ്ടും എത്തണമെന്നും ഞാനും മോഹിക്കുന്നുണ്ട്. അതിനായി പ്രാർഥിക്കാറുണ്ട്. ഹജ്ജിന് പുറപ്പെടുന്ന ഓരോരുത്തരും ഈ ആഗ്രഹം വെച്ചുപുലർത്തുകയും പ്രാർഥിക്കുകയും ചെയ്യുക. തൽബിയ്യത്ത് ചൊല്ലുന്ന ജനലക്ഷങ്ങളിൽ ഒരാളായി അലിഞ്ഞു ചേരാൻ ഞാനും തയ്യാറായിക്കഴിഞ്ഞു.

ത്തിപ്പെടുന്നതിൽ തീർച്ചയായും ഭർത്താവിന് ഉത്തരവാദിത്തമുണ്ട്. നബിﷺ പറഞ്ഞു: "സ്ത്രീകളുടെ കാര്യത്തിൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. അലാഹുവിൽനിന്നുള്ള ഒരു അമാനത്തായാണ് നിങ്ങൾ അവരെ സ്വീകരിച്ചിരിക്കുന്നത്. അല്ലാഹുവിന്റെ നാമത്താലാണ് അവർ നിങ്ങൾക്ക് അനുവദനീയമായിത്തീർന്നത്" (മുസ്‌ലിം 2137).

സഹോദരി അനുഭവിക്കുന്നതു പോലുള്ള മാനസിക പ്രയാസത്തിൽ അകപ്പെട്ട ഏതൊരു ഭാര്യയോടും വളരെ നല്ല പെരുമാറ്റം ഭർത്താവിൽനിന്നുണ്ടാകേണ്ടത് അനിവാര്യമാണ്. നബിﷺ പറഞ്ഞു: "സ്വന്തം ഭാര്യയോട് നന്നായി പെരുമാറുന്നവനാണ് നിങ്ങളിൽ ഉത്തമൻ' (തുർമുദി).

അതോടൊപ്പം ഒരു കാര്യം മനസ്സിലാക്കുക. മാതാവിന്റെ പെരുമാറ്റം നന്നാക്കുന്നതിൽ മകനെന്ന നിലയിൽ ഭർത്താവിന് ചില പരിമിതികളുണ്ട്. എന്നാൽ അപകടരഹിതമായ വഴികൾ അദ്ദേഹം കണ്ടെത്തേണ്ടതുണ്ട്. പ്രയാസങ്ങൾ എപ്പോഴും എളുപ്പത്തിലേക്കുള്ള വഴികളാണെന്ന ശുഭാപ്തി വിശ്വാസം വെച്ചുപുലർത്തുക. ക്ഷമയോടെ കാത്തിരുന്നാൽ ഇഹലോകത്തും പരലോകത്തും സന്തോഷിക്കാനാകും. അല്ലാഹു സഹായിക്കട്ടെ.

പി.എൻ. അബ്ദുറഹ്മാൻ
pnabdurahman@gmail.com



# ഉദുഹിയ്യത്ത് മൃഗത്തിന് ഉണ്ടായിരിക്കേണ്ട നിബന്ധനകൾ

**ഉ**ദുഹിയ്യത്ത് അറുക്കപ്പെടുന്ന മൃഗത്തിന് ഉണ്ടായിരിക്കേണ്ട നിബന്ധനകളെ സംബന്ധിച്ചും അനുബന്ധ കാര്യങ്ങളെക്കുറിച്ചുമാണ് ഈ ലേഖനത്തിൽ നാം ചർച്ച ചെയ്യുന്നത്.

ഒന്ന്: അറുക്കപ്പെടുന്ന മൃഗം കന്നുകാലി വർഗത്തിൽ പെട്ടതായിരിക്കണം. ഒട്ടകം, മാടുകൾ, ആട് എന്നിവയാണവ.

അല്ലാഹു പറയുന്നു: “ഓരോ സമുദായത്തിനും നാം ഓരോ ആരാധനാകർമം നിശ്ചയിച്ചിട്ടുണ്ട്. അവർക്ക് ഉപജീവനത്തിനായി അല്ലാഹു അവർക്ക് നൽകിയിട്ടുള്ള കന്നുകാലിമൃഗങ്ങളെ അവന്റെ നാമം ഉച്ചരിച്ചു കൊണ്ട് അവർ അറുക്കേണ്ടതിനു വേണ്ടിയത്രെ അത്...” (ക്വുർആൻ 22:34).

രണ്ട്: അറുക്കപ്പെടുന്ന മൃഗത്തിന് നിശ്ചിത പ്രായം തികയണം. ഹദീഥിൽ ഇപ്രകാരം കാണാം:

ജാബിർ ﵁ നിവേദനം: റസൂൽ ﷺ പറഞ്ഞു: “നിങ്ങൾ ‘മുസിന്ന’ അല്ലാതെ അറുക്കരുത്. നിങ്ങൾക്ക് അത് പ്രയാസകരമായാൽ ചെമ്മരിയാടിൽ നിന്നും അറുത്ത് കൊള്ളുക” (സ്വഹീഹ് മുസ്‌ലിം: 1963).

‘മുസിന്ന’ എന്നാൽ കാലികളിലെ ഒരു പ്രായപരിധിയാണ്. ജനിക്കുമ്പോൾ ഉള്ള പല്ലുകൾ മാറി സ്ഥിരമായി നിലനിൽക്കുന്ന തീറ്റപ്പല്ല് വന്നവ എന്നതാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്.

ഇമാം നവവി പറയുന്നു: ‘മുസിന്ന’ എന്നാൽ എല്ലാത്തിൽ നിന്നും ആണ് (അഥവാ പാൽപല്ല് മാറി തീറ്റപ്പല്ല് വന്നവ). ആട്, പശു, ഒട്ടകം തുടങ്ങിയവയിലെല്ലാം ഇപ്രകാരം തന്നെ” (ശറഹു മുസ്‌ലിം: 6/456).

**ഓരോ മൃഗവും അവയുടെ പ്രായപരിധിയും**

കോലാട്: ഹനഫീ, മാലികീ, ഹമ്പലീ അഭിപ്രായപ്രകാരം ഒരു വയസ്സ് തികയണം. ശാഫിഈ അഭിപ്രായ പ്രകാരം രണ്ട് വയസ്സ് തികയണം. കോലാടിന് ഒരു വയസ്സ് തികഞ്ഞാൽ മതി എന്നതാണ് ഭൂരിപക്ഷാഭിപ്രായം. നമ്മുടെ നാട്ടിൽ സാധാരണ കാണാറുള്ള ആടാണ് കോലാട്.

ചെമ്മരിയാട്: ഹനഫീ, മാലികീ, ഹമ്പലീ അഭിപ്രായപ്രകാരം ആറു മാസം തികയണം. ശാഫിഈ അഭിപ്രായപ്രകാരം ഒരു വർഷമെത്തിയിരിക്കണം. ആറു മാസം എന്നതാണ് ഭൂരിപക്ഷാഭിപ്രായം. ചെമ്മരിയാടിന്റെ വിഷയത്തിൽ മാത്രമുള്ള ഇളവാണ് ഇത്. ചെമ്മരിയാടിൽ മാത്രമാണ് ???? നബിﷺ അനുവദിച്ചിട്ടുള്ളത്. പല്ല് പൊഴിയുന്ന പ്രായം അഥവാ ആറു മാസം പ്രായമെത്തിയവയാണവ. എന്നാൽ ചെമ്മരിയാടിലും ഒരു വയസ്സ് തികയുകയാണ് എങ്കിൽ അതാണ് ശ്രേഷ്ഠം. ചില പണ്ഡിതന്മാർ മുകളിൽ ഉദ്ധരിച്ച ഹദീഥിന്റെ അടിസ്ഥാനത്തിൽ ഒരു വയസ്സ് തികഞ്ഞതിനെ കിട്ടിയില്ലെങ്കിലല്ലാതെ ആറു മാസം ഉള്ളതിനെ അറുക്കരുത് എന്ന് പറഞ്ഞിട്ടുണ്ട്.

മാടുകൾ: ഹനഫീ, ശാഫിഈ, ഹമ്പലീ അഭിപ്രായപ്രകാരം രണ്ട് വയസ്സ് തികഞ്ഞവ. മാലികീ അഭിപ്രായപ്രകാരം മൂന്ന് വയസ്സ് തികയണം. രണ്ട് വയസ്സ് എന്നതാണ് ഭൂരിപക്ഷാഭിപ്രായം. പോത്ത്, കാള തുടങ്ങിയവയെല്ലാം ഇപ്രകാരം തന്നെ.

ഒട്ടകം: അഞ്ച് വർഷം തികഞ്ഞവയായിരിക്കണം. ഇതിൽ നാല് ഇമാമുമാർക്കും എകാഭിപ്രായമാണ്.

ചുരുക്കത്തിൽ: ആൺ ആടാണ് എങ്കിൽ ഒരു വയസ്സ് തികഞ്ഞതും, മാടുകളാണ് എങ്കിൽ രണ്ട് വയസ്സ് തികഞ്ഞതും, ഒട്ടകം ആണ് എങ്കിൽ 5 വയസ്സ് തികഞ്ഞതും.

മൂന്ന്: ഉദുഹിയ്യത്തിന് വേണ്ടി തിരഞ്ഞെടുക്കപ്പെടുന്ന മൃഗങ്ങളിൽ അവയുടെ മാംസം ചുരുങ്ങുകയോ, കേടുവരുത്തുകയോ ചെയ്യുന്നതായ ന്യൂനതകൾ ഉണ്ടായിരിക്കരുത്. ഹദീഥിൽ ഇപ്രകാരം കാണാം:

ബറാഅ് ബ്ൻ ആസിബ്ؓ നിവേദനം: നബിﷺയോട് ഇപ്രകാരം ചോദിക്കപ്പെട്ടു: "ഉദുഹിയ്യത്ത് അറുക്കപ്പെടുന്നവയിൽ മാറ്റിനിർത്തേണ്ടവ ഏതൊക്കെ?" അപ്പോൾ അദ്ദേഹം പറഞ്ഞു: "നാല് ഇനങ്ങളാണവ. പ്രകടമായ മുടന്തുള്ളവ, പ്രകടമായ കണ്ണ് കേടുള്ളവ, പ്രകടമായ രോഗബാധയേറ്റവ, മജ്ജ (നെയ്യ്) നഷ്ടപ്പെട്ട് മെലിഞ്ഞൊട്ടിയവ" (മുസ്നദ്: 18675).

ഹദീഥിലെ 'പ്രകടമായ'എന്ന പ്രയോഗത്തിൽ നിന്നും സാധാരണ കണക്കാക്കപ്പെടാത്ത നിസ്സാരമായ ന്യൂനതകൾ ആണ് അവക്കുള്ളതെങ്കിൽ കുഴപ്പമില്ല എന്ന് മനസ്സിലാക്കാം.

രോഗം പ്രകടമായവ, നടക്കാൻ പ്രയാസമുള്ളവ, ശരീരഭാഗങ്ങൾ മുറിഞ്ഞു പോയവ, കണ്ണ് പൊട്ടിയത്, കണ്ണ് തുറിച്ച് നിൽക്കുന്നത്, കാഴ്ച നഷ്ടപ്പെട്ടത്, അവശത ബാധിച്ചവ എന്ന് തുടങ്ങി മറ്റു മാടുകളോടൊപ്പം തീറ്റയിലും കുടിയിലും ഒപ്പമെത്താത്ത ന്യൂനതകളുള്ളവ ഉദുഹിയ്യത്തിൽ അനുവദനീയമല്ല. അനുവദിക്കപ്പെട്ടതും അനുവദിക്കപ്പെടാത്തതുമായവയെ വേർത്തിരിക്കുന്ന മാനദണ്ഡം വിശദീകരിച്ചുകൊണ്ട് ഇമാം നവവി ؒ പറയുന്നു:

"രോഗബാധിതമായതിനെപ്പോലെ ഇറച്ചി കുറയാൻ കാരണമാകുന്ന ന്യൂനതയുള്ളവ ഉദുഹിയ്യത്തിന് അനുവദനീയമല്ല. ഇനി രോഗം നിസ്സാരമാണ് എങ്കിൽ അതിൽ തടസ്സമില്ല താനും. എന്നാൽ പ്രകടമായതും അതുകാരണം അവശതക്കും ഇറച്ചി ദുഷിക്കാനും ഇടവരുത്തുന്നതുമായ രോഗമാണ് ഉള്ളത് എങ്കിൽ അത് അനുവദനീയമല്ല" (??????? :8/293).

എന്നാൽ മണി ഉടച്ചവക്ക് കുഴപ്പമില്ല. അത് ഇറച്ചിയുടെ രുചിയും മേന്മയും വർധിപ്പിക്കുകയാണ് ചെയ്യുക.

ബലി മൃഗം ഗുണത്തിലും മേന്മയിലും ഭംഗിയിലും എത്രത്തോളം നല്ലതാകുന്നുവോ അത്രത്തോളം അത് ശ്രേഷ്ഠകരമാണ്. പക്ഷേ, ലോകമാന്യത ഉദ്ദേശിച്ചുകൊണ്ടോ, ആളുകളുടെ പ്രശംസ പിടിച്ച് പറ്റാനോ ആണ് ഒരാൾ നല്ല ഇനം നോക്കി വാങ്ങുന്നത് എങ്കിൽ അയാൾക്ക് ശിക്ഷയാണ് ലഭിക്കുക. അല്ലാഹുവിന്റെ പ്രീതി മാത്രമായിരിക്കണം ഏറ്റവും മുന്തിയ മൃഗത്തെ തിരഞ്ഞെടുക്കുന്നതിന് പിന്നിലുള്ള പ്രചോദനം.

നാല്: ഉദുഹിയ്യത്ത് അറുക്കപ്പെടുന്ന മൃഗം തന്റെ ഉടമസ്ഥതയിൽ ഉള്ളതോ, ശറഇയ്യായ നിലക്ക് തനിക്ക് അറുക്കുവാൻ അനുമതി ലഭിക്കപ്പെട്ടതോ ആയിരിക്കണം.

മോഷ്ടിച്ചവ, തട്ടിയെടുത്തവ, അന്യായമായി കൈവശപ്പെടുത്തിയവ, ഒരാളുടെ ധനത്തിൽ നിന്നും അയാളുടെ അനുവാദമില്ലാതെ അറുക്കപ്പെടുന്നവ എന്നിങ്ങനെയുള്ളവയൊന്നും ഉദുഹിയ്യത്തിൽ സ്വീകാര്യമല്ല. കാരണം അല്ലാഹുവിനെ ധിക്കരിച്ചുകൊണ്ടല്ല അവന്റെ സാമീപ്യം കണ്ടെത്തേണ്ടത്. അവ ഉദുഹിയ്യത്തിൽ മാത്രമല്ല അല്ലാത്ത സന്ദർഭങ്ങളിലും നിഷിദ്ധമാണ്.

അഞ്ച്: ആ മൃഗവുമായി ബന്ധപ്പെട്ട് മറ്റു അവകാശങ്ങൾ നിലനിൽക്കരുത്. ഉദാ: കടത്തിന് ഈടായി (പണയം) നൽകിയ മൃഗത്തെ ബലിയറുക്കാൻ പാടില്ല. കാരണം കടം തിരികെ ലഭിക്കാത്ത സാഹചര്യത്തിൽ അത് ഈടാക്കാനുള്ള ഉപാധിയായി നിശ്ചയിക്കപ്പെട്ടതാണത്.

ആര്: ശറഇയ്യായി (മതപരമായി) നിർണിതമായ സമയത്ത് തന്നെ അത് അറുക്കപ്പെടണം. എങ്കിലേ അത് ഉദുഹിയ്യത്തായി പരിഗണിക്കപ്പെടുകയുള്ളൂ. പെരുന്നാൾ നമസ്കാര ശേഷം മുതൽ അയ്യാമുത്തശ്‌രീകിന്റെ ദിനങ്ങൾ അവസാനിക്കുന്നത് വരെയാണ് അതിന്റെ സമയ പരിധി. പെരുന്നാൾ ദിവസത്തിന് ശേഷമുള്ള മൂന്ന് ദിവസങ്ങൾക്കാണ് അയ്യാമുത്തശ്‌രീക് എന്ന് പറയുന്നത്. ഹദീഥിൽ ഇപ്രകാരം കാണാം:

“നമ്മുടെ ഈ ദിവസത്തിൽ (പെരുന്നാൾ ദിവസം) നാം ആദ്യമായി തുടങ്ങുന്നത് പെരുന്നാൾ നമസ്കാരം കൊണ്ടാണ്. അത് നിർവഹിച്ച് മടങ്ങിയ ശേഷം ബലികർമം നിർവഹിക്കുകയും ചെയ്യും. ആരെങ്കിലും ഇതുപോലെ ചെയ്താൽ അവൻ നമുടെ ചര്യ പിന്തുടർന്നിരിക്കുന്നു. എന്നാൽ ആരെങ്കിലും പെരുന്നാൾ നമസ്കാരത്തിന് മുൻപായി അറുത്താൽ അത് തന്റെ കുടുംബത്തിന് ഇറച്ചിക്ക് വേണ്ടിയുള്ള ഒരു കാര്യം മാത്രമാണ്. അതൊരിക്കലും ഉദുഹിയ്യത്തായി പരിഗണിക്കപ്പെടുകയില്ല” (സ്വഹീഹുൽ ബുഖാരി: 965, സ്വഹീഹ് മുസ്‌ലിം: 5185).

**സാന്ദർഭികമായി മനസ്സിലാക്കേണ്ട ചില കാര്യങ്ങൾ**

1. ആൺ, പെൺ മൃഗങ്ങളെ ബലി കഴിക്കാം. ആൺ മൃഗങ്ങളാണ് കൂടുതൽ ശ്രേഷ്ഠം എന്ന് ചില പണ്ഡിതന്മാർ പറയാൻ കാരണം നബിﷺ ആണാടിനെ അറുത്തതായി വന്ന റിപ്പോർട്ടുകൾ അവലംബമാക്കിയാണ്. രണ്ടും അനുവദനീയമാണ് എന്നതിൽ തർക്കമില്ല.

2. സ്ത്രീക്കും പുരുഷനും ഉദുഹിയ്യത്ത് അറുക്കാം. സ്ത്രീയാകട്ടെ പുരുഷനാകട്ടെ ശറഇയ്യായ നിലയ്ക്ക് അറുത്താൽ അത് ഭക്ഷിക്കാം. യാതൊരു വ്യത്യാസവും ഇല്ല.

3. ഉദുഹിയ്യത്ത് അറുക്കുന്നതിൽ ഏറ്റവും ശ്രേഷ്ഠം ഒട്ടകമാണ്, പിന്നെ മാടുകൾ, പിന്നെ ആട്, ശേഷം ഒട്ടകത്തിലോ, മാടിലോ ഷെയർ ചേർന്ന് അറുക്കുന്നതാണ്. ഒട്ടകത്തിലോ മാടിലോ ഷെയർ ചേരുന്നതിനെക്കാൾ ഉചിതം സ്വന്തമായി ഒരാടിനെ അറുക്കാൻ സാധിക്കുമെങ്കിൽ അതാണ് എന്ന് കർമശാസ്ത്ര പണ്ഡിതന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്.

4. എനിക്കും എന്റെ കുടുംബത്തിനും എന്ന നിലയ്ക്ക് ഒരാൾ അറുത്താൽ ഒരു വീട്ടിൽ കഴിയുന്നവരാണ് എങ്കിൽ, കുടുംബത്തിലെ അംഗങ്ങൾക്ക് അത് മതിയാവുമെങ്കിലും, ഓരോരുത്തർക്കും സാമ്പത്തികമായി കഴിയുമെങ്കിൽ അപ്രകാരം ചെയ്യുകയാണ് വേണ്ടത്. അതുപോലെ എനിക്കും കുടുംബത്തിനും എന്ന നിലയ്ക്ക് ഒരാൾ മൃഗത്തെ അറുത്താൽ ആ കുടുംബത്തിലെ അംഗങ്ങളെ അതിൽ ഷെയർ ചേർന്നവർ എന്ന നിലയ്ക്ക് പരിഗണിക്കുന്നില്ല. പണം നൽകി ഭാഗമാകുന്നതാണ് ഷെയർ. ഒട്ടകത്തിലും മാടുകളിലും ഇങ്ങനെ ഏഴോളം പേർക്ക് വരെ ഷെയർ കൂടാം.

5. ഇന്ന് പല സ്ഥലങ്ങളിലും കാണുന്നത് പോലെ നിശ്ചിത സഖ്യ ഷെയർ വാങ്ങുകയും ശേഷം മൊത്തം സംഖ്യ കൂട്ടി പല വിലകളിലുള്ള ഉരുക്കളെ വാങ്ങുകയും ചെയ്യുന്ന രീതി ശരിയല്ല. ഉദാ: എല്ലാവരിൽ നിന്നും 5000 വീതം വാങ്ങിയാൽ ഒരു ഉരുവിന് ഏഴു പേർ എന്ന തോതിൽ 35000 രൂപ ആണ് വരുക. എന്നാൽ ചിലതിന് 30000, ചിലതിന് 40000 എന്ന രൂപത്തിൽ ഉരു വാങ്ങിയാൽ ഒന്നിൽ എട്ടു പേരും, മറ്റൊന്നിൽ ആറു പേരും ആണ് യഥാർഥത്തിൽ ഇതിൽ പങ്കാളികളായത്. ഇത് ശറഇയ്യായി അനുവദിക്കപ്പെടുന്നില്ല.

മറിച്ച് ഓരോ ഉരുവിന്റെയും ഉടമസ്ഥർ ആയ ഷെയറുകാർ ആര് എന്ന് നിശ്ചയിക്കുകയും, അവർ നൽകിയ സംഖ്യയെക്കാൾ കുറവാണ് എല്ലാ ചിലവും കഴിച്ച് ആ ഉരുവിന് വന്നത് എങ്കിൽ, മിച്ചം വന്ന സംഖ്യ തുല്യമായി അവർക്ക് വീതിച്ചു നൽകുകയും, ഇനി അവർ നൽകിയ സംഖ്യയെക്കാൾ കൂടുതലായാൽ അത് അവരിൽ നിന്ന് ഈടാക്കുകയും ചെയ്യണം. അതല്ലെങ്കിൽ നേരത്തെ തന്നെ ആളുകൾ ഷെയർ നൽകിയ ബഡ്ജറ്റിന്റെ ഉള്ളിൽ നിന്നുകൊണ്ട് മാത്രമെ ഉരുവിനെ വാങ്ങാവൂ. മറിച്ച് ഓരോരുത്തരുടെ ഉരു ഏത് എന്ന് വേർതിരിച്ച് അറിയാൻ സാധിക്കാത്ത രൂപത്തിലുള്ള 14 പേർ ചേർന്ന് രണ്ട് ഉരു അറുക്കുക, 21 പേർ ചേർന്ന് മൂന്ന് ഉരു അറുക്കുക എന്നിങ്ങനെയുള്ള കൂട്ട അറവ് പ്രമാണങ്ങളിൽ കാണുക സാധ്യമല്ല. മറിച്ച് ഓരോ എഴ് പേരുടെയും ഉരു ഏത് എന്നത് നിർണിതമായിരിക്കണം.


6. ഒരു ഉരു ഷെയർ ആണ് എങ്കിൽ എഴ് പേർ ഉണ്ടായിരിക്കണം എന്ന നിബന്ധനയില്ല. മാക്സിമം എഴ് പേരെ പാടുള്ളൂ എന്ന് മാത്രം. എത്ര കണ്ട് ഷെയറുകൾ കുറഞ്ഞുകൊണ്ട് നിർവഹിക്കാൻ സാധിക്കുമോ അത്രയും നല്ലതാണ്. ഒറ്റക്ക് സാധിക്കുമെങ്കിൽ അതാണ് ഏറ്റവും ശ്രേഷ്ഠം.

7. ആടുകളിൽ ഒന്നിലധികം പേർ ഷെയർ ചെയ്യാൻ പാടില്ല. എന്നാൽ എനിക്കും എന്റെ കുടുംബത്തിനും എന്ന നിലയ്ക്ക് ഒരാൾ ആടിനെ അറുക്കുന്നുവെങ്കിൽ അത് ഷെയർ ചെയ്യൽ അല്ല. ഞാൻ നേരത്തെ സൂചിപ്പിച്ചത് പോലെ അതിന്റെ വില ഷെയർ ചെയ്യുക എന്നതാണ് ഉദുഹിയ്യത്തുമായി ബന്ധപ്പെട്ട ഷെയർ എന്നതുകൊണ്ടുള്ള ഉദ്ദേശം.

8. എല്ലാവരും തുല്യമായ സംഖ്യ തന്നെ ഷെയർ ചെയ്യണം എന്നില്ല. അത് പരസ്പരധാരണ പ്രകാരം ചെയ്യാവുന്നതാണ്. അതുപോലെ ഒരു ഷെയർ രണ്ട് പേർ ചേർന്ന് എന്ന നിലയ്ക്കും പാടില്ല. കാരണം അത് ഒരു ഉരുവിൽ പതിനാല് പേർ പങ്കാളികളാകാൻ ഇടവരുത്തും. ●

മെഹബൂബ് മദനി ഒറ്റപ്പാലം
mail@nerpatham.com

ലേഖനം



# തുല്യതയില്ലാത്ത ത്യാഗത്തിന്റെ കഥ

സ്വർഗം നേടാൻ അല്ലാഹുവിന്റെ മാർഗത്തിൽ ആത്മാർപ്പണം ചെയ്യുന്നവർക്കെല്ലാം വലിയ പാഠങ്ങൾ നൽകുന്നതാണ് ഇബ്റാഹീം നബി(عليه السلام)യുടെ ജീവിതം. അതുകൊണ്ടുതന്നെയായിരിക്കണം യഥാർഥ ജിഹാദിനെക്കുറിച്ച് പരാമർശിച്ചപ്പോൾ ഇബ്റാഹീം നബി(عليه السلام)യുടെ നാമം അല്ലാഹു പ്രത്യേകം എടുത്തു പറഞ്ഞത്.അല്ലാഹു പറയുന്നു: “അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യേണ്ട മുറപ്രകാരം നിങ്ങൾ സമരം ചെയ്യുക. അവൻ നിങ്ങളെ ഉൽകൃഷ്ടരായി തെരഞ്ഞെടുത്തിരിക്കുന്നു. മതകാര്യത്തിൽ യാതൊരു പ്രയാസവും നിങ്ങളുടെ മേൽ അവൻ ചുമത്തിയിട്ടില്ല. നിങ്ങളുടെ പിതാവായ ഇബ്റാഹീമിന്റെ മാർഗമത്രെ അത്. മുമ്പും (മുൻവേദങ്ങളിലും) ഇതിലും (ഈ വേദത്തിലും) അവൻ (അല്ലാഹു) നിങ്ങൾക്ക് മുസ്‌ലിംകളെന്ന് പേര് നൽകിയിരിക്കുന്നു. റസൂൽ നിങ്ങൾക്ക് സാക്ഷിയായിരിക്കുവാനും, നിങ്ങൾ ജനങ്ങൾക്ക് സാക്ഷികളായിരിക്കുവാനും വേണ്ടി. ആകയാൽ നിങ്ങൾ നമസ്കാരം മുറപോലെ നിർവഹിക്കുകയും സകാത്ത് നൽകുകയും അല്ലാഹുവെ മുറുകെപിടിക്കുകയും ചെയ്യുക. അവനാണ് നിങ്ങളുടെ രക്ഷാധികാരി. എത്ര നല്ല രക്ഷാധികാരി! എത്ര നല്ല സഹായി” (ക്വുർആൻ 22:78).

ആ മഹാനുഭാവൻ റബ്ബിന്റെ മാർഗത്തിൽ സഹിച്ച കഠിനമായ ജീവിതാനുഭാവങ്ങളെ കുറിച്ച് ഇബ്നു അബ്ബാസ്(رضي الله عنه) ഉദ്ധരിക്കുന്നത് ഇപ്രകാരമാണ്: “ഇസ്മാഈലിന്റെ മാതാവിനെയും (ഹാജറ) മുലകുടി പ്രായത്തിലുള്ള തന്റെ മകൾ ഇസാമാഈലിനെയും കൊണ്ടുവന്ന് ഇബ്റാഹീം (عليه السلام) കഅ്ബയുടെ അടുത്ത് താമസിപ്പിച്ചു.പള്ളിയുടെ ഉപരിഭാഗത്തും സംസമിന്റെ അടുത്തുമുള്ള ഒരു വൃക്ഷത്തിന്റെ അരികിലുമായിരുന്നു അത്. അന്ന് മക്കയിൽ ജനവാസമോ ജലമോ ഉണ്ടായിരുന്നില്ല. അവരെ അവിടെ താമസിപ്പിക്കുമ്പോൾ അവർക്ക് സമീപം ഒരു സഞ്ചി കാരക്കയും ഒരു തോൽപാത്രം വെള്ളവും വെച്ചു കൊടുത്തിരുന്നു. ശേഷം ഇബ്റാഹീം(عليه السلام) തിരിച്ചുപോകാനൊരുങ്ങിയപ്പോൾ ഇസ്മാഈലിന്റെ മാതാവ് അദ്ദേഹത്തെ പിന്തുടർന്ന് കൊണ്ട് ചോദിച്ചു: ‘ഇബ്റാഹീം! മനുഷ്യവാസമില്ലാത്ത ഈ താഴ്‌വരയിൽ ഞങ്ങളെ ഉപേക്ഷിച്ച് താങ്കൾ എങ്ങോട്ടാണ് പോകുന്നത്?’ ഇതേ ചോദ്യം പലതവണ ആവർത്തിച്ചെങ്കിലും ഇബ്റാഹീം(عليه السلام) അങ്ങോട്ട് തിരിഞ്ഞു നോക്കിയില്ല. ‘ഇത് അല്ലാഹുവിന്റെ കല്പനയാണോ’ എന്നു ചോദിച്ചപ്പോൾ ‘അതെ’ എന്ന മറുപടി ലഭിച്ചു. ‘എങ്കിൽ അവൻ ഞങ്ങളെ കൈവെടിയുകയില്ല.’ അങ്ങനെ അദ്ദേഹം തിരിച്ചു പോന്നു.

ഇബ്റാഹീം(عليه السلام) സനിയ്യയിലെത്തി. തന്നെ ആരും കാണുന്നില്ലെന്ന് കണ്ടപ്പോൾ കഅ്ബയിലേക്ക് മുഖം തിരിച്ച് കൈകൾ ഉയർത്തി ഇങ്ങനെ

പ്രാർഥിച്ചു: 'ഞങ്ങളുടെ രക്ഷിതാവേ, എന്റെ സന്തതികളിൽ നിന്ന് (ചിലരെ) കൃഷിയൊന്നും ഇല്ലാത്ത ഒരു താഴ്‌വരയിൽ, നിന്റെ പവിത്രമായ ഭവനത്തിന്റെ (കഅ്ബയുടെ) അടുത്ത് ഞാനിതാ താമസിപ്പിച്ചിരിക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ, അവർ നമസ്‌കാരം മുറപ്രകാരം നിർവഹിക്കുവാൻ വേണ്ടിയാണ് (അങ്ങനെ ചെയ്തത്). അതിനാൽ മനുഷ്യരിൽ ചിലരുടെ മനസ്സുകളെ നീ അവരോട് ചായ്‌വുള്ളതാക്കുകയും അവർക്ക് കായ്കനികളിൽ നിന്ന് നീ ഉപജീവനം നൽകുകയും ചെയ്യേണമേ. അവർ നന്ദികാണിച്ചെന്ന് വരാം' (14:37).

ഇസ്മാഈലിﷺന്റെ മാതാവ് ഇസ്മാഈലിന്ന് മുലയൂട്ടിയും കൂടെയുണ്ടായിരുന്ന വെള്ളം കുടിച്ചും ജീവിച്ചു. അവസാനം തോൽസഞ്ചിയിലെ വെള്ളം തീർന്നപ്പോൾ അവരും മകനും ദാഹിച്ചുവലഞ്ഞു. കുട്ടി ദാഹിച്ച് പിടയുന്നത് അവർ നോക്കി നിന്നു. ആ ദയനീയമായ കാഴ്ച നോക്കി നിൽക്കാനാവാതെ അവർ സമീപത്തുള്ള സ്വഫാ മലയെ ലക്ഷ്യമാക്കി നീങ്ങി. അതിന് മുകളിൽ കയറി നിന്ന് താഴ്‌വാരം നിരീക്ഷിച്ചു. ആരെയെങ്കിലും കാണുന്നുണ്ടോ? അവർ ആരെയും കണ്ടില്ല. ഉടനെ സ്വഫയിൽ നിന്നിറങ്ങി താഴ്‌വരയിലെത്തിയപ്പോൾ കുപ്പായക്കൈ അൽപം പൊക്കിപിടിച്ച് പരിഭ്രമിച്ചോടുന്ന മനുഷ്യരെ പോലെ ആ താഴ്‌വര താണ്ടിക്കടന്നു. അനന്തരം മർവയിൽ കയറി ആരെയെങ്കിലും കാണുന്നുണ്ടോ എന്നു നിരീക്ഷിച്ച്കൊണ്ടിരുന്നു. എന്നാൽ ആരെയും കണ്ടില്ല. അങ്ങനെ അവർ ഏഴ് പ്രാവശ്യം ഇത് ആവർത്തിച്ചു.

ഇബ്‌നു അബ്ബാസ്‌റ പറയുന്നു: നബിﷺ പറഞ്ഞു: 'അതിനാലാണ് ജനങ്ങൾ സ്വഫാ മർവക്കിടയിൽ സഅ്‌യ് നടത്തുന്നത്.'

(ഏഴാം തവണ) അവർ മർവക്ക് മുകളിൽ കയറിയപ്പോൾ ഒരശരീരി കേട്ടു. മൗനം പാലിക്കുക എന്ന്അവർ സ്വയം പറഞ്ഞു. ശ്രദ്ധിച്ച് നിന്നപ്പോൾ വീണ്ടും ആ ശബ്ദം കേട്ടു. അവർ പറഞ്ഞു: 'നിന്റെ ശബ്ദം ഞാൻ കേട്ടിരിക്കുന്നു. നിന്റെ പക്കൽ വല്ല സഹായവുമുണ്ടോ?' അപ്പോൾ അവർ സംസമിന്റെ സ്ഥാനത്ത് ഒരു മലക്കിനെ കണ്ടു. മലക്ക് തന്റെ മടമ്പ് കൊണ്ടോ ചിറക് കൊണ്ടോ കുഴിച്ചപ്പോൾ വെള്ളം പ്രത്യക്ഷമായി. അന്നേരം ഹാജറ തന്റെ കൈകൊണ്ട് തട നിർമിക്കാനും വെള്ളം കോരിയെടുത്ത് തന്റെ തോൽസഞ്ചിയിൽ നിറക്കാനും തുടങ്ങി. വെള്ളം കോരിയെടുത്ത ശേഷവും അത് പ്രവഹിച്ചു കൊണ്ടിരുന്നു."

ഇബ്‌നു അബ്ബാസ്‌റപറയുന്നു: പ്രവാചകൻﷺ പറഞ്ഞു: 'ഇസ്മാഈലിന്റെ മാതാവിനെ അല്ലാഹു അനുഗ്രഹിക്കട്ടെ. അവർ സംസം വെറുതെ വിടുകയോ കോരിയെടുക്കാതരിക്കുകയോ ചെയ്തിരുന്നെങ്കിൽ സംസം ഒരു സമൃദ്ധമായ അരുവിയായി ഒഴുകുമായിരുന്നു.'

അവർ അതിൽ നിന്ന് കുടിച്ചും കുഞ്ഞിനെ മുലയൂട്ടിയും കഴിഞ്ഞു. മലക്ക് അവരോട് പറഞ്ഞു: 'ഈ കുട്ടിയും അവന്റെ പിതാവും ചേർന്ന് ഇവിടെ ഒരു ഭവനം പണിയുന്നതാണ്. അതിന്റെ സേവകരെ അല്ലാഹു കൈവെടിയുകയില്ല.'

അന്ന് കഅ്ബ ഒരു കുന്നു പോലെ ഉയർന്ന് നിൽക്കുകയായിരുന്നു. അതിന്റെ വലതും ഇടതും ഭാഗത്ത് നിന്ന് മലവെള്ളം കവർന്നെടുക്കുമായിരുന്നു. ഹാജറ ഇപ്രകാരം ജീവിച്ചുകൊണ്ടിരിക്കെ ജംറൂഹ് ഗോത്രത്തിലെ ഒരു യാത്രാസംഘം (അല്ലെങ്കിൽ അവരിലെ ഒരു കുടുംബം)കദാഅ് വഴി കടന്നുവന്നു. മക്കയുടെ അടിഭാഗത്ത് ഇറങ്ങിയപ്പോൾ ഒരു പക്ഷി വട്ടമിട്ട് പറക്കുന്നത് കണ്ട് അവർ പറഞ്ഞു: 'ജലത്തിൻമേൽ വട്ടമിട്ട് പറക്കുന്ന പക്ഷിയാണിത്. വെള്ളമില്ലാത്ത താഴ്‌വര എന്നാണല്ലോ ഇതിനെക്കുറിച്ച് മുമ്പ് നാം മനസ്സിലാക്കിയിട്ടുള്ളത്.' വെള്ളം ഉണ്ടോ എന്ന് അന്വേഷിക്കുവാനായി ഒന്നോ രണ്ടോ പേരെ അവർ നിയോഗിച്ചു. അവർ വെള്ളം കാണുകയും തിരിച്ച് യാത്രാ സംഘത്തെ വിവരം ധരിപ്പിക്കുകയും ചെയ്തു. അനന്തരം യാത്രാസംഘം അവിടെ എത്തിയപ്പോൾ ഇസ്മാഈലിന്റെ മാതാവ് വെള്ളം എടുത്ത് നിൽപ്പുണ്ടായിരുന്നു. ഞങ്ങൾ ഇവിടെ താമസിച്ചു കൊള്ളട്ടേ എന്ന് അവർ മഹതിയോട് അനുവാദം ചോദിച്ചു. അവർ പറഞ്ഞു: 'താമസിച്ചു കൊള്ളുക, എന്നാൽ വെള്ളത്തിന്റെ കാര്യത്തിൽ നിങ്ങൾക്ക് അവകാശമൊന്നും ഉണ്ടായിരിക്കുന്നതല്ല.' അവർ സമ്മതിച്ചു."

ഇബ്‌നു അബ്ബാസ്‌റ തുടരുന്നു: "പ്രവാചകൻﷺപറഞ്ഞു: 'ഇസ്മാഈലിന്റെ മാതാവ് അതൊരു മഹാഭാഗ്യമായിട്ടാണ് ദർശിച്ചത്. അവർ ജനസമ്പർക്കം വളരെയേറെ ആഗ്രഹിച്ചിരുന്നു. അങ്ങനെ അവർ അവിടെ താമസിച്ചു. അനന്തരമവർ തങ്ങളുടെ കുടുംബമിത്രാതികളെയും വിളിച്ചു വരുത്തി അവരെയും അവിടെ പാർപ്പിച്ചു. ക്രമേണ അവിടെ കുറെ കുടുംബങ്ങളുണ്ടായി. കുട്ടി യൗവനം പ്രാപിച്ചു. അവരിൽ നിന്ന് അറബി ഭാഷ പഠിച്ച് അവർക്ക് പ്രിയപ്പെട്ടവനും വേണ്ടപ്പെട്ടവനുമായി മാറി. പ്രായപൂർത്തിയായപ്പോൾ അവരിൽ നിന്നൊരു സ്ത്രീയെ വിവാഹം ചെയ്തു കൊടുത്തു. ഇസ്മാഈലിന്റെ മാതാവ് ഇഹലോകം വെടിഞ്ഞു.

ഇസാമാഈലിന്റെ വിവാഹ ശേഷം ഇബ്‌റാഹീം നബിﷺ തന്റെ കുടുംബത്തെ അന്വേഷിച്ച് അതു വഴി വന്നു. അദ്ദേഹം ഇസാമാഈലിനെ കണ്ടില്ല. അദ്ദേഹത്തിന്റെ ഭാര്യയോട് അദ്ദേഹത്തെ കുറിച്ച് അന്വേഷിച്ചപ്പോൾ ഞങ്ങൾക്ക് ആഹാരം തേടി പോയതാണ് (മറ്റൊരു റിപ്പോർട്ടിൽ വേട്ടക്ക് പോയതാണ്)എന്ന് മറുപടി പറഞ്ഞു. ശേഷം അവരുടെ ജീവിതത്തെയും അവസ്ഥയെയും കുറിച്ച് അവളോട

ന്വേഷിച്ചു. 'ഞങ്ങളുടെ അവസ്ഥ ഏറെ പരിതാപകരമാണ്. ഞാൻ കഷ്ടപ്പാടിലും ഞെരുക്കത്തിലുമാണ്' എന്നിങ്ങനെ അവൾ പരിവേദനം പറഞ്ഞു. ഇബ്റാഹീം(അ) പറഞ്ഞു: 'നിന്റെ ഭർത്താവ് വരുമ്പോൾ നീ സലാം പറയുകയും അദ്ദേഹത്തിന്റെ ഉമ്മറപ്പടി മാറ്റി വെക്കാൻ ഉപദേശിക്കുകയും ചെയ്യുക.'

പിന്നീട് ഇസ്മാഈൽ(അ) വന്നപ്പോൾ ആരോ വന്നുപോയ ലക്ഷണം അിറഞ്ഞിട്ടെന്ന വിധം ഇവിടെ ആരെങ്കിലും വന്നിരുന്നോ എന്ന് ചോദിച്ചു. അവൾ മറുപടി പറഞ്ഞു: 'അതെ, ഇന്നിന്ന രൂപത്തിലുള്ള ഒരു വൃദ്ധൻ വന്നിരുന്നു. അദ്ദേഹം അങ്ങയെ കുറിച്ച് ചോദിച്ചപ്പോൾ അതിന് മറുപടി പറഞ്ഞു. ശേഷം തങ്ങളുടെ ജീവിതത്തെ കുറിച്ച് ചോദിച്ചപ്പോൾ വളരെ പ്രയാസത്തിലും ഞെരുക്കത്തിലുമാണെന്ന് മറുപടി പറഞ്ഞു.' അദ്ദേഹം ചോദിച്ചു: 'അദ്ദേഹം എന്തെങ്കിലും കൽപിച്ചിട്ടുണ്ടോ?' അവൾ പറഞ്ഞു: 'അതെ, നിങ്ങൾക്ക് സലാം പറഞ്ഞിട്ടുണ്ട്.അങ്ങയുടെ ഉമ്മറപ്പടി മാറ്റാനും പറഞ്ഞിരിക്കുന്നു.' ഇസ്മാഈൽ (അ) പറഞ്ഞു: 'അതെന്റെ പിതാവാണ്. നീയുമായി വിട്ടുപിരിയാനാണ് അദ്ദേഹം കൽപിച്ചത്.' അങ്ങനെ അവളെ വിവാഹ മോചനം ചെയ്തത് അവളുടെ കുടുംബത്തിലേക്ക് പോകാൻ നിർദേശിച്ചുകൊണ്ട് അവരിൽ നിന്നു തന്നെ മറ്റൊരുത്തിയെ വിവാഹം ചെയ്തു.

കുറെ കാലങ്ങൾ കഴിഞ്ഞ് ഇബ്റാഹീം(അ) വീണ്ടും അവരെ സന്ദർശിക്കാൻ വന്നു. അപ്പോഴും അദ്ദേഹം ഇസ്മാഈലിനെ കണ്ടില്ല. അദ്ദേഹത്തിന്റെ ഭാര്യയോട് അന്വേഷിച്ചപ്പോൾ ഞങ്ങൾക്ക് ആഹാരം തേടി പുറത്ത് പോയതാണെന്ന് അവൾ മറുപടി പറഞ്ഞു. 'നിങ്ങളുടെ അവസ്ഥയെന്താണ്?' അവരുടെ ജീവിതത്തെയും സ്ഥിതിഗതികളേയും കുറിച്ച് ഇബ്റാഹീം(അ) അന്വേഷിച്ചു. അവർ അല്ലാഹുവിനെ സ്തുതിക്കുകയും സൗഖ്യത്തിലും ക്ഷേമത്തിലുമാണെന്ന് പറയുകയും ചെയ്തു.'നിങ്ങളുടെ ഭക്ഷണമെന്താണ്?' മാംസമെന്ന് അവൾ മറുപടി പറഞ്ഞു. 'നിങ്ങളുടെ പാനീയമോ?' വെള്ളമെന്ന് അവർ മറുപടി പറഞ്ഞു. അദ്ദേഹം പ്രാർഥിച്ചു: 'അല്ലാഹുവേ, ഇവർക്ക് മാംസത്തിലും വെള്ളത്തിലും അനുഗ്രഹം ചൊരിയേണമേ.'

(നബി(സ) പറഞ്ഞു: അന്നവർക്ക് ധാന്യാഹാരം ഉണ്ടായിരുന്നില്ല. അത് ഉണ്ടായിരുന്നെങ്കിൽ അതിലും അനുഗ്രഹത്തിന് വേണ്ടി അദ്ദേഹം പ്രാർഥിക്കുമായിരുനു. നബി(സ) തുടർന്നു: 'മക്കയിലല്ലാതെ മറ്റൊരിടത്തും മാംസവും വെള്ളവും മാത്രം ആശ്രയിച്ച് ഒരാൾക്കും (ആരോഗ്യത്തോടെ)ജീവിക്കാൻ സാധ്യമല്ല).

ഇബ്റാഹീം(അ) പറഞ്ഞു: 'നിന്റെ ഭർത്താവ് വന്നാൽ അദ്ദേഹത്തിന് സലാം പറയുക.' അങ്ങനെ ഇസ്മാഈൽ(അ) തിരിച്ചെത്തിയപ്പോൾ ഇവിടെ ആരെങ്കിലും വന്നിരുന്നോ എന്ന് ആരാഞ്ഞു. 'അതിസുന്ദര സ്വരൂപനായ ഒരു വൃദ്ധൻ ഇവിടെ വന്നിരുന്നു' എന്ന് പറഞ്ഞ് അവരദ്ദേഹത്തെ പ്രശംസിച്ചു. 'അദ്ദേഹം അങ്ങയെ കുറിച്ച് അന്വേഷിച്ചപ്പോൾ ഞാൻ വിവരങ്ങളെല്ലാം പറഞ്ഞു. നമ്മുടെ ജീവിതത്തെ കുറിച്ച് ചോദിച്ചപ്പോൾ സുഖമാണെന്ന് മറുപടി പറഞ്ഞു.' അദ്ദേഹം എന്തെങ്കിലും ഉപദേശിച്ചിരുന്നോയെന്ന് ഇസ്മാഈൽ(അ) ചോദിച്ചു. അവർ മറുപടി പറഞ്ഞു: 'അതെ, നിങ്ങൾക്ക് സലാം പറയാനും വാതിലിന്റെ ഉമ്മറപ്പടി സ്ഥിരപ്പെടുത്താനും ആവശ്യപ്പെട്ടിട്ടുണ്ട്.' ഇസ്മാഈൽ(അ) പറഞ്ഞു: 'അതെന്റെ പിതാവാണ്. ഉമ്മറപ്പടി നീയാണ്.നിന്നെ സ്ഥിരപ്പെടുത്തണമെന്നാണ് അദ്ദേഹം എന്നോട് കൽപ്പിച്ചിട്ടുള്ളത്.' കാലം കുറെ കഴിഞ്ഞ ശേഷം ഒരിക്കൽകൂടി ഇബ്റാഹീം(അ) ആഗതനായപ്പോൾ ഇസ്മാഈൽ(അ) സംസമിന്ന് സമീപത്തുള്ള ഒരു വൃക്ഷത്തിന്റെ ചുവട്ടിലിരുന്ന് അമ്പ് ശരിപ്പെടുത്തുകയായിരുന്നു. പിതാവിനെ കണ്ടമാത്രയിൽ അദ്ദേഹം എഴുന്നേറ്റ് നിന്ന് പിതാവ് മകനുമായും മകൻ പിതാവുമായും കാണിക്കാറുള്ള ഉപചാര പ്രവർത്തനങ്ങൾ (ആലിംഗനവും കെട്ടിപ്പുണരലും)ചെയ്തു. ശേഷം അദ്ദേഹം പറഞ്ഞു:

'ഇസ്മാഈൽ, അല്ലാഹു എന്നോട് ഒരു കാര്യം കൽപിച്ചിരിക്കുന്നു.' മകൻ പറഞ്ഞു: 'നാഥൻ കൽപിച്ചത് പ്രാവർത്തികമാക്കുക.' പിതാവ് ചോദിച്ചു: 'നീ എന്നെ സഹായിക്കുമോ?' 'ഞാൻ നിങ്ങളെ സഹായിക്കാം' മകൻ പ്രത്യുത്തരം നൽകി. പിതാവ് പറഞ്ഞു: 'ഇവിടെ ഒരു ഭവനം നിർമിക്കാൻ അല്ലാഹു എന്നോട് കൽപിച്ചിരിക്കുന്നു.' പശ്ചാത്തലത്തിൽ ഉയർന്ന് നിൽക്കുന്ന കുന്നിലേക്ക് അദ്ദേഹം കൈചൂണ്ടി.

അവിടെയാണ് കഅ്ബയുടെ അടിത്തറ കെട്ടിയുയർത്തിയത്. ഇസ്മാഈൽ(അ) കല്ല് കൊണ്ട് വരുകയും ഇബ്റാഹീം(അ) പടുത്തുയർത്തുകയും ചെയ്തുകൊണ്ടിരുന്നു. അങ്ങനെ കൈ എത്താത്തവിധം കെട്ടിടം ഉയർന്നപ്പോൾ ഇസ്മാഈൽ (അ) ഒരു കല്ല് (മകാമു ഇബ്റാഹീം) കൊണ്ട് വന്ന് കൊടുക്കുകയും ഇബ്റാഹീം(അ) അതിൻമേൽ കയറി നിന്ന് പണി പൂർത്തിയാക്കുകയും ചെയ്തു. ഇസ്മാഈൽ(അ) കല്ലെടുത്ത് കൊടുക്കുകയും ഇബ്റാഹീം(അ) പടുക്കുകയും ചെയ്യുമ്പോൾ അവർ ഇപ്രകാരം പ്രാർഥിച്ചുകൊണ്ടിരുന്നു: 'ഞങ്ങളുടെ നാഥാ, ഞങ്ങളിൽ നിന്ന് സ്വീകരിച്ചാലും. നിശ്ചയം നീ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാണല്ലോ" (ബുഖാരി).

ചരിത്രത്തിൽ നിന്ന് പാഠമുൾക്കൊണ്ട് പരീക്ഷണങ്ങളിൽ പതറാതെ മുന്നേറാൻ അല്ലാഹു നമ്മെയെല്ലാം അനുഗ്രഹിക്കുമാറാകട്ടെ.

ഇബ്നു ഹൈദർ
mail@nerpatham.com

നമുക്ക് ചുറ്റും

# ഏകദൈവ വിശ്വാസം പരമത നിന്ദയോ?

ഉദ്ബുദ്ധരെന്ന് പുളകംകൊണ്ടിരുന്ന മലയാളിയുടെ തിരുമുഖത്തേറ്റ കനത്ത താഡനമാണ് മതപ്രബോധനത്തിന്റെ പേരിൽ മർദിക്കുകയും ജാമ്യമില്ലാ കേസ് ഫയൽ ചെയ്യുകയും ചെയ്ത എറണാകുളത്തെ ലഘുലേഖാ വിതരണ സംഭവം. യോഗിയുടെ യു.പിയിലോ പരേക്കറുടെ ഗോവയിലോ ആണ് നാമെന്ന് അറിയാതെ തോന്നിപ്പോകുന്ന തരത്തിലേക്ക് മതേതര കേരളം മാറിപ്പോയതിലുള്ള അമർഷം പങ്കുവെക്കുന്നതോടൊപ്പം, കേസെടുക്കാൻ കാരണമായി പറയുന്ന മത വിദ്വേഷ പരാമർശങ്ങളെ കുറിച്ചുള്ള വിവരണങ്ങളാണ് ഏറെ അത്ഭുതം ജനിപ്പിക്കുന്നത്! ഏകദൈവ വിശ്വാസമാണ് ശരിയെന്നും ബഹുദൈവത്വവാദം തെറ്റാണെന്നും സമർഥിച്ചു കൊണ്ടുള്ള ക്വുർആൻ വചനങ്ങളും അതിന്റെ വിശദീകരണങ്ങളുമാണത്രെ ഇതര മത വിഭാഗങ്ങളെ അപകീർത്തിപ്പെടുപ്പെടുത്താനായി ഉപയോഗിച്ചത് എന്നാണ് കുറ്റപത്രം തയ്യാറാക്കിയ പോലീസുദ്യോഗസ്ഥൻ കണ്ടെത്തിയത്. അന്യഗ്രഹ സഞ്ചാരത്തിനിടെ കാൽതെറ്റി വടക്കേങ്ങര പോലീസ് സ്റ്റേഷനിലേക്ക് വീണ് പോയവരാണ് നിയമപാലകർ എന്ന് തോന്നിപ്പിക്കുന്ന തരത്തിലാണ് 153A ചാർത്താനുള്ള കാരണങ്ങളെ അവർ നിർധരിച്ചെടുത്തത് കണ്ടാൽ തോന്നുക.

ഏകദൈവ വിശ്വാസം മറ്റു മതങ്ങൾക്ക് ഉൾക്കൊള്ളാൻ കഴിയാത്തതിന്റെ പേരിൽ പ്രബോധനം ചെയ്യരുതെന്ന് വന്നാൽ ബഹുദൈവത്വം പ്രചരിപ്പിക്കുന്നത് ഏകദൈവവിശ്വാസികളെ അപകീർത്തിപ്പെടുത്തുന്നതായും വ്യാഖ്യാനിച്ച് കൂടേ? അങ്ങനെയെങ്കിൽ ബഹുദൈവത്വം മുഖ്യ പ്രചരണോപാധിയായി സ്വീകരിച്ച കേരളത്തിലെ പരശ്ശതം വേദ ധർമ പാഠശാലകളും ക്ഷേത്ര വിദ്യാലയങ്ങളും അടച്ചു പൂട്ടുമോ? അവരുടെ പ്രബോധന പ്രസിദ്ധീകരണങ്ങൾക്ക് പൂട്ടു വീഴുമോ? അല്ല, ബഹുദൈവത്വവാദ വിമർശനം മാത്രമാണ് മതസ്പർധക്ക് കാരണമെങ്കിൽ പോലും ശുദ്ധ ഏകദൈവത്വം പ്രചരിപ്പിക്കുന്ന ഹൈന്ദവ പ്രമാണ വചനങ്ങളായ അഥർവ്വവേദം 13:5:14-2, കൃഷ്ണയജുർവേദം 13:5-20,21, ഋഗ്വേദം: 10:121:1, മുണ്ഡകോപനിഷത്ത് 2:2:11, കഠോപനിഷത്ത് 1:2:22,23... എന്നിവയിലടക്കം നൂറ് കണക്കിന് തിരുത്തലുകൾ വേണ്ടി വരില്ലേ? ബഹുദൈവാരാധനയും വിഗ്രഹാരാധനയും പ്രമാണവിരുദ്ധമാണെന്ന് പഠിപ്പിച്ച സൂർദാസിന്റെയും കബീർദാസിന്റെയും സ്വാമി ദയാനന്ദ സരസ്വതിയുടെയുമെല്ലാം കൃതികൾ നിരോധിക്കേണ്ടതായി വരില്ലേ? മാത്രമല്ല യേശുവിനെ ദൈവപുത്രനെന്ന് വിളിക്കുന്ന ക്രൈസ്തവരും വ്യഭിചാരപുത്രനെന്ന് വിളിക്കുന്ന യഹൂദരും ഇതിനെ രണ്ടിനെയും എതിർക്കുന്ന മുസ്‌ലികളും തെരുവിൽത്തല്ലി തീരുമാനം കണ്ടെത്തേണ്ടി വരില്ലേ? ഇതിനെല്ലാം പുറമെ, ദൈവം തന്നെയില്ല എന്നും ദൈവവിശ്വാസം പ്രചരിപ്പിക്കുന്നത് ശുദ്ധ ഭോഷ്കാണെന്നും വാദിക്കുന്ന യുക്തിവാദികളുടെ കഥയെന്താവും?

ഒരു കാര്യം വ്യക്തമാണ്. കാക്കിക്കുപ്പായവും കാവിക്കളസവും ധരിച്ച ചിലരെങ്കിലും ഇപ്പോഴും ഡിപ്പാർട്ട്മെന്റിന് പാറാവ് നിൽക്കുന്നുണ്ട്. അവർ ആരെന്നും എന്തെന്നും നന്നായറിയണമെങ്കിൽ സമാനമായ ചില സംഭവങ്ങൾ കൂടി പുറത്ത് വരേണ്ടി വരും. അവരെ നിയന്ത്രിക്കാൻ ഭരണകൂടം തയ്യാറാണോ എന്നതാണ് പ്രസക്തമായ ചോദ്യം.

അകാരണമായി പ്രബോധകരെ മർദിച്ചതുമായി ബന്ധപ്പെട്ട പശ്ചാത്തലത്തിൽ പുറത്ത് വന്ന ആശാവഹമായ സംഗതി അതൊന്നുമല്ല. മതേതരബോധമുള്ള മുഴുവൻ മലയാളികളും കക്ഷി -സംഘടന ഭേദമന്യെ ഇതിനെതിരെ ഒറ്റക്കെട്ടായി മുന്നോട്ടു വന്നു എന്നതാണത്. പരിവാറുകാർക്ക് വളംവെച്ച് കൊടുക്കുന്ന വികാരപ്രകടനങ്ങൾക്ക് കേരളത്തിൽ അരങ്ങൊരുങ്ങിക്കൂടാ. നിയതമായ മാർഗത്തിലൂടെ, ജനാധിപത്യത്തെ മാനിച്ച് പക്വമായി പ്രതികരിച്ചും ഫാസിസത്തിന്റെ ഭീകരത ബോധ്യപ്പെടുത്തിയും മതേതരബോധമുള്ള ഓരോരുത്തരും തങ്ങളുടെ ഭാഗധേയം നിറവേറ്റുക. ഫാസിസ്റ്റ് വിരുദ്ധ കാമ്പയിനിന്റെ ഉമ്മറപ്പടിയിൽ വെച്ച് തന്നെ അവരുടെ അജണ്ട തിരിച്ചറിഞ്ഞ സ്ഥിതിക്ക് കരുതലോടെ കാലെടുത്തുവെക്കുക. സർവോപരി, എല്ലാം നിയന്ത്രിക്കുന്നവന് വേണ്ടി, അവന്റെ കാവലിലും മാർഗദർശനത്തിലുമാണല്ലോ ഈ പ്രയാണം.

# WISDOM BOOKS

PUBLISHING ■ DISTRIBUTION

E.K.P. Building, Calicut

web:www.wisdomislam.org

E-mail: publication@wisdomilsam.org

9497714525,9846048393,9895185814


## പുതിയ പുസ്തകങ്ങൾ

**1 വിശ്വാസിയുടെ നമസ്കാരം**
ഫദ്‌ലുൽ ഹഖ് ഉമരി
പേജ് :126 | വില : 90

**2 ഇസ്‌ലാം നിർഭയത്വത്തിന്റെ മതം**
പി. എൻ. അബ്ദുറഹ്മാൻ
പേജ് :58 | വില : 40

**3 നമസ്കാരത്തിലെ പ്രാർഥനകളും പ്രകീർത്തനങ്ങളും അർഥസഹിതം**
ഡോ. ജലാലുൽ ഹഖ് സലഫി
പേജ് :54 | വില : 40

**4 റമദാൻ: നാം അറിയേണ്ടതും ചെയ്യേണ്ടതും**
അബ്ബാസ് ചെറുതുരുത്തി
പേജ് :48 | വില : 40

**5 ക്വുർആൻ പഠന ക്വിസ്**
ഡോ. പി. കെ. അബ്ദുറസാഖ് സുല്ലമി
പേജ് : 90 | വില : 70

**6 ലാ ഇലാഹ ഇല്ലല്ലാഹ്**
ഫദ്‌ലുൽ ഹഖ് ഉമരി
പേജ് :104 | വില : 90

**7 ഇസ്‌ലാം അടിസ്ഥാന തത്ത്വങ്ങൾ**
ഇമാം അഹ്മദ് (വിവ: മൂസ സ്വലാഹി കാര)
പേജ് :100 | വില : 90

**പ്രീ പബ്ലിക്കേഷൻ ആനുകൂല്യം**

**460 രൂപ വില വരുന്ന 7 പുസ്തകങ്ങൾ 350 രൂപക്ക്**

**സ്പെഷ്യൽ ഡിസ്കൗണ്ട്**

**2460 രൂപയുടെ പുസ്തകങ്ങൾ 2000 രൂപക്ക്**

RNI NO: KERMAL 2015/64152
Posting at RMS Calicut

Nerpatham Weekly
Published on 26 August 2017

Reg NO: KL/CT/225/2016-18
Price: ₹10/-

WISDOM
GLOBAL ISLAMIC MISSION

ഈ ഈദിനു നമ്മുടെ സമ്മാനമായി
പാവപ്പെട്ട കുട്ടികൾക്ക് പുത്തനുടുപ്പ്

MSM



ഈദ് കിസ്‌വ

■ഗൃഹസന്ദർശനങ്ങൾ ■MSM ഡ്രസ്സ് ബേങ്ക്
■ഈദ് കിസ്‌വ ബോക്സ് ■ടെക്സ്റ്റൈൽ വിസിറ്റ്

പെരുന്നാളിന്റെ പുതുമ
ഒരുപോലെ ആഘോഷിക്കാൻ
പിഞ്ചുമക്കളുടെ പാൽ പുഞ്ചിരിക്ക്
ഒരു സ്നേഹ നിധി...
പാവപ്പെട്ടവർക്ക് വേണ്ടിയുള്ള കരുതൽ
നമ്മുടെ പക്കൽ നിന്നും...
തലമുറകൾ കൈമാറട്ടെ ഈ സ്നേഹകൂട്ട്

ഒരു കുട്ടിക്ക്
1000
രൂപ

CONTACT +91 99477 86738
+91 90379 99911

Relief
.......without boundaries

MSM Eid Kiswa PROJECT
A PROJECT TO SHARE THE JOY OF EID

MSM Kerala
www.msmkerala.co.in

EKP complex, Kallai road, Kozhikode 2,9961858561,9947786738